പന്തളം ബ്ലോക്ക് പഞ്ചായത്ത്
പൗരാവകാശ രേഖ

കേന്ദ്ര / സംസ്ഥാന ആവിഷ്കൃത പദ്ധതികൾ

1. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള, പ്രായപൂർത്തിയായ അംഗങ്ങളുള്ള, ഏതൊരു ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിയും സാമൂഹ്യ സമത്വവും ഉറപ്പാക്കുക, പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുക, സ്ത്രീ-പുരുഷ അസമത്വം കുറയ്ക്കുക, തുല്യ ജോലിക്ക് തുല്യ വേതനം, നഗരങ്ങളിലേക്കുള്ള കുടിയേറ്റം തടയുക, മണ്ണ്-ജലം, ജൈവസമ്പത്ത്, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി കാർഷിക മേഖല ശക്തിപ്പെടുത്തുക. ദരിദ്ര ജനവിഭാഗങ്ങളുടെ ആവാസ കേന്ദ്രങ്ങളുടെ പാരിസ്ഥിതിക ശോഷണം തടയുക, തൊഴിലെടുക്കുന്നവരിൽ സംഘബോധവും സാമൂഹിക ബോധവും വളർത്തി കൂട്ടായ്മ ഉറപ്പുവരുത്തുക, ഇടത്തട്ടുകാരുടെയും കറാറുകാരുടെയും ചൂഷണത്തിൽ നിന്ന് തൊഴിലെടുക്കുന്നവരെ സംരക്ഷിക്കുക തുടങ്ങിയവയും തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. സ്ഥായിയായ ദാരിദ്ര ലഘൂകരണത്തിനുള്ള ഈ സാധ്യതകളാണ് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മുൻകാല തൊഴിദാന പദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

സവിശേഷതകൾ

- സ്ഥായിയായതും ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടികൾ.
- മിനിമം കൂലി ഉറപ്പുനൽകുന്നു.
- വേതനം ബാങ്ക് അക്കൗണ്ട് മുഖേന മാത്രം
- പ്രവർത്തിയുടെ ആകെ ചെലവിൽ വേതനഘടകം 60%ൽ കുറയാൻ പാടില്ല
- സാധന സാമഗ്രികളും വിദഗ്ദ്ധ-അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലിയും അടക്കം 40 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. കരാറുകാർ പാടില്ല. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിലുള്ള നിയന്ത്രണം.
- പദ്ധതി ആസൂത്രണത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് മുഖ്യപങ്ക്
- നിർവ്വഹണം പൂർണ്ണമായും ഗ്രാമപഞ്ചായത്തുകൾ മുഖേന
- യഥാസമയം കൂലി ലഭ്യമാക്കുന്നതിനായി ഇ.എഫ്.എം.എസ് സംവിധാനം
- സോഷ്യൽ ഓഡിറ്റ്
- പദ്ധതി നിർവ്വഹണവും ഗുണനിലവാരവും പരിശോധിക്കുന്നതിന് സംസ്ഥാനതല ക്വാളിറ്റി മോണിട്ടർമാർ

വ്യവസ്ഥകളും അവകാശങ്ങളും

- അവിദഗ്ദ്ധ കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയുള്ളവരും പഞ്ചായത്തിൽ സ്ഥിര താമസക്കാരുമായിരിക്കണം.

- 18 വയസ്സ് പൂർത്തിയായിരിക്കണം (ഉയർന്ന പ്രായപരിധിയോ, എ.പി.എൽ/ബി.പി.എൽ വിവേചനമോ ഇല്ല)
- ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷന് അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും.
- കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം
- ജോലിക്ക് മുൻകൂറായും അപേക്ഷിക്കാം
- അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മ വേതനം.
- തൊഴിൽ നൽകികൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം. മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി
- കാലതാമസം ഉണ്ടാകുന്ന ഓരോ ദിവസത്തിനും നല്കാത്ത വേതനത്തിന്റെ .05% നിരക്കിൽ നഷ്ട പരിഹാരം
- വനാവകാശ നിയമപ്രകാരം ഭൂമി ലഭിച്ചവർക്ക് 150 ദിവസത്തെ തൊഴിൽ
- ആകെ തൊഴിലിന്റെ 1/2 സ്ത്രീകൾക്ക്
- കുടുംബത്തിന് പരമാവധി 100 ദിവസം തൊഴിൽ
- 5 കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധിക കൂലി
- കുടിക്കാനുള്ള വെള്ളം, വിശ്രമസൗകര്യം, പ്രഥമ ശുശ്രൂഷാ സൗകര്യം എന്നിവ പണിയിടങ്ങളിൽ ഉണ്ടായിരിക്കണം.
- പരിക്ക് പറ്റിയാൽ സൗജന്യ ചികിത്സ
- അപകട മരണം /സ്ഥിര അംഗവൈകല്യത്തിന് നഷ്ടപരിഹാരം
- തൊഴിലാളികളുടെ 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് പരിപാലന സൗകര്യം (കുറഞ്ഞത് 5 പേർ)
- കുട്ടിക്ക് തൊഴിൽ സ്ഥലത്തുവച്ച് അപകടം പറ്റിയാൽ സൗജന്യ ചികിത്സ
- അപകടമരണത്തിന് എക്സ് ഗ്രേഷ്യാ

ഏറ്റെടുക്കേണ്ട പ്രവർത്തികളുടെ മുൻഗണനാക്രമം

- **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവർത്തികൾ** :

1. ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ
2. നീർത്തടപരിപാലന പ്രവർത്തികൾ.
3. സൂക്ഷ്മ ചെറുകിട ജലസേചന പ്രവർത്തികൾ.
4. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
5. മരം വച്ച് പിടിപ്പിക്കലും വനവത്ക്കരണവും.
6. പൊതുഭൂമിയിലെ വികസന പ്രവൃത്തികൾ.

- **സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ.**

1. ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ.
2. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഹോംഫോറസ്ട്രി എന്നിവയുടെ ആജീവനം മെച്ചപ്പെടുത്തൽ

3. തരിശ് ഭൂമി/പാഴ്ഭൂമി വികസിപ്പിച്ച് കൃഷ്യ്ക്ക് അനുയോജ്യമാക്കൽ.
4. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം.
5 മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ.
6. മത്സ്യബന്ധന പ്രവർക്കനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന പ്രവൃത്തികൾ.

◆ **സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാ സൗകര്യങ്ങൾ.**

1. കാർഷികോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ.
2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്കു ഷെഡ്ഡുകളുടെ നിർമ്മാണം.

◆ **ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.**

1. ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.
2 ഗ്രാമീണ റോഡുകളുടെ നിർമ്മാണം.
3 കളിസ്ഥലങ്ങളുടെ നിർമ്മാണം.
4. പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ.
5. അങ്കണവാടി കേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം.
6. ഭക്ഷ്യധാന്യ സംഭരണികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം.
7. എം ജി എൻ ആർ ജി എസ് പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം.
8. എം ജി എൻ ആർ ജി എസ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റ പണികൾ.
9. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 9 ലെ വ്യവസ്ഥകൾക്കനുസരിച്ചുള്ള പ്രദേശത്തിന്റെ സാധ്യത, പ്രദേശത്തിന്റെ സാധ്യത, പ്രദേശത്തിന്റെ ആവശ്യകത, പ്രാദേശിക വിഭവങ്ങളുടെ ലഭ്യത എന്നിവയ്ക്കനുസൃതമായി ഗ്രാമസഭാ യോഗങ്ങൾ തീരുമാനിക്കുന്ന മുൻഗണനാ ക്രമമനുസരിച്ചു മായിരിക്കണം ഗ്രാമപഞ്ചായത്തുകളുടെ പ്രവൃത്തി നിശ്ചയിക്കേണ്ടത്. പ്രകടമല്ലാത്തതും അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

2. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ

ഇന്ദിരാ ആവാസ് യോജന

ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. ഗുണഭോക്താക്കൾ വീടുവയ്ക്കുന്നതിനാവശ്യമായ ഭൂമി സ്വന്തമായുള്ളവരായിരിക്കണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലൂടെയാണ്. ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ കുടുംബത്തിലെ ഭർത്താവിന്റെയും ഭാര്യയുടെയും കൂട്ടായ പേരിലോ ഗൃഹനാഥന്റെ പേരിൽ മാത്രമായോ വീട് അനുവദിക്കാറുണ്ട്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചാണ് വീടിന്റെ രൂപകൽപ്പന, തരഭേദം എന്നിവ നിശ്ചയിക്കുന്നത്. ഇന്ദിരാ ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70,000/- രൂപയാണ്. ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൻ വകയിരുത്തുന്നു. എന്നാൽ കേരളത്തിൽ ഐ ഐ വൈ ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി വകുപ്പും, 50,000/- രൂപ വീതം പട്ടികവർഗ്ഗ് വകുപ്പും, ബാക്കിയുള്ള തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിലും വകയിരുത്തുന്നുണ്ട്. നിർമ്മിക്കുന്ന വീടുകളുടെ പരമാവധി വിസ്തീർണ്ണം 66 ച.മി ആയി നിജപ്പെടുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം മുതൽ ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് സംസ്ഥാനത്ത് നിന്നും നൽകി വരുന്നു. 2016-17 വർഷം മുതൽ ഐ.എ.വൈ പദ്ധതി പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പേരിലാണ് നടപ്പിലാക്കി വരുന്നത്.

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

2022 വർഷത്തോടെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ 2016 ഏപ്രിൽ മുതൽ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന പദ്ധതി നടപ്പിലാക്കുന്നു. 1,20,000/- രൂപ 60:40 അനുപാദത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. സംസ്ഥാന സർക്കാർ പി എം എ വൈ (ജി) ഭവന പദ്ധതിയിലെ പൊതു വിഭാഗത്തിന് രണ്ടു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് മൂന്നുലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് മൂന്നര ലക്ഷം രൂപയുമായി വർദ്ധിപ്പിച്ച് നൽകുന്നു. (കേരളത്തിൽ ഇപ്പോൾ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പൊതുവിഭാഗം, പട്ടികജാതി വിഭാഗം എന്നിവർക്ക് 4,00,000/- രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടിക വർഗ്ഗ കുടുംബങ്ങൽക്ക് 6,00,000/- രൂപയും നൽകുന്നു. 1,20,000/- കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകലും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നൽകുന്നു. (ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി ബാക്കി തുക നൽകുന്നു.)

ഓരോ വീടിനുമുള്ള ധനസഹായത്തിനു പുറമെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഗുണഭോക്താവിന് ആവശ്യമുണ്ടെങ്കിൽ 70,000/- രൂപ വരെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും

വായ്പയെടുക്കുന്നതിനും സഹായം നൽകുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ പ്രകാരം ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, കുടിവെള്ളം, വൈദ്യുതി, ഇന്ധനം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ സംയോജന സാധ്യതകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. മൂന്നു ഗഡുക്കളായി 1,20,000/- രൂ പി.എഫ്.എം എസ് മുഖേന ഗുണ ബോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. പി.എം.എ.വൈ (ജി) ഭവന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലെ അർഹരായവരെയാണ്. പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ കുറഞ്ഞ തറ വിസ്തീർണ്ണം 25 മീറ്റർ സ്ക്വയറാണ്. (ഇപ്പോൾ ലൈഫ് മിഷന്റെ ഭാഗമായി 400 ചതുരശ്ര അടി)

പ്രധാനമന്ത്രി ആവാസ് യോജന (നഗരം)

2022 വർഷത്തോടെ ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാഘോഷ വേളയിൽ നഗരപ്രദേശത്തെ എല്ലാവർക്കും ഭവനം ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം). സംസ്ഥാനത്തെ 96 നഗരസഭകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള ഭവനരഹിതരായ കുടുംബങ്ങൾക്ക് വീടു നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ) നൽകുന്ന ഗുണഭോക്തൃ കേന്ദ്രീകൃത ഭവനനിർമ്മാണം എന്ന ഘടകത്തിൽ ഉൾപ്പെടുത്തിയാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതികളുടെ കേന്ദ്ര വിഹിതമായി 288.34 കോടി രൂപയും സംസ്ഥാന വിഹിതമായി 101.46 കോടി രൂപയും വിവിധ നഗരസഭകൾക്ക് കുടുംബശ്രീ മുഖാന്തിരം വിതരണം ചെയ്തു വരുന്നു. 6930 വീടുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2019 മാർച്ച് മാസത്തോടെ അംഗീകാരം ലഭിത്ത എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചു കൊണ്ട് മുഴുവൻ ഭവനരഹിതർക്കും പാർപ്പിടങ്ങൾ ലഭ്യമാക്കുവാനും ലക്ഷ്യമിടുന്നു.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

ഗ്രാമപ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി പുനഃസംഘടിപ്പിച്ചു കൊണ്ട് 2014 ഒക്ടോബർ 2 മുതൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന് പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു. സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയിൽ താഴെപറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിരിക്കുന്നു.

1.ഐ.ഇ.സി, 2. ശേഷി വികസനം, 3. ഗാർഹിക കക്കൂസ്, 4. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്, 5. ഖരദ്രവ മാലിന്യ സംസ്കരണം (ആസ്തി സൃഷ്ടിക്കൽ), 6. ഭരണ ചെലവ്

പദ്ധതിയുടെ 60% തുക കേന്ദ്രസർക്കാരും 40% തുക സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഗാർഹിക ശൗചാലയങ്ങളുടെ നിർമ്മാണത്തിന് കേന്ദ്രസഹായമായി 7200 രൂപയും സംസ്ഥാനസർക്കാരിന്റെ വിഹിതമായി 4800 രൂപയും പഞ്ചായത്ത് വിഹിതമായി 3400 രൂപയും ചേർത്ത് ആകെ 15400 രൂപയാണ് ഗുണഭോക്താവിന് ലഭ്യമാകുന്നത്. കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകളുടെ നിർമ്മിതിയ്ക്ക് 2 ലക്ഷം രൂപയും (60% കേന്ദ്രം, 30% സംസ്ഥാനം, 10% ഗുണഭോക്താവും) ഖര ദ്രവ മാലിന്യ പരിപാലന പദ്ധതികൾക്ക് പരമാവധി ഒരു ഗ്രാമ പഞ്ചായത്തിന് 20 ലക്ഷം രൂപയും

(60% കേന്ദ്രം, 40% സംസ്ഥാനം) ഐ.ഇ.സി, പ്രാരംഭ ചെലവ്, ശേഷി വികസം എന്നിവയ്ക്കായി പ്രോജക്ടിന്റെ 5% തുകയും ഭരണ ചെലവിന് 2% തുകയും (കേന്ദ്രം 60% സംസ്ഥാനം 40%) ലഭിക്കുന്നു.

ശുചിത്വ കേരളം (സംസ്ഥാന പ്ലാൻ)

ഖരമാലിന്യ സംസ്ക്കരണ മേഖലയിൽ ഉറവിട മാലിന്യ സംസ്ക്കരണത്തിന് സംസ്ഥാന സർക്കാർ മുൻതൂക്കം നൽകിവരുന്നുണ്ട്. ജൈവ മാലിന്യ സംസ്ക്കരണത്തിന് അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മേഖലയിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് സർക്കാർ ഭാഗീക ധനസഹായം നൽകിവരുന്നു. ജൂൺ-ജൂലൈ മാസങ്ങളിൽ നിയന്ത്രിക്കുന്നതിനുള്ള പ്രീ-മൺസൂൺ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സംസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ജനങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണത്തിന് അനുയോജ്യമായ ശീലങ്ങൾ സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രാവ-അച്ചടി മാധ്യമങ്ങൾ മുഖേന ബോധവത്ക്കരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2019-20 സാമ്പത്തിക വർഷം ശുചിത്വ കേരളം (അർബൻ) 2500 ലക്ഷവും ശുചിത്വകേരളം (റൂറൽ) 4000 ലക്ഷം രൂപയും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രീൻ പ്രോട്ടോക്കോൾ

മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ഉപയോഗിക്കുന്നതിന് പ്രചാരംകൊടുക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിലൂടെ വളമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. ഇത് ജീവിതത്തിന്റെ നാനാ തുറകളിലുമെത്തിക്കുന്നതിനുള്ള തീവ്രശ്രമമാണ് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നടത്തുന്നത്. മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പകുതിയോളം കുറയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതും കത്തിക്കുന്നത് മൂലമുള്ള ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനു ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വൻ ജനപങ്കാളിത്തമുണ്ടാകുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് വൻതോതിലുള്ള മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ്. 2015 ദേശീയ ഗെയിംസിൽ തുടക്കമിട്ട ഗ്രീൻ പ്രോട്ടോക്കോൾ നിലവിൽ സർക്കാരിന്റെ എല്ലാ പ്രാധാന ചടങ്ങുകളിലും നിരവധി സ്വകാര്യം ചടങ്ങുകളിലും ഉത്സവങ്ങളിലും കലാകായിക മേളകളിലും കല്യാണങ്ങളിലും സർക്കാർ ഓഫീസുകളിലും പാലിച്ചുവരുന്നു.

ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ

നിത്യജീവിതത്തിൽ നിന്ന് എല്ലാത്തരം (പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെ) ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക. ഡിസ്പോസിബിൾ വസ്ക്കുക്കൾക്ക് പകരം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക. (സ്റ്റീൽ, ചില്ല് തുടങ്ങിയവ) നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും മേൽ വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്യുക. ജൈവ-അജൈവ

മാലിന്യങ്ങൾ പ്രത്യേകം തരം തിരിക്കുക. ജൈവമാലിന്യം കമ്പോസ്റ്റിംഗിലൂടെ വളമാക്കുകയോ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക. അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയക്കി ഉണക്കി സൂക്ഷിക്കേണ്ടതും അത് നിശ്ചിത അളവാകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ പാഴ്വസ്തു വ്യാപാരികൾക്കോ പുനഃചക്രമണത്തിനായി കൈമാറുകയും ചെയ്യുക. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതും, തുണിയിലോ, ചണത്തിലോ പേപ്പറിലോ നിർമ്മിച്ച പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ സാധനം വാങ്ങാൻ പോകുമ്പോൾ അവശ്യാനുസരണം കൈയ്യിൽ കരുതുകയും ചെയ്യുക. സാധനങ്ങൾ പരമാവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കുക. ആഹാര വസ്തുക്കൾ പാഴ്സലായി വാങ്ങുന്നതിന് കടകളിൽ പോകുമ്പോൾ പ്രകൃതി സൗഹൃദ പാത്രങ്ങൽ ആവശ്യാനുസരണം കൈയ്യിൽ കരുതുക. അപകടകരമായ മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ഒഴിവാക്കേണ്ടതും ആയത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിക്കേണ്ടതും പുനഃചംക്രമണത്തിനായി അത് ശേഖരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനത്തിനോ നൽകേണ്ടതുമാണ്. ഫ്ളക്സുകൾക്ക് പകരം തുണിയിൽ നിർമ്മിച്ച ബാനറുകൾ ഉപയോഗിക്കുക. ഇ-മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതും അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് യഥാസമയം കൈമാറേണ്ടതുമാണ്.

സ്വാപ് ഷോപ്പുകൾ

പശ്ചാത്യ രാജ്യങ്ങളിൽ പ്രചാരമുള്ളതും എന്നാൽ നമ്മുടെ നാട്ടിൽ പരീക്ഷിച്ചിട്ടില്ലാത്തതുമായ ആശയമാണ് സ്വാപ് ഷോപ്പുകൾ. ഈ ആശയം ശുചിത്വമിഷൻ ഏറ്റെടുത്ത് നടപിലാക്കിയതിലൂടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കാനും അതുവഴി വിലപ്പെച്ച പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുവാനും സഹായകരമായി. ഒരു വ്യക്തി ഉപയോഗിച്ച വസ്തു തന്റെ ആവശ്യത്തിനുശേഷം വലിച്ചെറിയുന്നതിനു പകരം മറ്റൊരാളുടെ ആവശ്യത്തിനായി കൈമാറ്റം ചെയ്യപ്പെടാനുള്ള ഒരവസരമാണ് സ്വാപ്പ് ഷോപ്പുകളിലൂടെ സംജാതമാകുന്നത്. ഉദാ: കുട, ബാഗ്, തുണിത്തരങ്ങൾ, ഇലക്ട്രോണിക് സാധനങ്ങൾ മുതലായവ. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതു ജനങ്ങളുടെ പരിപൂർണ്ണ സഹകരണത്തിലൂടെ സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിച്ചു വരുന്നു.

സമ്പൂർണ്ണ പാർപ്പിട പദ്ധതി– ലൈഫ്

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗമാക്കുകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാനും ഉതകുന്ന സുരക്ഷിതുവം മാന്യവുമായ വീടുകൾ നൽകുക എന്ന ഉദ്ദേശത്തോടെയാണ്. ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധിതി നടപിലാക്കി വരുന്നുത്.

പദ്ധതി ലക്ഷ്യങ്ങൾ

- ഭവനരഹിതരിൽ സ്വന്തമായി ഭൂമിയുള്ള അർഹരായ എല്ലാവർക്കും വീടുവയ്ക്കുവാനുള്ള ധനസഹായം ലഭ്യമാക്കുക.

- ഏതെങ്കിലും സർക്കാർ ഭവന ധനസഹായ പദ്ധതിയിലൂടെ ഗുണഭോക്താക്കളായി 2016 മാർച്ച് 31 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതര വകുപ്പുകളായോ കരാറിൽ ഏർപ്പെട്ട്, ആനുകൂല്യം കൈപ്പറ്റി ഭവന നിർമ്മാണം ആരെഭിച്ചെങ്കിലും വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം.
- അർഹരായ എല്ലാ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുകയും ഉപജീവന/സാമൂഹ്യ സുരക്ഷാ സഹായം ലഭ്യമാക്കുകയും ചെയ്യുക.
- വാസയോഗ്യമല്ലാത്ത വീടുകളുടെ പുനഃരുദ്ധാരണം നടത്തുകയും അറ്റകുറ്റ പണി നടത്തി വാസയോഗ്യമാക്കാൻ കഴിയാത്തവർക്ക് പുതിയയ വീട് ലഭ്യമാക്കുകയും ചെയ്യുക.

ഘട്ടങ്ങൾ

- **ഘട്ടം –1 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം**

2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന് സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്ന ഭവനങ്ങൽ യാഥാർത്ഥ്യം ആക്കുകയെന്നതാണ് ഒന്നാംഘട്ടമായി ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. പൂർത്തീകരിക്കാത്ത ഭവനങ്ങലുടെ പൂർത്തീകരണത്തിന് ലക്ഷ്യമാക്കിയ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ എണ്ണം 54,036 ആയിരുന്നു. ഇതിൽ 2018 നവംബർ 20 വരെ 48,197 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. (89.19%).

- **ഘട്ടം 2– വ്യക്തിഗത ഭവന നിർമ്മാണം**

2018-19 വർഷത്തിൽ ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനധനസഹായം നൽകുന്ന പ്രവർത്തനത്തിൽ ആകെ 1,84,255 ഗുണഭോക്താക്കളാണ് ഉൾപ്പെടുന്നക്. രണ്ടാം ഘട്ട പദ്ധതി ഗുണഭോക്താക്കളിൽ 1,73,036 പേർ ഗ്രാമപ്രദേശങ്ങളിലുള്ളവരും 11,219 പേർ നഗരപ്രദേശങ്ങളിലുള്ളവരുമാണ്. ഇവരുടെ പട്ടിക ശരിയായ സുരാക്ഷാ സംവിധാനങ്ങളോടെ സൂക്ഷിക്കുന്നതിനും അവർക്കുള്ള ഫണ്ട് വേഗത്തിൽ ലഭ്യമാക്കുന്നതിനും ഡിജിറ്റൽ സംവിധാനം ഒരുക്കിയിട്ടുണ്ട്.

- **ഘട്ടം 3– വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ**

ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ പുനരധിവാസ പ്രവർത്തനമാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. 3,37,416 ഗുണഭോക്താക്കളാണ് ഇതിനായി ഗ്രാമസഭകൾ അംഗീകരിച്ച പട്ടികയിലുള്ളത്. ഈ പട്ടികയുടെയും വിശദ പരിശോധനയും ഏറ്റവും അർഹരായവർക്ക് ആദ്യം വീടു ലഭിക്കത്തക്കവിധം മുൻഗണനാക്രമം നിശ്ചയിക്കലും നടത്തേണ്ടതുണ്ട്. 2018-19 ൽ തന്നെ ഓരോജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഓരോ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും അതിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ സാമൂഹിക ശാക്തീകരണ പ്രവർത്തനത്തിനുള്ള മാതൃക വികസിപ്പിക്കുകയും ചെയ്യും.

പദ്ധതി നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഉപഅദ്ധ്യക്ഷനുമായ സംസ്ഥാനതല പാർപ്പിട മിഷൻ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ ജില്ലാതല

മിഷൻ എന്നീ സംഘടനാ സംവിദാ സംവിധാനങ്ങളും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം സെക്രട്ട റിയേറ്റ് അനക്സ് ഒന്നിലാണ് ലൈഫ് മിഷന്റെ ആസ്ഥാനം.

ഹരിതകേരളം മിഷൻ

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുക. സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരി തകേരളം മിഷന്റെ മുഖ്യ ലക്ഷ്യങ്ങൾ. കാലാവസ്ഥ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളി കൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മിഷൻ ലക്ഷ്യമിടു ന്നു. ശുചിത്വ - മാലിന്യ സംസ്ക്കരണം, മണ്ണ് - ജലം സംരക്ഷണം, ജൈവ കൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം എന്നീ മൂന്ന് ഉപമിഷനുകൾ വഴിയാണ് പ്രധാനമായി ഹരി തകേരളം മിഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നത്. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണം സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ താഴെത്തട്ടുകളിൽ നടപ്പാ ക്കുക. പൗരസമിതികൾ, ബഹുജന സംഘടനകൾ, സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ - ആരോ ഗ്യ - സംരക്ഷണം, ജൈവകൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷിവികസനം എന്നീ മൂന്ന് ഉപമിഷനുകൾ വഴിയാണ് പ്രാധാന്മായും ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ സംഘടി പിച്ചുവരുന്നത്. ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ താഴോത്തട്ടുകളിൽ നടപ്പാക്കുക. പൗരസമിതികൾ, ബഹുജന സംഘടന കൾ , സർക്കാരിതര സംഘടനകൾ, വിദ്യാഭ്യാസ - ആരോഗ്യ സംരക്ഷണ - ക്ഷേമപ്രവർത്തനരംഗങ്ങ ളിലെ ജനകീയ കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സാങ്കേതിക സഹായം, സന്നദ്ധസേവനം, സാമ്പത്തിക സഹായം തുടങ്ങി ബഹുവിധ സഹായസഹ കരണങ്ങൾ സമാഹരിച്ചുകൊണ്ടാണ് താഴെപ്പറയുന്ന മൂന്ന് തലങ്ങളിലെ പ്രവർത്തനങ്ങൾ അർത്ഥ പൂർണ്ണമായി സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.

മിഷനുകളുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങളുടെ ആസൂത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുകയും അതിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപന പ്രദേശത്തിന് വേണ്ടി ഒറ്റ പദ്ധതി തയ്യാറാക്കുകയും തുടർന്ന പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിർവ്വഹണം നടത്തുകയും ചെയ്യുന്നു.

വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര/സംസ്ഥാന പദ്ധതികളും വിഭവങ്ങളും കഴിയുന്നിടത്തോളം ഈ പദ്ധതിയുമായി സംയോജിപ്പിക്കുക. പൊതുസമൂഹത്തിന്റെ നേതൃത്വത്തിലും സഹായത്തിലും രൂപപ്പെടുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഈ പൊതുപദ്ധ തിയുമായി സംയോജിപ്പിക്കുക.

ഇത്തരത്തിൽ പൊതു പദ്ധതി രൂപപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസ കളുടെയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏകോപിപ്പി ക്കുന്നതാണ്. മാത്രമല്ല, ഇവയ്ക്കുവേണ്ടി സാങ്കേതിക വിദ്യയും സാങ്കേതിക സഹായവും മിഷനുക ളുടെ സഹായസംവിധാനങ്ങളിലൂടെ ആവശ്യാനുസരണം ലഭ്യമാക്കുന്നതുമാണ്. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ട് നിശ്ചിത ലക്ഷ്യങ്ങൽ കൈവരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

പൊതുവായ ലക്ഷ്യങ്ങൾ

- ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപിക്കുന്നതിനും ജലസാന്നിദ്ധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവർത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളെയും തദ്ദേശ ഭരണ സ്ഥാപനങ്ങളെയും സമൂഹാത്തെയും പ്രാപ്തരാക്കുക.
- പാരിസ്ഥിതിക സുരക്ഷയും ഉത്പാദന ക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടു കൊണ്ടുള്ള സംയോജിത പദ്ധതി രൂപീകരിക്കുന്നതിന് പ്രേരക ശക്തിയായി പ്രവർത്തിക്കുക.
- ശുചിത്വ - മാലിന്യ സംസ്ക്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക. ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യസംസ്ക്കരണം ഉറപ്പാക്കുക. മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭ ജലസംപോഷണം ഉറപ്പാക്കുക,
- ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ്യ മരങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചു പിടിപ്പിക്കുക.
- ജലവും മണ്ണും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൽ സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും സുസ്ഥിരമായി പരിപാലിക്കുകയും ചെയ്യുക.
- വ്യാപകമായി ഉപകാരപ്രദമായ മരങ്ങൾ വച്ച് പിടിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ ഹരതാവരണം സൃഷ്ടിക്കുക.
- താഴെത്തട്ടിൽ സേവനങ്ങൾ നൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട ഏകോപനവും ലഭ്യമായ വിഭവങ്ങളുടെ ശാസ്ത്രീയ വിനിയോഗവും പരിപാലനവും ഉറപ്പാക്കുക.
- സ്ഥാപനതല - വ്യക്തിഗത സാമൂഹ്യ പ്രതിബദ്ധത വിഭവങ്ങളുടെയും ജനകീയ സ്രോതസ്സുകളുടെ സംയോജനം സാധ്യമാക്കുക.

പ്രവർത്തന സമീപനം

- നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം,എന്നിവകളിൽ ജനകീയ കൂട്ടായ്മകൾ സംഘടിപിച്ച് പ്രവർത്തിപ്പിക്കുക.
- ശുചിത്വ മാലിന്യ സംസ്ക്കരണം, കൃഷി ജലവിഭവം എന്നീ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഫലപ്രദമായി സമന്വയിപ്പിക്കുകയും പ്രവർത്തനങ്ങൽ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യുക എന്ന സമീപനമായിരിക്കും ഹരിതകേരളം മിഷൻ സ്വീകരിക്കുക.
- ശുചിത്വ - മാലിന്യ സംസ്ക്കരണം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങൾ നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ പഠിച്ച് അനുയോജ്യ സാങ്കേതിക വിദ്യയുൾപ്പെടെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി അവ പരിഹരിക്കുക.
- പ്രാഥമിക ഉത്പാദനം, ജലവിഭവം, ശുചിത്വ - മാലിന്യ സംസ്ക്കരണം എന്നീ മേഖലകളിൽ

തയ്യാറാക്കുന്ന വിശദമായ പദ്ധതിരേഖകളുടെ സംയോജിതവും ഏകോപിതവുമായ നിർവ്വഹണം തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ സാധ്യമാക്കുക. ജലസ്രോതസ്സുകൾക്ക് ചുറ്റും കാർഷിക പ്രവർത്തനങ്ങളും തണ്ണീർത്തട വികസന പരിപാടികളും മറ്റ് ജലവിനിയോഗ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

- കേരളത്തിൽ ലഭ്യമായിട്ടുള്ള സാങ്കേതിക വൈദഗ്ദ്ധ്യവും പ്രാദേശിക അറിവുകളും വികസന പ്രവർത്തനങ്ങളിൽ അനുയോജ്യമായി പരമാവധി ഉപയോഗപ്പെടുത്തുക.

മഹിളാ കിസാൻ സ്ത്രീ ശാക്തീകരൺ പരിയോജന

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി ഭാരതസർക്കാർ നടപ്പിലാക്കുന്ന സ്ത്രീ ശാസ്തീകരണ നെൽകൃഷി വികസന പരിപാടിയാണ് മഹിളാ കിസാൻ സശാക്തികരൺ പരിയോജന.കേരളത്തിൽ മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ 2011-ൽ ആരംഭിച്ചു. യന്ത്രവൽകൃത നെൽകൃഷി സമ്പ്രദായങ്ങൾ സ്ത്രീകളെ പരിശീലിപ്പിച്ച് അവരെ ഉൾപ്പെടുത്തി ലേബർ ബാങ്കുകൾ രൂപീകരിക്കുകയും കർഷകരെ പുനരുദ്ധരിക്കുകയാണ് ലക്ഷ്യം. ഒപ്പം സ്ത്രീകളുടെ വരുമാനവും സാമ്പദ്യവും വർദ്ധിപ്പിക്കുക, പാഴ്നിലങ്ങളെ കൃഷിയോഗ്യമാക്കുക. നെല്ലുല്പാദനം വർദ്ധിപ്പിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ വിഷയങ്ങളും ലക്ഷ്യമിടുന്നു. തൃശ്ശൂർ ഒല്ലുക്കരയിലെ ഇ.റ്റി.സി ക്വാർട്ടേഴ്സിലാണ് ഇതിന്റെ ഓഫീസ് പ്രവർത്തിക്കേണ്ടത്.

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്ല്യ യോജന

ദരിദ്ര കുടുംബങ്ങളിൽ യുവതി യുവാക്കൾക്ക് വേണ്ടി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) ആജിവികയുടെ കീഴിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ദീൻ ദയാൽ ഉപാദ്ധ്യാ ഗ്രാമീണ കൗശല്ല്യ യോജന. ഗുണഭോക്താക്കൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും ഉതകുന്ന പരിശീലനം നൽകി അവർക്ക് അർഹമായ തൊഴിൽ ഈ പദ്ധതിയിലൂടെ ഉറപ്പു വരുത്തുന്നു.

ദേശീയ ഗ്രാമീണ പദ്ധതി

ജനങ്ങളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് തൊഴിൽ മേഖല വികസിപ്പിക്കുന്നതിനും ഉതകുന്ന ഒരു സമ്പാദ്യ പദ്ധതിയാണ് ദേശീയ സമ്പാദ്യ പദ്ധതി. പോസ്റ്റ് ഓഫീസ് കേന്ദ്രീകരിച്ച് പൊതു ജനങ്ങളുടെ പലവിധത്തിലുള്ള നിക്ഷേപങ്ങൾ ആകർഷകമായ പലിശനിരക്കിൽ സ്വീകരിക്കുന്ന ഈ തുക നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകുയം ചെയ്യുന്നു. നിക്ഷേപ സമാഹരണത്തിനായി കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ നിയമിക്കുന്നുണ്ട്. ബ്ലോക്ക് തലത്തിലാണ് ഈ പ്രവർത്തനങ്ങൾ ഏകോപിക്കുന്നത്. ഏജന്റുമാരെ നിയമിക്കുക. അവരുടെ പ്രവർത്തന പുരോഗതി വിലയിരുത്തുക, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്യുന്നത്. ഈ പ്രവർത്തനങ്ങളിൽ ബി സി ഒ യെ സഹായിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ ജനറൽ എക്സ്റ്റെൻഷൻ ഓഫീസറും പഞ്ചായത്ത് തലത്തിൽ വി ഇ ഒ മാരും പ്രവർത്തിച്ചുവരുന്നു.

കേരളോത്സവം

കേരളത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കേരളോത്സവം നടത്തുന്നു.

ഗ്രാമപഞ്ചായത്തുതലം തൊട്ട് സംസ്ഥാനതലം വരെ നടത്തുന്നുണ്ട്. കേരളത്തിലെ യുവതീയുവാക്കൾക്ക് തന്റെ കായികപരവും കലാപരവുമായ കഴിവു വളർത്തിയെടുക്കുവാൻ മറ്റൊരു വഴിയുമില്ലാത്തതിനാൽ അവരുടെ കഴിവുകൾ കണ്ടറിഞ്ഞു പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. സംസ്ഥാന യുവജനക്ഷേമ ബോർഡും ഇതിനുവേണ്ടി സഹായം നൽകുന്നു.

ഗ്രാമപഞ്ചായത്തിൽ മത്സരം കഴിഞ്ഞു ഒന്നാം സ്ഥാനം നേടുന്നവരെ ബ്ലോക്ക് തലത്തിലും അവിടുന്ന് ഒന്നാം സ്ഥാനം നേടുന്നവരെ ജില്ലാ തലത്തിലും പിന്നീട് സംസ്ഥാന തലത്തിലും മത്സരങ്ങൾ നടത്തുന്നു. ഇതിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നുണ്ട്. കായിവും കലാപരവുമായി കഴിവുള്ളവരെ വാർത്തെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഈ പ്രവർത്തനങ്ങളിൽ ബി.ഡി.ഒ യെ സഹായിക്കുന്നതിനായി ബ്ലോക്കുതലത്തിൽ ജനറൽ എക്സ്റ്റെൻഷൻ ഓഫീസറും പഞ്ചായത്ത് തലത്തിൽ വി.ഇ.ഒ മാരും ഉണ്ട്.

ഗ്രാമവികസന വാരം

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 7 വരെ ഒരു ആഴ്ച നീണ്ടുനിൽക്കുന്ന സേവനവാരമായി ആഘോഷിക്കുന്നു. ഇക്കാലത്തു ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നു. ഈ പ്രവർത്തനങ്ങളിൽ ബി ഡി ഒ യെ സഹായിക്കുന്നതിനായി ബ്ലോക്കുതലത്തിൽ ജനറൽ എക്സ്റ്റെൻഷൻ ഓഫീസറും പഞ്ചായത്ത് തലത്തിൽ വി.ഇ.ഒ മാരും ഉണ്ട്.

സമ്പൂർണ്ണ സാക്ഷരതാ യജ്ഞം

പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ നിരക്ഷരരായ ജനങ്ങളെ കണ്ടെത്തി അവർക്ക് അക്ഷരജ്ഞാനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഒരു പദ്ധതിയാണ് സമ്പൂർണ്ണ സാക്ഷരതാ യജ്ഞം. പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും 4, 7, 10, 12 എന്നീ ക്ലാസ്സുകളിലെ തുല്യതാ പരീക്ഷയ്ക്ക് നിരക്ഷരരെ തയ്യാറാക്കുകയും ആണ് ബ്ലോക്ക് തലത്തിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. ഇതിനായി ഹോണറേറിയം അടിസ്ഥാനത്തിൽ പ്രേരക്മാരെ നിയമിച്ചിട്ടുണ്ട്. സാക്ഷരതാ പരിപാടിയോടൊപ്പം കലാമേളം, പഠനക്ലാസ്സുകൾ, പഠനയാത്രകൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നതാണ്. ഈ പ്രവർത്തനങ്ങളിൽ ബി ഡി ഒ യെ സഹായിക്കുന്നതിനായി ബ്ലോക്കുതലത്തിൽ ജനറൽ എക്സ്റ്റെൻഷൻ ഓഫീസറും പഞ്ചായത്ത് തലത്തിൽ വി.ഇ.ഒ മാരും ഉണ്ട്.

ബ്ലോക്ക് ഡെവലപ്മെന്റ് / ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരും സേവനങ്ങളും

ക്രമ നമ്പർ	**തസ്തികയുടെ പേര്**	**തൊഴിൽപരമായ വിവരം**
1.	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	ആഫീസ് മേധാവി ബ്ലോക്കിലെ പ്രവർത്തനങ്ങൾക്ക് പൊതുവായ മേൽനോട്ടവും നേതൃത്വവും നൽകുന്നു.
2.	ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്)	തൊഴിലുറപ്പ് പദ്ധതി

3.	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	പ്ലാൻ കോ-ഓർഡിനേറ്റർ, ഐ.എസ്.ഒ, കോ-ഓർഡിനേറ്റർ, സമ്പൂർണ്ണ ശുചിത്വ യജ്ഞം, ദേശീയ സമ്പാദ്യ പദ്ധതി, കേരളോത്സവം, ഗ്രാമവികസന വാരാഘോഷം, പൗരാവകാശ രേഖ, സാക്ഷരത എന്നിവയിലും മറ്റു പൊതു വായ കാര്യങ്ങളിലും ബി.ഡി.ഒ യെ സഹായിക്കുന്നു.
4.	എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്)	ഭവനനിർമ്മാണം, ലൈഫ് ഭവന പദ്ധതി എന്നിവ നടപ്പാക്കുന്നതിൽ ബി.ഡി.ഒ യെ സഹായിക്കുന്നു.
5.	എക്സ്റ്റൻഷൻ ഓഫീസർ (വനിതാക്ഷേമം)	(എസ്.ജി.എസ് .വൈ) വിവിധ കലാ പരിശീലനങ്ങൾ
6.	എക്സ്റ്റൻഷൻ ഓഫീസർ (PAM)	ഗ്രാമവികസന പ്രവർത്തനങ്ങളുടെ ബ്ലോക്കുതല പദ്ധതി (പ്ലാനിംഗ്& മോണിട്ടറിംഗ്) തയ്യാറാക്കുന്നതിനും സമയബന്ധിത റിപ്പോർട്ടിംഗിനും ബി.ഡി.ഒ യെ സഹായിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് മിനിട്സ്, മറ്റ് മീറ്റിംഗുകളുടെ മിനിട്സ്, സ്ഥിതിവിവര കണക്കുകൾ എന്നിവ സമയബന്ധിതമായി തയ്യാറാക്കി സൂക്ഷിക്കുക.
7.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ഗ്രാമവികസന പ്രവർത്തനങ്ങൽല ഗ്രാമപഞ്ചായത്തുകളിൽ വ്യാപിപിക്കുന്നതിനും നടപ്പിലാക്കുന്നതിനും പ്രവർത്തിക്കുന്നു.
8.	ഹെഡ് ക്ലാർക്ക്	ഗ്രാമപഞ്ചായത്ത്തല നിർവ്വഹണ ഉദ്യോഗസ്ഥൻ ക്ലാർക്കുമാരുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.
9.	ഹെഡ് അക്കൗണ്ടന്റ്	പണമിടപാടുകൾ നടത്തുന്നതിന് സെക്രട്ടറിയെ സഹായിക്കുന്നു.
10.	ക്ലാർക്ക്	വിവിധ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതും ജീവനക്കാരുടെ കാര്യങ്ങളി ലേയും ഫയൽ പ്രവർത്തനങ്ങളും നടത്തുന്നു.
11.	ഡ്രൈവർ	ബ്ലോക്കിലെ വാഹനം ഓടിക്കുകയും, ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുകയുംചെയ്യുന്നു.

12.	ഓഫീസ് അറ്റന്റന്റ്	ബ്ലോക്കിലെ ദൈനംദിന ഓഫീസ് പ്രവർത്തനങ്ങളിൽ സഹായിക്കുകയും ഓഫീസ് തുറക്കുകയും പൂട്ടുകയും ചെയ്യുന്നു.
13.	പാർട്ടേ ടൈം സ്വീപ്പർ	ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017 – 22)

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം തുടർച്ചാ സാധ്യതയുള്ള പരിസ്ഥിതി സുരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെപിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് കേരളത്തെ എത്തിക്കുക എന്നതാണ്. മത നിരപേക്ഷത, സമുദായ സൗഹാർദ്ദം, സമാധാനാന്തരീക്ഷം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, മെച്ചപ്പെട്ട മനുശ്യ വിഭവശേഷി, പരിസ്ഥിതി വൈവിദ്ധ്യം എന്നിവ ഉയർത്തിക്കാണിച്ചുകൊണ്ട് നിക്ഷേപം ആകർഷിക്കുകയും അതോടൊപ്പം പൊതു നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് സ്വീകരിക്കുക.

പൊതുജനാരോഗ്യ - പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ ലോകോത്തരമാക്കികൊണ്ടും ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽ നൈപുണ്യത്തിനും ഉയർന്ന പരിഗണന നൽകികൊണ്ടും മനുഷ്യ വിഭവശേഷിയുടെ സാദ്ധ്യത വലിയ തോതിൽ ഉയർത്തുക. വളർച്ചയോടൊപ്പം പരിസ്ഥിതിരക്ഷ ഉറപ്പാക്കാൻ മണ്ണും ജലവും ഇതര പ്രകൃതി വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക ഭൂരഹിതരും ഭവനരഹിതരും അഗതികളും ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക. ജനനം മുതൽ മരണം വരെയുള്ള ജീവിത ചക്രത്തിലെ എല്ലാ ഘട്ടങ്ങളിലും സമൂഹത്തിന്റെ പിന്തുണ ആവശ്യമുള്ളവർക്ക് അത് എത്തിക്കത്തക്ക നിലയിൽ സംസ്ഥാനത്തിന്റെ സാമൂഹ്യ സുരക്ഷാ സംവിധാനത്തെ സമഗ്രമാക്കി മാറ്റുക എന്നിവയും പതിമൂന്നാം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

വിവരാവകാശ നിയമം – 2005

പൊതുഅധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതുഅധികാരകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്തം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വിവരാവകാശ നിയമം 2005 ഒക്ടോബർ 12 മുതൽ പ്രാബല്യത്തിൽ വന്നു. ഭരണഘടന പ്രകാരമോ ലോകസഭയുടെയോ നിയമസഭകളുടെയോ നിയമം വഴിയോ സർക്കാർ വിജ്ഞാപനം വഴിയോ നിലവിൽ വന്നതോ രൂപീകരിക്കപ്പെട്ടതോ ആയ എല്ലാ അധികാരികളും സ്ഥാപനങ്ങളും സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ ധനസഹായം

ലഭിക്കുന്ന സർക്കാർ ഇതര സംഘടനകളും ഈ നിയമത്തിന്റെ പരിധിയിൽ വരും സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായ ധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ പ്രമാണമോ രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം. രേഖയുടെയോ പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷ്പതമെ എടുക്കൽ, സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കംപ്യൂട്ടറിലോ മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങളിലോ ശേഖരിച്ചുവച്ചിട്ടുള്ള വിവരങ്ങൾ, പ്രിന്റ് ഔട്ടുകൾ, ഫ്ളോപ്പികൾ, ഡിസ്ക്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായ രൂപത്തിൽ പകർപ്പായി ലഭിക്കാനും ഏതൊരുപൗരനം അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

എല്ലാ സർക്കാർ ഓഫീസുകളിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അസിസ്റ്റൻര് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് വിവിരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം. രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ അപേക്ഷ നൽകാം. അപേക്ഷ എഴുതി നൽകാൻ കഴിയാത്ത വ്യക്തി പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കുന്നതിന് പബ്ലിക്ഇൻഫർമേഷൻ ഓഫീസർ സഹായിക്കണം. അപേക്ഷകൻ വിവരം തേടുന്നത് എന്തിനാണെന്ന വെളിപ്പെടുത്തേണ്ടതില്ല. ബന്ധപ്പെടുന്നതിനുള്ള വിലാസം മാത്രമേ അപേക്ഷയിൽ കാണിക്കേണ്ടതുള്ളു. വിവരങ്ങളും രേഖകളും ലഭിക്കുന്നതിനുള്ള ഫീസുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ അവ തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുന്ന പക്ഷം നിർദ്ദിഷ്ട ഫീസ് ഇടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് വിവരം നൽകണം. അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ വഴി ലഭിച്ച അപേക്ഷയാണെങ്കിൽ 35 ദിവസത്തിനകം വിവരം നൽകിയാൽ മതി. എന്നാൽ വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെ ബാധിക്കുന്ന വിവരമാണ് ആവശ്യമെങ്കിൽ അത് 48 മണിക്കൂറിനകം നൽകിയിരിക്കണം. ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണ്ണവും അവാസ്തവുമായ വിവരമാണ് കിട്ടിയതെങ്കിലോ അക്കാര്യത്തിൽ പരാതിയുള്ള വ്യക്തിക്ക് അപ്പീൽ സംവിധാനവും നിയമത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിയമം അനുശാസിക്കും വിധം വിവരം നൽകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടികളും നിയമം വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന ഇൻഫർമേഷൻ ഓഫീസറാണ് വിവിരാവകാശം നിയമം നടപ്പിലാക്കുന്നതും അവയിലെ പരാതികൾ തീർപ്പാക്കുന്നതും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമായ അധികാര സ്ഥാനം തിരുവനന്തപുരം പുന്നൻ റോഡിലാണ് കമ്മീഷന്റെ ആസ്ഥാനം.

3. ക്ഷീര വികസന ഓഫീസ് – കുളനട, പന്തളം

◆ **ഓഫീസ് പ്രവർത്തന പരിധി**

കുളനട, മെഴുവേലി, ആറന്മുള, തുമ്പമൺ, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തുകൾ

ഓഫീസ് പാറ്റേൺ

പന്തളം (തുമ്പമൺ പഞ്ചായത്ത്, പന്തളം തെക്കേക്കര, പന്തളം മുൻസിപ്പാലിറ്റി)			**കുളനട** (ആറന്മുള, കുളനട, മെഴുവേലി പഞ്ചായത്തുകൾ)		
ക്ഷീര വികസന ഓഫീസർ	-	1	ക്ഷീര വികസന ഓഫീസർ	-	1
ഡയറീം ഫാം ഇൻസ്ട്രക്ടർ	-	1	ഡയറീം ഫാം ഇൻസ്ട്രക്ടർ	-	1
കാഷ്വൽ സ്വീപ്പർ	-	1	ഓഫീസ് അറ്റൻഡന്റ്	-	1
			കാഷ്വൽ സ്വീപ്പർ	-	1

വകുപ്പ് തല പദ്ധതികൾ

1. അഞ്ച് പഞ്ചായത്തുകളിലായി 22 ക്ഷീരസംഘങ്ങളുടെ അഡ്മിനിസ്ട്രേഷൻ
2. പുൽകൃഷി വ്യാപനം- 20 സെന്റിന് മുകളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് അനുപാതികമായി സബ്സിഡി

   അസോള കൃഷി ചെയ്യാൻ ആഗ്രഹിക്കുന്ന കർഷകർക്ക് സബ്സിഡി നിരക്കിൽ വിത്തും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.

   ലഭ്യമാകുന്ന മുറയ്ക്ക് പയർ, ചോളം വിത്തുകൾ കർഷകർക്ക് സൗജന്യമായി നൽകുന്നു.

   വർഷത്തിൽ ഒരു പ്രാവശ്യം വൃക്ഷവിള തൈകൾ സൗജന്യമായി ലഭ്യമാക്കുന്നു.
3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (എം എസ് ഡി പി)

   വകുപ്പിൽ നിന്നും ലഭിക്കുന്ന ടാർജറ്റ് അനുസരിച്ച് ഒരു പശു, രണ്ട് പശു, അഞ്ച് പശു, പത്ത് പശു, അഞ്ച് കിടാരി, പത്ത് കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിന് കർഷകർക്ക് സബ്സിഡി നൽകുന്നു.

നിലവിലെ ധനസഹായം

ഒരു പശു യൂണിറ്റ്	-	36500
രണ്ട് പശു യൂണിറ്റ്	-	69000
അഞ്ച് പശു യൂണിറ്റ്	-	184000
പത്ത് പശു യൂണിറ്റ്	-	383000
അഞ്ചു കിടാരി യൂണിറ്റ്	-	98800
പത്ത് കിടാരി യൂണിറ്റ്	-	196400

(ധനസഹായതുക വാർഷിക പദ്ധതി അനുസരിച്ച് ഓരോ വർഷവും വ്യത്യസ്തമായിരിക്കും)

(എം സി ഡി പി) പദ്ധതി പ്രകാരം കർഷകർക്ക് പുതിയ തൊഴുത്ത് നിർമ്മിക്കുന്നതിന്, പുതുക്കി പണിയുന്നതിന്, തൊഴുത്തിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന്, കറവയന്ത്രം വാങ്ങുന്നതിന് തുടങ്ങിയവയ്ക്ക് ആകെ ചെലവാകുന്നതിന്റെ 50% ധനസഹായം നൽകുന്നതാണ്.

4. **ക്ഷീരസംഘങ്ങൾക്ക് ധനസഹായം**

സ്വന്തമായി വസ്തു ഉള്ള ക്ഷീരസംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിന്, പാൽ സംഭരണത്തിനാവശ്യമായ ഉപകരങ്ങൾ വാങ്ങുന്നതിന് പാൽ, ഗുണനിലവാരം പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിന്- തുടങ്ങിയ ആവശ്യങ്ങൾക്ക് 60-75% വരെ സബ്സിഡി ലഭ്യമാക്കുന്നു.

5. വിജ്ഞാന വ്യാപന ഉപദേശക പ്രവർത്തനങ്ങൾ

സമഗ്ര ഇൻഷ്വറൻസ് പദ്ധതി - ക്ഷീരകർഷകരും കുടുംബത്തിനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

കർഷക സമ്പർക്ക പരിപാടി -ശാസ്ത്രീയമായ പശുപരിപാലനം ലക്ഷ്യമാക്കിയുള്ള ബോധവത്ക്കരണം പരിപാടി

കണ്ടിജൻസി ഫണ്ട് - പെട്ടെന്നുള്ള പശുവിന്റെ മരണം, പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന അപകടങ്ങൾ എന്നിവയ്ക്ക് 15000/- രൂപ ധനസഹായം

6. അപേക്ഷിക്കുന്ന രീതി

പദ്ധതി പ്രവർത്തനങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനമാക്കിയാണ്.ഏപ്രിൽ-മെയ് മാസങ്ങളിൽ പുൽകൃഷിയ്ക്ക് അപേക്ഷ സമർപ്പിക്കണം. പ്രത്യേക അപേക്ഷ ഫോറം ഓഫീസിലും ക്ഷീരസംഘങ്ങളിലും ലഭിക്കും. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, കരംഅടച്ച രസീതിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സമർപ്പിക്കണം.

ഈ രേഖകൾ എല്ലാ പദ്ധതികളുടെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അപേക്ഷകർ വകുപ്പ് കാലാകാലങ്ങലിൽ നിശ്ചയിക്കുന്ന രജിസ്ട്രേഷൻ ഫീസ് അപേക്ഷയോടൊപ്പം അടയ്ക്കേണ്ടതാണ്.

പശുവിനെ വാങ്ങുന്ന പദ്ധതികളിൽ പശുവിനെ നിർബന്ധമായും അന്യസംസ്ഥാനങ്ങളിൽ നിന്ന വാങ്ങേണ്ടതാണ്.

7. ത്രിതല പഞ്ചായത്ത് പദ്ധതികൾ

വകുപ്പിന്റെ പ്രവർത്തനങ്ങളോടൊപ്പം ക്ഷീരവികസന ഓഫീസർ ബ്ലോക്ക് പഞ്ചായത്ത്ന്റെയും ഡയറിഫാം ഇൻസ്ട്രക്ടർ ഗ്രാമപഞ്ചായത്തുകളുടെയും ക്ഷീര മേഖലയിലെ വിവിധ പദ്ധതകൾ നിർവ്വഹണം നടത്തുന്നു.

4. പട്ടികജാതി വികസന ഓഫീസ്

പന്തളം ബ്ലോക്ക്, കുളനട

ഫോൺ : 8547630045, 04734 262546

1.	പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 2	-	സേതുലക്ഷ്മി
2.	സീനിയർ ക്ലാർക്ക് -1	-	ഷൈജു അഹമ്മദ്
3.	ഓഫീസ് അറ്റൻഡന്റ് -1	-	മഞ്ജുഷ എസ്

പട്ടികജാതി വികസന ഓഫീസ്, പന്തളം ബ്ലോക്ക്

1.	സേതുലക്ഷ്മി കെ.	പട്ടികജാതി വികസന ആഫീസർ
2.	ഷൈജു അഹമ്മദ്	സീനിയർ ക്ലർക്ക്
3.	മഞ്ജുഷ എസ്.	ഓഫീസ് അറ്റൻഡന്റ്

പ്രമോട്ടർമാർ

	തുമ്പമൺ	- പ്രതിഭ
	പന്തളം തെക്കേക്കര	- രാഖി
	കുളനട	- ശ്രുതി
	മെഴുവേലി	- NIL
	ആറന്മുള	- ആതിര
	പന്തളം നഗരസഭ	- ചിഞ്ചു, നിബിൻ

11.	ആതിരദാസ്	അപ്രന്റീസ് ക്ലാർക്ക്
12.	പ്രീജ ബി.	അക്രഡിറ്റഡ് എഞ്ചിനീയർ
13.	അഞ്ജു പി.	അക്രഡിറ്റഡ് എഞ്ചിനീയർ
14.	ആദിത്യ പി. ഉദയൻ	സോഷ്യൽ വർക്കർ

പട്ടികജാതി വികസന ഓഫീസർ നടത്തിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച്

ആമുഖം

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായിപ്പോയ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ ലളിതമായി മനസ്സിലാക്കപ്പെടേണ്ടതാണ്. ഭാരതത്തിന്റെ ഭരണഘടനാ നിർമ്മാണ വേളയിൽത്തന്നെ പാർശ്വവത്കൃത ജനതയെ എങ്ങനെ മുഖ്യധാരയിലെത്തിക്കണം എന്നത് വിശദമായി ചർച്ച ചെയ്തിരുന്നു. വിദ്യാഭ്യാസത്തിനും ജോലിക്കുമുള്ള സംവരണം എന്ന ആശയത്തോട് കടുത്ത എതിർപ്പ് പ്രകടിപ്പിച്ച ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങളോട് എച്ച്.ജെ ഖണ്ഡേക്കർ വാദിച്ചത് ഇന്നു പ്രസക്തമാണ്. അദ്ദേഹം പറഞ്ഞു ഇന്നു ഞങ്ങൾ അയോഗ്യരാണെങ്കിൽ അതിന് ഉത്തരവാദികൾ നിങ്ങളാണ്. ആയിരക്കണക്കിന് വർഷങ്ങളായി ഞങ്ങൾ അടിച്ചമർത്തപ്പെട്ടുവരുന്നു. നിങ്ങൾ ഞങ്ങളെ സേവകരാക്കി, നിങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു. ഞങ്ങളുടെ ശരീരവും മനസ്സും പ്രവർത്തിക്കാത്ത വിധം ഞങ്ങൾക്ക് മുന്നോട്ടു പോകാനാകാത്ത വിധം അടിച്ചമർത്തി.

ആയിരക്കണക്കിനു വർഷങ്ങളുടെ കഠിന ജീവതത്തിന്റെ പരിക്കുകൾ ഭേദമാകുന്നതിന് അറുപത്തിയെട്ടു വർഷങ്ങളുടെ ചികിത്സ മാത്രം മതിയാവില്ല. പാർശ്വവൽക്കൃത ജനതയുടെ പ്രശ്ന പരിഹാരത്തിന് നാം ഏറെ ദൂരം പോകേണ്ടതുണ്ട്. ഭരണ ഘടനയുടെ -ാം അനുഛേദത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നാം ആസൂത്രണം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരവധി പദ്ധതികൾ നാം ആസൂത്രണം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരവധി വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായി പട്ടിക വിഭാഗജനങ്ങളുടെ അവസ്ഥ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മുഖ്യധാര സമൂഹവുമായി തുലനം ചെയ്യുമ്പോൾ ഇനിയും നാം ലക്ഷ്യത്തിലെത്തിയിട്ടില്ലെന്നു തന്നെ പറയേണ്ടി വരും. പട്ടികജാതി വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പലപ്പോഴും ടി പദ്ധതികളെക്കുറിച്ച് താഴേത്തട്ടിൽ വേണ്ടത്ര അറിവ് ലഭ്യമല്ലെന്നതാണ് സ്ഥിതി. നിരന്തരമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ മാത്രമേ ലക്ഷ്യജനവിഭാഗങ്ങൾക്ക് ഇത്തരം അറിവ് കരുത്തുറ്റതും വേഗത്തിലും ആക്കാൻ ഉദ്ദേശിക്കുന്നു.

പട്ടികജാതി വികസന വകുപ്പ് ഒട്ടേറെ ക്ഷേമ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. വകുപ്പിന്റെ പ്രധാന ലക്ഷ്യവിഭാഗം അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക ജാതി സമുദായങ്ങളാണ്. മറ്റ് പിന്നോക്ക സമുദായങ്ങളും സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന മുന്നോക്ക സമുദായങ്ങളും പട്ടികജാതി വികസന വകുപ്പിന്റെ വിദ്യാഭ്യാസ പദ്ധതികളുടെ ഗുണഭോക്താക്കളാണെന്ന് പൊതു സമൂഹം പലപ്പോഴും മനസ്സിലാക്കാതെ പോകുന്ന ഒന്നാണ്. പട്ടിക ജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും അഞ്ച് വിഭാഗ ങ്ങളിലുൾപ്പെടുത്താം.

I. വിദ്യാഭ്യാസ പരിപാടികൾ
II. സാമ്പത്തിക വികസന പരിപാടികൾ
III. സാമൂഹ്യക്ഷേമ പരിപാടികൾ
IV. സാംസ്ക്കാരിക പരിപാടികൾ
V. നിയമാധിഷ്ഠിത സേവനങ്ങൾ

വിദ്യാഭ്യാസ പരിപാടികൾ

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാന മേഖല വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളു എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

1. നഴ്സറി സ്കൂളുകൾ

പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലുമായി സംസ്ഥാനത്തൊട്ടാകെ 88 നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തിവരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു. എൽ. കെ.ജി , യു.കെ. ജി സമ്പ്രദായം, ഓരോ കുട്ടിക്കും 30/- രൂപ പ്രതിദിന ഫീഡിംഗ് ചാർജ്, യൂണിഫോമിന് 600/- രൂപ, 190/- രൂപ ലാംപസംഗ്രാന്റ് എന്നിവ

നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതു വിഭാഗത്തിൽ നിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

2. പ്രീമെട്രിക് വിദ്യാഭ്യാസം (10 – ാം ക്ലാസ് വരെ)

സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനാദ്ധ്യാപകർ മുഖേന ലംപ്സം ഗ്രാന്റ് നൽകുന്നു.

1) ലംപ്സംഗ്രാന്റ് നിരക്ക്

നഴ്സറി സ്കൂൾ (വകുപ്പിന്റെ നഴ്സറി സ്കൂളുകൾ മാത്രം) - 190/- രൂപ

1 മുതൽ 4വരെ -320/- രൂപ

5 മുതൽ 7 വരെ -630/- രൂപ

8 മുതൽ 10 വരെ - 940/- രൂപ

ഒരു വർഷം തോറ്റവർക്ക് പകുതി തുക

2) സ്റ്റൈഫന്റ്

വേടൻ, വേട്ടുവ, നായാടി അരുന്ധതിയാർ/യതിലിയൻ, കള്ളാടി എന്നീ സമൂദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപന്റ് നൽകുന്നു.

1 മുതൽ 4 വരെ - 130/- രൂപ

5 മുതൽ 7 വരെ - 160/- രൂപ

8 മുതൽ 10 വരെ - 190/- രൂപ

3)9, 10 ക്ലാസ്സിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര സഹായ പദ്ധതി)

9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപന്റും ഗ്രാന്റും നൽകിവരുന്ന പദ്ധതി,

നിരക്കുകൾ

	ഹോസ്റ്റലേഴ്സ്	**ഡേ സ്കോളർ**
സ്കോളർഷിപ്പ് (പ്രതിമാസം)	525	225
ബുക്ക് ഗ്രാന്റ്	1000	750

4) വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്രസഹായ പദ്ധതി)

ജാതിമത പരിഗണന കൂടാതെ നൽകുന്ന ഈ ആനുകുല്യത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു. പ്രതിമാസ സ്റ്റൈപന്റ് - 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ - 110/- രൂപ അഡ്ഹോക്ക് ഗ്രാന്റ് 750/- രൂപ (ഡേ സ്കോളേഴ്സ്), ഹോസ്റ്റൽ അന്തേവാസികൾക്ക് 1000/- രൂപ

ഈ ആനുകൂല്യം ലഭിക്കുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നോ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി എന്നിവരിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ് സഹിതം സ്കൂൾ മേധാവി വഴി അപേക്ഷ നൽകണം.

5) അൺ എയ്ഡഡ് സ്കൂളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടിക ജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകുന്നു. നിരക്ക് -

എൽ.പി, യു.പി ഫീസ് - 1000/- രൂപ

സ്പെഷ്യൽ ഫീസ് - 333/- രൂപ

എച്ച് എസ് ഫീസ് - 1500/- രൂപ

സ്പെഷ്യൽ ഫീസ് - 500/- രൂപ

വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള പട്ടികജാതി/മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ/എ.ഇ.ഒ മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നൽകണം. ഒരു അദ്ധ്യയന വർഷത്തെ തുക അടുത്ത വർഷം റീ-ഇംബേഴ്സ് ചെയ്തു നൽകുന്നതാണ്.

6) ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് 5-ാം ക്ലാസ് മുതൽ സൗകര്യം. 4-ാം ക്ലാസ് പരീക്ഷയിൽ ലഭിച്ച ഗ്രേഡ് സഹിതം ജില്ലാ പഞ്ചായത്ത് സെക്രട്ടറി/മുൻസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് അപേക്ഷ നൽകുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 100000/- രൂപ.

7) ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ്സ് വരെ പ്രതിവർഷം 4,500/- രൂപ വീതം സ്കോളർഷിപ്പ്. അപേക്ഷകൾ ജൂൺ മാസത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകുക. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ഗ്രേഡ് സർട്ടിഫിക്കറ്റുകൾ നിർബന്ധം. അപേക്ഷകരുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപ, 12000/- ത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫർണീച്ചർ വാങ്ങുന്നതിന് 2000/- അധികമായി ഒറ്റത്തവണ നൽകുന്നു. വിദ്യാർത്ഥികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിനായി പ്രതിമാസം 100/- രൂപ പ്രകാരം 10 മാസത്തേക്ക് 1000/- രൂപ നൽകുന്നു.

8) മോഡൽ റസിഡൻഷ്യൽ സ്കൂൾ

8-ാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിന് കീഴിൽ 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. 4-ാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന മത്സര പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ജനുവരി, ഫെബ്രുവരി, മാസങ്ങളിൽ ഇതി സംബന്ധിച്ച അറിയിപ്പു നൽകും. ജാതി, വരുമാനം നിലവിൽ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷിക്കുക. രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി രൂപ 1,00,000/-

9) പ്രീമെട്രിക് ഹോസ്റ്റൽ

ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറിയ 87

ഹോസ്റ്റലുകൾ പട്ടിക അനുവന്ധമായി ചേർക്കുന്നു. രണ്ട് സെറ്റ് യൂണിഫോം, ഭക്ഷണം, ചെരുപ്പ്, ബാഗ്, പ്രതിമാസ പോക്കറ്റ് മണി 130 രൂപ അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിന് യാത്രാപ്പടി എന്നീ ആനുകൂല്യങ്ങൾ നൽകുന്നു. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2500/- രൂപ വീതം ചെലവാക്കുന്നു. 5-ാം/ ക്ലാസ് മുതൽ അഡ്മിഷൻ.

തെരഞ്ഞെടുക്കപ്പെടാൻ ആഗ്രഹിക്കുന്നവർ ജാതി വരുമാനം, സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക്/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിയ്ക്കോ പട്ടികജാതി വികസന ഓഫീസർക്കോ മെയ്മാസത്തിൽ അപേക്ഷ നൽകേണ്ടതാണ്.

10) സബ്സീഡൈസ്ഡ് ഹോസ്റ്റൽ

സന്നദ്ധ സംഘടനകൾ നടത്തുന്ന 6 ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് 1000/- രൂപ പ്രതിമാസ ബോർഡിംഗ് ഗ്രാന്റും 750/- രൂപ യൂണിഫോം അലവൻസും നൽകിവരുന്നു.

അയ്യൻകാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽസ്പോർട്സ് സ്കൂൾ, തിരുവനന്തപുരം

കായിക മേഖലയിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേകം പരിശീലനം നൽകുന്നതിനായി 5-ാം ക്ലാസ് മുതൽ പരിശീലനം നൽകുന്നു. മേഖലാതല സെലക്ഷൻ ട്രയൽസിലൂടെ തെരഞ്ഞെടുക്കുന്നു. ഒരേക്ലാസിൽ 30വിദ്യാർത്ഥികൾക്ക് പ്രവേശനം. 12-ാം ക്ലാസുവരെ സ്റ്റേറ്റ് സിലബസിൽ പഠനം ഓരോ കുട്ടിക്കും പ്രതിദിനം 200/- രൂപ മെസ് ചാർജ്ജ് ഇനത്തിൽ ചെലവഴിക്കുന്നു.

3 പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (10-ാം ക്ലാസിനു ശേഷം)

11. ലംപ്സംഗ്രാന്റും സ്റ്റൈപന്റും

പ്ലസ് ടു, വി.എച്ച്.എസ്.ഇ	-	1130/- രൂപ
ഡിഗ്രി, തത്തുല്യകോഴ്സുകൾ	-	1190/- രൂപ
പി.ജി തത്തുല്യ കോഴ്സുകൾ	-	1570/- രൂപ
പ്രൊഫഷണൽ കോഴ്സുകൾ	-	440 മുതല്ഡ 3130 രൂപ വരെ കോഴ്സ് അനുസരിച്ച്

സ്റ്റൈപന്റ് നിരക്കുകൾ

8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 630/- രൂപ

8 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് - 750/- രൂപ

നിലവിൽ ടി ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ എ.ടി.എമ്മുകൾ വഴി ഇ-ഗ്രാന്റ്സ് എന്ന പേരിൽ വിതരണം ചെയ്യുന്നു. അപേക്ഷകൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈൻ ആയി സ്ഥാപന മേധാവി ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് നൽകണം. ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ, എസ് എസ് എൽ സി ബുക്കിന്റെ പകർപ്പ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന് സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതമാണ് അപേക്ഷ സ്ഥാപന മേധാവി ജില്ലാ ആഫീസർക്ക് നൽകേണ്ടത്.

12. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

പോസ്റ്റ് മെട്രിക് കോഴ്സുകൾ പഠിക്കുന്നവർക്ക് 17 ഹോസ്റ്റളുകൾ വകുപ്പ് നേരിട്ട് നടത്തുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു. അന്തേവാസികൾക്ക് ഭക്ഷണത്തിനായി പ്രതിമാസം ഒരാൾക്ക് 2875/- രൂപ ചെലവഴിക്കുന്നു. കൂടാതെ ഓണം, ക്രിസ്തുമസ് അവധിക്കാലങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് യാത്രാബത്തയും നൽകുന്നു. പോക്കറ്റ് മണിയായി 190/- രൂപ നൽകുന്നു. ഹോസ്റ്റലിൽ കായിക വിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി എന്നിവ ലഭ്യമാണ്. സർക്കാർ കോളേജ്, ഹോസ്റ്റലുകൾ, അംഗീകൃത എയ്ഡഡ് കോളേജ് ഹോസ്റ്റലുകൾ, സ്വാശ്രയ കോളജുകളിലെ അംഗീകൃത ഹോസ്റ്റലുകൾഎന്നിവയിൽ അഡ്മിഷൻ നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നു.

13. അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം

ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500/- രൂപ നൽകുന്നു.

14. പ്രത്യേക പ്രോത്സാഹന സമ്മാനം

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. നിരക്ക് ചുവടെ

കോഴ്സ്	ഫസ്റ്റ് ക്ലാസ്/ഗ്രേഡ്	ഡിസ്റ്റിംഗ്ഷൻ/ഗ്രേഡ്
എസ് എസ് എൽ സി	1500/-	2500/-
പ്ലസ് ടു, റ്റി റ്റി സി, ഡിപ്ലോമ	2500/-	5000/-
ഡിഗ്രി	3500/-	7500/-
പി.ജി മറ്റ് പ്രൊഫഷണൽ കോഴ്സുകൾ	5000/-	10000/-

ജാതി സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം

15. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരുപവൻ സ്വർണ്ണ നാണയം നൽകി അനുമോദിക്കുന്നു.

16. ക്ഷേത്ര പ്രവേശന വിളമ്പര സ്മാരക സ്കോളർഷിപ്പ്

1936 ലെ ക്ഷേത്രപ്രവേശന വിളമ്പരത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർ ഗ്രാന്റും ചേർത്ത് ഡിഗ്രി/പി ജി/എൽ എൽ ബി/മെഡിക്കൽ /എൻജീനീയറിംഗ് പഠനം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. ജാതി വരുമാനം മാർക്കുലിസ്റ്റുകളുടെ പകർപ്പ് എന്നിവസഹിതം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകണം.

17. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം

എസ് എസ് എൽ സി പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങളിലും ബി പ്ലസ്സിനുമുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20000/

- രൂപ വരെ ധനസഹായം നൽകുന്നു. കോച്ചിംഗ് നടത്തുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ധനസഹായം വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഇഷ്ടമുള്ള സ്ഥാപനം തെരഞ്ഞെടുക്കാം. രക്ഷിതാക്കളുടെ വാർഷിക വരുമാ പരിധി 4, 5 ലക്ഷം രൂപ. അപേക്ഷ ജില്ലാ പട്ടിക ജാതി വികസന ഓഫീസർമാർക്ക് നൽകണം. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കുക.

18. സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന വർക്ക് ആനുകൂല്യം

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. കൂടാതെ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും നൽകുന്നു. അപേക്ഷ ഓൺലൈനായി അക്ഷയകേന്ദ്രങ്ങൾ വഴി സമർപ്പിക്കുക. ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം ഒറിജിനൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകണം. ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സായി ബാങ്ക് മുഖേന നൽകുന്നു.

19. എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്

എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു. നിരക്ക്

മെഡിക്കൽ - 10000/-, എഞ്ചിനീയറിംഗ് - 5000/-

അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം. വരുമാന പരിധി 100000/-

20. പ്രൈമറി/സെക്കന്ററി എഡ്യൂക്കേഷൻഎയിഡ്

1 മുതൽ 4 വരെ ക്ലാസുകളിൽ സർക്കാർ/എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠന പ്രോത്സാഹനത്തിനായി 2000/- രൂപയും 5 മുതൽ 8 വരെ പഠിക്കുന് വിദ്യാർത്ഥികൾക്ക് സെക്കന്ററി എഡ്യൂക്കേഷൻ എയിഡായി 2000/- രൂപയും നൽകുന്നു.

21. ലാപ്ടോപ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്കു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

22. സ്റ്റെതസ്കോപ് വിതരണം

1-ാം വർഷ എം ബി ബി എസ് , ബി എ എം എസ്, ബി എച്ച് എം എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ് നൽകി വരുന്നു.

23. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്

ഇഗ്രാന്റ്സിന് അർഹതയില്ലാത്തതും, 250000/- രൂപ വരെ വരുമാനവുമുള്ള പട്ടികജാതി

കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങലിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. ഇതിനായുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകണം.

24. ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം

സർക്കാർ,സർക്കാർ അംഗീകൃത സ്ഥാപനങ്ങലിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സഹിതം അസ്സൽ അപേക്ഷ സ്ഥാപനമേധാവി മുഖേന ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം.

25. വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം

യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

26. സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം

കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനുപുറത്ത് അംഗീകൃത സ്ഥാപനങ്ങളിലും, സെന്ട്രൽ യൂണിവേഴ്സിറ്റിയിലും മെറിറ്റ്/ റിസർവേഷൻ സീറ്റിൽ പ്രവേശനം നേടിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നു.

ജോലി സംബന്ധമായി കേരളത്തിന് പുറത്ത് താത്ക്കാലികമായി താമസം ആക്കിയിട്ടുള്ള പട്ടികജാതി വിഭാവക്കാരുടെ മക്കൾക്ക് സാധാരണ കോഴ്സുകൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ സഹിതം സ്ഥാപന മേധാവി വഴി ബന്ധപ്പെട്ട് ജില്ലകളിലെ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകണം.

27. ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം

2017 ഒക്ടോബർ മുതൽ വിദേശ പഠനത്തിന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഡയറക്ടറേറ്റ് തലത്തിൽ അനുവദിക്കുന്നതാണ്. ഇതിനായുള്ള അപേക്ഷ ആവശ്യമായ രേഖകൾസഹിതം പട്ടികജാതി വികസന ഡയറക്ടർക്ക് നൽകണം.

28. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ്ടു, ഡിഗ്രി, പി ജി കോഴ്സുകളിൽ പ്രദേശനം ലഭിക്കാത്ത പട്ടികജാതി /മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു. കൂടാതെ ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ നൽകുന്നു. അപേക്ഷ, ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചില്ല എന്ന സാക്ഷ്യപത്രം, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക.

29. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ. ടി. ഐ. കൾ)

വകുപ്പിനു കീഴിൽ വിവിധ ജില്ലകളിലുള്ള 44 ഐ റ്റി ഐ കളിലായി എൻ സി വി റ്റി നിലവാരമുള്ള ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് മെക്കാനിക്, ഡ്രാഫ്റ്റ്മാൻ സിവിൽ, മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ) , പെയിന്റർ (ജനറൽ), പ്ലംബർ, കാർപെന്റർ, സ്വീയിംഗ് ടെക്നോളജി, വെൽഡർ, സർവ്വേയർ, ഡ്രൈവർ കം മെക്കാനിക്ക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകുന്നു. 44 ഐ റ്റി ഐകളിൽ നിന്ന് 80% ത്തിൽ കുറയാതെ ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കി ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിൽ വിജയിക്കുന്നവർക്ക് പ്രൊഫഷണൽ ഉൾപ്പെടെ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ റ്റി സി)ലഭിയ്ക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾക്ക് ഫീസ് സൗജന്യം. യൂണിഫോം അലവൻസ്, ഒന്നാം വർഷം 820 രൂപ നിരക്കിലും രണ്ടാം വർഷം 630 രൂപ നിരക്കിലും ലംസംഗ്രാന്റും 630 രൂപ പ്രതിമാസ സ്റ്റൈപന്റും നൽകി വരുന്നു.

ഇതുകൂടാതെ 2017 വർഷം മുതൽ ഐ റ്റി ഐയിൽ പരിശീലനം നേടുന്നവർക് ഉച്ചഭക്ഷണം,പോഷകാഹാരമായ മുട്ട, പാൽ എന്നിവയും നൽകി വരുന്നു. ഐ റ്റി ഐ കളിൽ നിന്ന് വിജയകരമായി പഠനം പൂർത്തിയാക്കിയവർക്ക് ടൂൾകിറ്റ് വാങ്ങുന്നതിന് ധനസഹായം. 2016 വർഷം മുതൽ പരിശീലനം കഴിഞ്ഞവർക്ക് വിവിധ കമ്പിനികളിൽ പ്ലേസ്മെന്റ് ലഭിക്കുന്നതിനായി ജോബ് ഫെയർ സംഘടിപ്പിച്ചു വരുന്നു. ദക്ഷിണമേഖലയിലെ മര്യാപുരം,പന്തളം, എസ് പി കോളനി, ഓച്ചിറ, ഐക്കാട് എന്നീ ഐ റ്റി ഐ കളും ഉത്തരമേഖലയിലെ മംഗലം, എങ്കക്കാട് എന്നീ ഐ റ്റി ഐ കളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ പരാജയപ്പെടുന്നവർക്ക് ട്യൂഷൻ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. ഐ ടി ഐ കളിൽ പ്രവേശനം ലഭിക്കുവാൻ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഡ്രൈവർ കം മെക്കാനിക്ക് ട്രേഡിൽ പരിശീലനം നേടുന്നതിന് 18 വയസ്സും മറ്റ് കോഴ്സുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല. അപേക്ഷയോടൊപ്പം ജാതി, ജനനതീയതി എന്നിവ തെളിയിക്കുന്ന രേഖകളും അവസാനം പരീക്ഷയിൽ ലഭിച്ച മാർക്കുലിസ്റ്റിന്റെ കോപ്പിയും ഹാജരാക്കണം.

30. കമ്മ്യൂണിറ്റി കോളേജ് പാലക്കാട്

വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ 2012 ൽ കമ്മ്യൂണിറ്റി കോളേജിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് എന്ന ആധുനിക ഹൈടെക് കോഴ്സിൽ 20 പേർക്ക് പരിശീലനം നൽകുന്നു. എസ്. എസ്. എൽ സി /പ്ലസ്ടു എന്നിവ പാസ്സായവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത അപേക്ഷകരിൽ നിന്ന് പ്രവേശന പരീക്ഷയിലൂടെയാണ് പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കോഴ്സ് ദൈർഘ്യം രണ്ട് വർഷം (ഒരു വർഷം ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗും ഒരു വർഷം ഇൻഡസ്ട്രിയൽ ട്രെയിനിംഗും നൽകുന്നു). കോഴ്സിന്റെ ഭാഗമായി വ്യവസായ പരിശീലനത്തിനുള്ള സൗകര്യം മൾട്ടി നാഷണൽകമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ലഭിക്കുന്നു.

31. പ്രീ– എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

വിവിധ മത്സരപരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന്

സംസ്ഥാനത്ത് നാലു പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ. പ്രവർത്തിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടുകൂടിയ പരിശീലനം. കൂടാതെ മെഡിക്കൽ/ എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷാ പരിശീലനം, ജോബ് ഓറിയന്റ്സ് കോഴ്സുകൾ എന്നിവയും ഈ സെന്ററുകളിൽ നടത്തുന്നു. തിരുവനന്തപുരം, ആലുവ, കുഴൽമന്ദം, കോഴിക്കോട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ.

32. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി തിരുവനന്തപുരം

അഖിലേന്ത്യാ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള പ്രധാന മത്സര പരീക്ഷകൾ വിജയിപ്പിക്കുന്നതിന് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാരെ പ്രാപ്തരാക്കുന്നതിലേയ്ക്കായി പ്രവർത്തിക്കുന്ന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയം ഭരണ സ്ഥാപനം.

33. പാരാമെഡിക്കൽ സ്ഥാപനങ്ങൾ

തിരുവനന്തപുരം, തൃശൂർ മെഡിക്കൽകോളജുകളോട് ചേർന്ന് രണ്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾ (പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സ്റ്റഡീസ്) പട്ടികവിഭാഗം വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുണ്ട്. കുഴൽമന്ദത്ത് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനായുള്ള സ്ഥാപനം, പയ്യന്നൂരിൽ ഡി എം എൽ റ്റി കോഴ്സിനുള്ള സ്ഥാപനം എന്നിവ പ്രവർത്തിക്കുന്നു.

34. സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട്

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കിർത്താഡ്സ് ക്യാമ്പസിൽ സെന്റർ ഫോർ റിസേർച്ച് ആന്റ് എജ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നതിനും പട്ടികജാതി വിഭാഗത്തിനെ പ്രാപ്തരാക്കുന്നതിന് ഇതിലൂടെ കഴിയുന്നു.

36. മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്ക്, പാലക്കാട്

പട്ടികജാതി വിഭാഗത്തിൽ നിന്ന് സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നനതിനായി പാലക്കാട് കണ്ണാടിയിൽ ആരംഭിച്ച സ്ഥാപനം. 30 കുട്ടികൾക്ക് പ്രവേശനം.

37. ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള പദ്ധതി.

4. പഠനയാത്ര പര്യടന പരിപാടി

സംസ്ഥാനത്ത് ഹയർസെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരമാവധി ചെലവ് 4000 രൂപയായി നിജപ്പെടുത്തി, സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും തുക അനുവദിക്കുന്നു.

5. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 70 വിദ്യാർത്ഥികൾ ഉൾപ്പെടെ 100 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് 500 കിടക്കകളും വിവിധ വിഭാഗങ്ങളിൽ ആയി 21 ചികിത്സാ യൂണിറ്റുകളും ഉള്ള ഒരു മെഡിക്കൽ കോളേജ് പാലക്കാട് 2014-15 ൽ ആരംഭിച്ചു. മെഡിക്കൽ കോളേജിനനുസരിച്ച് പാരാമെഡിക്കൽ കോഴ്സുകളും, ലാബോറട്ടറികളും ആശുപത്രിയിലേക്കാവശ്യമാ സാധനങ്ങളുടെയും ചെറിയ ഉപകരണങ്ങളുടെയും, മരുന്നുകളുടെയും ഉല്പാദക യൂണിറ്റുകളും ഗവേഷണ വികസന സംരംഭങ്ങളും ആരംഭിക്കുന്നതാണ്.

6. ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനപരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കലാവിഷയ കോഴ്സുകൾപഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ/ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.

സാമ്പത്തിക വികസന പദ്ധതികൾ

1. സ്വയം തൊഴിൽ പദ്ധതി

വ്യക്തികൾക്ക് 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെയുള്ള വായ്പകൾക്കും വായ്പയുടെ 1/3 സബ്സിഡി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരംഭവും തുടങ്ങാം. പ്രായം 18-40, വിദ്യാഭ്യാസ യോഗ്യത 7-ാം ക്ലാസ്, വരുമാന പരിധി ബാധകമല്ല. അപേക്ഷ, വിദ്യാഭ്യാസ യോഗ്യത,ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പദ്ധതി റിപ്പോർട്ട്, റേഷൻകാർഡ് പകർപ്പ്, തിരിച്ചറിയൽ കാർഡ് പകർപ്പ്, എസ്.ജി. എസ് വൈ ലോൺല വാങ്ങിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകുക.

4. വക്കീലന്മാർക്ക് ധനസഹായം

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എന്റോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസാഹയം നൽകുന്നു.

ഒന്നാം വർഷം

1. എൻറോൾമെന്റ് ഫീസ് - 9600
2. വസ്ത്രം വാങ്ങുന്നതിന് - 4000
3. പുസ്തകം വാങ്ങുന്നതിന് - 12000

രണ്ടും മൂന്നും വർഷങ്ങളിൽ

1. വസ്ത്രം വാങ്ങുന്നതിന് - 4000
2. പുസ്തകം വാങ്ങുന്നതിന് - 12000
3. മുറിവാടക (പ്രതിമാസം 500/- രൂപ നിരക്കിൽ) - 6000

അഭിഭാഷകനായി എൻറോൾ ചെയ്ത 6 മാസത്തിനകം നിശ്ചിത മാതൃകയയിലുള്ള അപേക്ഷ,

ജാതി സർട്ടിഫിക്കറ്റ്, എൽ എൽ ബി യുടെ സർട്ടിഫിക്കറ്റ്, ബാർ കൗൺസിൽ എൻറോൾമെന്റ് സാക്ഷ്യപത്രം, സീനിയർ അഭിഭാഷകന്റെ സാക്ഷ്യപത്രം എന്നിവ സഹിതം ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക.

6. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്

ഐ.റ്റി.ഐ, ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ് അപേക്ഷകർ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രതിമാസ നിരക്ക്

ഐ.റ്റി.ഐ	-	2000/-
ഡിപ്ലോമ	-	2500/-
എഞ്ചിനീയറിംഗ് ഡിഗ്രി	-	3000/-

4. ടൂൾ കിറ്റ് – വകുപ്പിന്റെ ഐ റ്റി ഐ കളിൽ നിന്നും വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകുന്നു.

5. പട്ടികജാതിക്കാരുടെ വായ്പ എഴുതി തള്ളൽ പദ്ധതി

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 30.03.2016 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശിക ആയതുമായ വായ്പകളിൽ 25000/- രൂപ വരെയുള്ളത് പലിശയും പിഴപലിശയും ഉൾപ്പെടെ എഴുതി തള്ളുന്നതിന് 12.11.2009 ലെ സർക്കാർ ഉത്തരവ് (അച്ചടി)100/2009പജ.പവ.വിവ.നമ്പർ ഉത്തരവിൻ പ്രകാരം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, കേരളാ ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശിക ആയതുമായ വായ്പകളിൽ 50000/- രൂപ വരെയുള്ളത് എഴുതി തള്ളുന്നതിന് 10.12.2013 ലെ സർക്കാർ ഉത്തരവ് (അച്ചടി)99/2013പജ.പവ.വിവ.നമ്പർ ഉത്തരവിൻ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ എസ് സി/എസ്.റ്റി കോർപ്പറേഷനുകളിൽ എടുത്തിട്ടുള്ളതും **31. 03. 2006** ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശിക ആയതുമായ വാഹന വായ്പപദ്ധതി, അംബേദ്കർ ഭവന നിർമ്മാണ പദ്ധതി, പുതിയ അംബേദ്കർ ഭവനനിർമ്മാണ പദ്ധതി, ഇൻകം ജനറേഷൻ ലിങ്ക്സ് എന്നീ പദ്ധതികളിലെ മുതലും പലിശയും എഴുതി തള്ളുന്നതിന് 16.10.2014 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 74/14/പജ.പവ.വിവ.നമ്പർ ഉത്തരവിൻ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണസ്ഥാപനങ്ങൾ എന്നിവിടെങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 ൽ തിരിച്ചടവ് കാലാവധി പൂർത്തി ആയതുമായ വായ്പകളിൽ ഒരു ലക്ഷം രൂപ വരെയുള്ളത് എഴുതി തള്ളുന്നതിന് 31.03.2015 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 24/2005/പജ.പവ.വിവ.നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. വരുമാന പരിധി 1.5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി

പ്രകാരം പട്ടികജാതിക്കാർ, റവന്യുവകുപ്പ്, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടവ് കഴിഞ്ഞവർക്ക് കടാശ്വാസം അനുവദിച്ചുകൊണ്ട് 20.08.2016 ലെ സർക്കാർ ഉത്തരവ് (പി) നം 118/2016/ധന. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൻ പ്രകാരം മുതലും പിഴപലിശയും ഉൾപ്പെടെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിഎത്തുന്നതുവരെയുള്ള കുടിശിക തുക പലിശയും പിഴപലിശയും ഒഴിവാക്കി ഇരുപത്തി നാലു പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്ന വിധത്തിൽ വായ്പ പുനഃക്രമീകരിച്ചിട്ടുണ്ട്.

6. ഉല്പന്ന പ്രദർശന വിപണനമേള

അന്യം നിന്നുകൊണ്ടിരിക്കുന്നഗോത്രവർഗ്ഗ പൈതൃകവും തനത് കലകളും സംരക്ഷിക്കുന്നതിനും പരമ്പരാഗത ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും ആയി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കിർത്തോഡ്സിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി സംഘടിപ്പിക്കുന്ന ഉൽപന്ന പ്രദർശന വിപണന മേളയാണിത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായോ, വ്യക്തിഗതമായോ, കൂട്ടുസംരഭങ്ങളായോ, കുടുംബശ്രീ അയൽകൂട്ടങ്ങളായോ, സൊസൈറ്റികളായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സംഘടിപ്പിച്ചിരിക്കുന്ന വിപണന മേളയിലെ സ്റ്റാൾ സൗജന്യമായി അനുവദിക്കുന്നു. ഉല്പന്നങ്ങൾ സ്റ്റാളിലെത്തിക്കുന്നതിനുള്ള വാഹന വാടക, സ്റ്റാളിൽ നിൽക്കുന്നവർക്ക് പ്രതിദിന ബത്ത, ഭക്ഷണം എന്നിവ നൽകുന്നു.

7. അംബേദ്കർ ഗ്രാമവികസ പരിപാടി

ഓരോ നിയോജക മണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യവികസനത്തിന് ഏറ്റവും പിന്നോക്കം നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ 2 കോളനികളെ വീതം തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഓരോ കോടിരൂപയുടെ വികസ പ്രവർത്തങ്ങൾ നടത്തിവരുന്നു.

ഓരോ സങ്കേതത്തിന്റെയും വികസനാവശ്യങ്ങൾ വിലയിരുത്തിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. റോഡ് നിർമ്മാണം, വൈദ്യുതീകരണം, അഴുക്കുചാൽ നിർമ്മാണം, സോളാർ തെരുവ് വിളക്കുകൾ, ബയോഗ്യാസ് പ്ലാന്റ്, ഭവന പുനഃരുദ്ധാരണം എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പരമാവധി 1 കോടി രൂപയാണ് ഒരു സങ്കേതത്തിന് ചെലവഴിക്കുക.എം.എൽ.എ മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പദ്ധതി നിർവ്വഹണം.

സാമൂഹ്യക്ഷേമ പരിപാടികൾ

1. വിവാഹ ധനസഹായം

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75000/- രൂപ ധനസഹായമായി നൽകുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹക്ഷണകത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെസമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുക. വരുമാന പരിധി 100000/- രൂപ

2. മിശ്രവിവാഹിതർക്ക് ധനസഹായം

മിശ്രവിവാഹിതരായ ദമ്പതികൾക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടിക ഇതര സമുദായത്തിൽ പ്പെട്ടവരുമായിരിക്കണം) വിവാഹത്തെ തുടർന്നു ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കുവാനും തൊഴിൽസംരഭങ്ങൾ ആരംഭിക്കുന്നതിനുമായി 75000/- രൂപ വരെ ഗ്രാന്റായി നൽകുന്നു. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നുവർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.രണ്ടുപേരുടെയും പ്രതിവർഷ വരുമാന പരിധി 100000/-

3. ഭൂരഹിത പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 375000/-, 450000/-, 600000/- രൂപ ഗ്രാന്റായി അനുവദിക്കുന്നു. ഈ തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി ഭൂമി വാങ്ങേണ്ടതാണ്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭാ/വാർഡുസഭാ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, സ്വന്തമായി ഭൂമി ഇല്ലെന്നു തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, അവകാശമായി ലഭിക്കുന്ന ഭൂമി സംബന്ധിച്ച സാക്ഷ്യപത്രം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.പ്രതിവർഷ വരുമാന പരിധി 50000/-രൂപയും അപേക്ഷകന്റെ പ്രായപരിധി 55 വയസ്സുമാണ്.

ഗ്രാമസഭാ/വാർഡുസഭാ ലിസ്റ്റ് ലഭിക്കാത്ത സ്ഥലങ്ങളിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാവുന്നതാണ്.

4. ഭവന നിർമ്മാണ ധനസഹായം

2017-18 സാമ്പത്തിക വർഷം മുതൽ 400000/ രൂപ ഭവനനിർമ്മാണ ധനസഹായം ആയി നൽകുന്നു. 60000/-, 120000/-, 160000/, 60000/- രൂപ എന്നിങ്ങനെ 4 ഗഡുക്കളായി നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

ഗ്രാമപര്ദേശത്ത് സ്വന്തമായി രണ്ട് സെന്റും നഗരപ്രദേശക്ക് കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെച്ച ഭവന രഹിതർക്കാണ് ധനസഹായം അനുവദിക്കുന്നത്. ജാതി, വരുമാനം, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, വാസയോഗ്യമായ ഭവനമില്ലായെന്ന ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം തദ്ദേസ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന നാളിതുവാരെ ഭവനനിർമ്മാണത്തിന് ഗ്രാന്റ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകുക. വരുമാന പരിധി 50000/- രൂപ

5. ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി

ഭവനനിർമ്മാണത്തിന് സർക്കാരിൽ നിന്ന മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ (5വർഷംത്തിനും 25 വർഷത്തിനും ഇടയിൽ പഴക്കമുള്ളവ) താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണത്തിന്/പുതിയതായി ഒരു മുറികൂടി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ 100000/- രൂപ അനുവദിക്കുന്നു. വരുമാന പരിധി 50000/- രൂപ. ജാതി, വരുമാനസർട്ടിഫിക്കറ്റുകൾ, വീടിന്റെ പഴക്കം സംബന്ധിത്ത സർട്ടിഫിക്കറ്റ മറ്റ് ഏജൻസികളിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് നൽകണം.

6. ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി

50000/- രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിത ഭവന രഹിതരായ വേടൻ, നാടാടി, ചക്ലിയ/ അനുന്ധതിയാർ, കള്ളാടി എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി. കുറഞ്ഞത് 5 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിനും വീടി വയ്ക്കുന്നതിനുമായി 775000/- രൂപ ഗ്രാന്റായി നൽകുന്നു. ഭൂമി വാങ്ങുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കുന്നവരുടെ പ്രായം 55വയസിൽ കവിയരുത്. (ഭവനത്തിന് 400000/- രൂപ ഭൂമിക്ക് 375000/- രൂപ)

ജാതി, വരുമാനം, ഭൂമിയില്ലെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിൽ നിന്ന് ടി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം. എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകണം.

7. ടോയ്ലെറ്റ് നിർമ്മാണം

പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്ലെറ്റ് നിർമ്മിക്കുന്നതിന് 25000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ്. ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. തുക രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നു വരുമാന പരിധി 50000/- രൂപ

8. ആരോഗ്യ സുരക്ഷ പദ്ധതി – ചികിത്സാ സഹായം

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 100000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വിഭാഗത്തിനുള്ള ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50000/- രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ, പക്ഷാഘാതം മുതലായ ഗുരുതരമാ രോഗങ്ങൾക്ക് പരമാവധി 100000/- രൂപ വരെ ആശുപത്രി മുഖാന്തിരം നൽകുന്നു. നിശ്ചിത ഫാറത്തിനുള്ള ജാതി, വരുമാനം, റേഷൻ കാര്ഡജിന്ഡറെ പകർപ്പ ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രത്തിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ആയതിനാൽ അപേക്ഷയും, ശേഷം അക്ഷയകേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

9. ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത

പി എസ് സി, യു പിഎസ് സി വിവിധ സർക്കാർ ഏജൻസികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കാൻ പോകുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹമായ യാത്രാപ്പടി ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. അപേക്ഷ സാക്ഷ്യപത്രങ്ങൽ സഹിതം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് നൽകുക. തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നത്.

10. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

പട്ടികജാതി പട്ടികവർഗ്ഗ ജനസമൂഹം മുഖ്യധാരാ സമുദായങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളവും ഇഴയടുപ്പവുമുള്ളതാക്കി തീർക്കുന്നതിന് ഗാന്ധി ജയന്തിര ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാവർഷവും സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണായി ആചരിക്കുന്നു. ടി ആചരണകാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന

പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വപരിപാടികൾ, മെഡിക്കൽക്യാമ്പ്, വിജ്ഞാന സദസ്സുകൾ, പ്രദർശനങ്ങൾ, പൂർത്തിയായ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, പുതിയ പദ്ധതികളുടെ ആരംഭം കുറിക്കൽ എന്നിവ നടത്തുന്നു.

11. വിജ്ഞാൻവാടി

പട്ടിതജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകരമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടികജാതി സങ്കേതിങ്ങളോടനുബന്ധിച്ചാണ് വിജ്ഞാൻ വാടികൾ സ്ഥാപിക്കുക. ഇതിനുള്ള കെട്ടിടം നിർമ്മിക്കാനുള്ള ഫണ്ടു സഹിതം ഈ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ്, വകുപ്പിന്റെ ലക്ഷ്യം. ഓരോ വിജ്ഞാൻവാടിയിലും ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു സിസ്റ്റം ഓപ്പറേറ്ററേയും നിയമിക്കുന്നുണ്ട്.

12. ഹോമിയോ ഹെൽത്ത് സെന്റർ

സംസ്ഥാനത്ത് തെരഞ്ഞടുക്കപ്പെട്ട 29 പട്ടികജാതി സങ്കേതങ്ങളോടുനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടരകിലോമീറ്റർ ചുറ്റളവിൽ മറ്റ് ആരോഗ്യപരിപാല കേന്ദ്രങ്ങളില്ലാത്ത പട്ടികജാതി സങ്കേതങ്ങളാണ് ഇതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

13. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം

അദ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യം പരിശീലനവും ലഭിച്ച പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 100000/- രൂപ വരെ ധനസഹായം നൽകുന്നു. ഇന്ത്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർപത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേണ്ടതാണ്. വാർഷിക വരുമാനം 250000/- രൂപയിൽ താഴെവരുമാനമുള്ള 20 നും 50 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അപേക്ഷിക്കൂൻ അർഹത.

14. ഹാൻഡ് ഹോൾഡറിംഗ് സെൽ

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞ് പ്രശ്ന പരിഹാരം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ഹാൻഡ് ഹോൾഡിംഗ് സെൽ

കഴിഞ്ഞ പത്തുമാസത്തിനിടയിൽ തന്നെ ഈ സെല്ലിന്റെ ഏകോപനത്തിലൂടെ നിരവധി പേർക്ക് തൊഴിൽ നേടുന്നതിനും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളുടെ പ്രാധാന്യം, അടിസ്ഥാന വിദ്യാഭ്യാസം എന്നിവ നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ബോദ്ധ്യ പ്പെടുത്തി ക്കൊടുക്കുന്നതിനും, വിദേശത്തുപോലും നിരവധിപോർക്ക് തൊഴിൽ നൽകി ഗൾഫു രാജ്യങ്ങൾ പോലും തങ്ങൾക്ക് പ്രാപ്യമാണെന്ന ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ഉപകരിച്ചു. ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകൃതമായ മൊബൈൽ ആപ്പ്: വിദ്യാസമ്പന്നരായി 7 ലക്ഷത്തിലധികം പട്ടികജാതി യുവതീയുവാക്കൾ നമ്മുടെ കേരളത്തിലുണ്ട്. അവർക്ക് സ്വായത്തമാക്കാൻ കഴിയുന്ന മേഖലകൾ നിരവധിയാണ്. എന്നാൽ ഓഫീസിൽ കയറിയിറങ്ങി സംശയങ്ങൾ തീർക്കാനോ, അവസരങ്ങൾ കണ്ട ത്താനോ യഥാസമയം അവർ ക്കാകുന്നില്ല. പട്ടികജാതിയിൽപ്പെട്ട വിദ്യാസമ്പന്നരായ എല്ലാ വർക്കും അവർക്കാവശ്യമായ എല്ലാവിധ വിവരങ്ങളും വിരൽത്തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയതാണ് ഈ ആപ്പ്. ഇത് ഡൗൺ ലോഡ് ചെയ്ത് രജിസ്റ്റർ ചെയ്യുന്ന ആർക്കും തങ്ങളുടെ വിദ്യാഭ്യാസം, ഉപരിപഠനം, തൊഴിൽ സാധ്യതകൾ തുടങ്ങി യവയും ഈ വകുപ്പിലെ എല്ലാ പദ്ധതികളെ കുറിച്ചും ഉള്ള എല്ലാ സംശയങ്ങളും സന്ദേ ങ്ങളായി വമിറവീഹറശിഴ.സല്യമഹമ@ഴാമശഹ.രീാ എന്ന വിലാസത്തിൽ അയക്കാവുന്നതാണ്. ലഭ്യ മാകുന്ന സന്ദേശങ്ങൾക്ക് കൃത്യമായ മറുപടിയും മാർഗ്ഗ നിർദ്ദേശങ്ങളും ലഭ്യമാകുന്നതാണ്. വകുപ്പിലെ ഏതു പദ്ധതിയെ സംബന്ധിച്ച അപേക്ഷ ഫോറങ്ങളും ഇതിലൂടെ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതുമാണ്. (മൊബൈൽ ആപ്പ് play store ൽ handholding cell എന്ന് സെർച്ച് ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്

15. വാത്സല്യനിധി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പ ത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപാവരെ വരുമാന പരിധിയിലുള്ള മാതാ പിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷുറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടിക ജാതി വികസന വകുപ്പും LIC of India യും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/ രൂപ 4 ഇൻസ്റ്റാൾമെന്റുകളിലായി താഴെ പറയും പ്രകാരം പെൺകുട്ടിക ളുടെ പേരിൽ നിക്ഷേപിക്കുന്നു. 1.04.2017 നു ശേഷം ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധ തിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2017-18 ൽ ടി ഇനത്തിൽ 2555 കുട്ടികൾക്കായി ആദ്യ ഗഡു ആകെ 9,96,45,000/ രൂപ LIC യിൽ നിക്ഷേപിച്ചിട്ടുണ്ട്.

മാനദണ്ഡങ്ങൾ	നിക്ഷേപ തുക	
പെൺകുട്ടി ജനിച്ച് 6 മാസം പൂർത്തിയായതും 9 മാസത്തിൽ അധികരിക്കാത്തതും	ആദ്യഗഡു	30000
5 വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും	രണ്ടാം ഗഡു	33000
10 വയസ്സ് പൂർത്തിയായതും 5-ാംതരം പ്രവേശനം നേടിയവരും	മൂന്നാം ഗഡു 3	6000
15 വയസ്സ് പൂർത്തിയായതും 10-ാം തരം പാസ്സായതും		39000/-

മറ്റ് വിശദാംശങ്ങൾ

പെൺകുട്ടിക്ക് 19 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപ നൽകുന്നു (Assured Amount)

LIC നൽകുന്ന അൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

ആകസ്മിക മരണത്തിന്

വരുമാന ദായകൻ	സാധാരണ മരണം	2,00,000/-
	അപകടമരണം	4,00,000/-
	അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം	2,00,000/-
	അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം	2,00,000/-
മറ്റ് രക്ഷകർത്താവ്	സാധാരണ മരണം	30,000/-
	അപകടമരണം	30,000/-
കുട്ടി	സാധാരണ മരണം	3,00,000/- ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷുറൻസ് ആനുകൂല്യമായി LIC കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിന് ശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിന് ശേഷമാണ് ഇൻഷുറൻസ് കവറേജ്)

വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ

സ്വീകർത്താവ്	പഠിക്കുന്ന സ്റ്റാൻഡേർഡ്	തുക
പെൺകുട്ടി	9,10,11,12	120/- രൂപ ഓരോ വർഷവും
സഹോദരനോ സഹോദരിക്കോ	9,10,11,12	1200/- രൂപ ഓരോ വർഷവും

സാംസ്ക്കാരിക പരിപാടികൾ

1. നാടൻ കലാമേള (ഗദ്ദിക)

പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ തനതുകലകളെ പരിപോഷിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഉല്പന്ന പ്രദർശന വിപണന മേളയും കലാമേളയും സംഘടിപ്പിക്കുന്നു. പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കീർത്താഡ്സ് എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. ഒരു വർഷം രണ്ടു സ്ഥലങ്ങളിലായി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

2. സർഗോത്സവം

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാ പ്രതിഭകൾക്ക് 10,000/- രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

3. ഡോ. ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ്

പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും, ഫീച്ചറുകൾക്കും ഡോ. ബി.ആർ.അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു. അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, ദൃശ്യമാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, റേഡിയോ റിപ്പോർട്ടിന് 15,000/- രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്. ഡോ. ബി.ആർ.അംബേദ്കറുടെ പരിനിർവാണദിനമായ ഡിസംബർ 6നാണ് അവാർഡ് വിതരണം ചെയ്യുന്നത്.

4. സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തകരൂപത്തിൽ അച്ചടിക്കുന്നതിന് 20,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു. മൗലികമായ രചനകളുടെ 2 കയ്യെഴുത്ത് പ്രതികൾ ജാതി, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ സഹിതം അപേക്ഷ ചീഫ് പബ്ലിസിറ്റി ഓഫീസർ, അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ സമർപ്പിക്കുക.

5. പടവുകൾ

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ദ്വൈമാസിക വകുപ്പ് പുറത്തിറക്കുന്ന കോപ്പികൾ ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും ചീഫ് പബ്ലിസിറ്റി ഓഫീസിൽ നിന്നും ലഭ്യമാണ്.

പടവുകൾ മാഗസിനിൽ രചനകൾ ഫോട്ടോ സഹിതം അയക്കേണ്ട വിലാസം
എഡിറ്റർ, പടവുകൾ മാസിക, ചീഫ് പബ്ലിസിറ്റി ഓഫീസ്, കനകനഗർ, വെള്ളയമ്പലം,
കവടിയാർ പി.ഒ., തിരുവനന്തപുരം 695003

6. സാഹിത്യ ശില്പശാല

പട്ടികജാതി-പട്ടികവർഗത്തിലും ഇതര വിഭാഗത്തിലും പെട്ട സാഹിത്യകാരന്മാരുടെ സാഹിത്യ വാസന പരിപോഷിപ്പിക്കുന്നതിനുമായി വർഷംതോറും സാഹിത്യശില്പശാല സംഘടിപ്പിക്കുന്നു. ഭാഷയുടെ വികാസ പരിണാമങ്ങൾ, സാഹിത്യത്തിലെ അനുഭവം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അതുവഴി സാംസ്ക്കാരിക ശാക്തീകരണം ഉറപ്പാക്കലുമാണ് ശില്പശാലയുടെ ഉദ്ദേശം. 18

മുതൽ 35 വയസുവരെ പ്രായമുള്ള പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്കാണ് പ്രവേശനം ആകെ 50 പേർക്ക് ശില്പശാലയിൽ പങ്കെടുക്കാം. സൗജന്യ താമസം, ഭക്ഷണം, യാത്രാബത്ത എന്നിവ നൽകുന്നു.

7. അംബേദ്കർ ജയന്തി

ഭരണഘടനാ ശില്പി ഡോ. ബി.ആർ.അംബേദ്കറുടെ ജന്മദിനം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഏപ്രിൽ 14 - ാം തീയതി പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള നിയമസഭ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ പുഷ്പാർച്ചന നടത്തിവരുന്നു.

8. അയ്യങ്കാളി ജയന്തി

നവോത്ഥാന നായകനും അധഃസ്ഥിത ജനതയുടെ മുന്നണി പോരാളിയുമായിരുന്ന മഹാത്മ ശ്രീ. അയ്യൻകാളിയുടെ ജന്മദിനം പട്ടികജാതി വികസന വകുപ്പ് വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നതിന്റെ ഭാഗമായി അയ്യൻകാളി ജയന്തി ദിനമായ ആഗസ്റ്റ് 28ന് തിരുവനന്തപുരത്തെ വെള്ളയമ്പലത്തിലുള്ള അയ്യൻകാളി പ്രതിമയിൽ പുഷ്പാർച്ചനയും അനുസ്മരണ സമ്മേളനവും നടത്തിവരുന്നു.

അംബേദ്കർ ഭവൻ

ഇൻഡ്യൻ ഭരണഘടനയുടെ ശിൽപിയായ ഡോ. ബി.ആർ. അംബേദ്കറുടെ നാമധേയത്തിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർ ഭവൻ എന്ന പേരിൽ ഒരു പഠനഗവേഷണ കൺവൻഷൻ സെന്റർ സ്ഥാപിതമായി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പ്രീ- എക്സാമിനേഷൻ ട്രെയ്നിംഗ് സെന്റർ എന്നീ സ്ഥാപനങ്ങളും നിർമ്മിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ പൂർത്തിയാക്കിയ അംബേദ്കർ ഭവൻ വകുപ്പിന്റെ പദ്ധതി ആസൂത്രണത്തിന് വഴികാട്ടിയാകുന്ന നിലയിൽ പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. ICSETS, അംബേദ്കർ ഭവനോച് അനുബന്ധമായ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരിൽ നിന്നും യുവസംരംഭകരെ കണ്ടെത്തുന്നതിനായി Startup dreams പ്രോജക്ട് ഇവിടെ പ്രവർത്തനം ആരംഭിച്ചു. പട്ടികജാതി വികസന വകുപ്പിന്റെയും സി.ഡിറ്റിന്റെയും സംയുക്ത സംരംഭമായ സൈബർശ്രീയുടെ പരിശീലന പരിപാടി അംബേദ്കർ ഭവനിൽ ആരംഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയുടെ ക്ലാസ്സുകൾ ICSETS ന്റെ കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ട്.

അയ്യൻകാളി ഭവൻ

അധഃസ്ഥിത ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്ക്കർത്താവായ ശ്രീ. അയ്യൻങ്കാളിയുടെ നാമധേയത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സ്ഥാപനം. തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസ്, ദക്ഷിണമേഖല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, ചീഫ് പബ്ലിസിറ്റി ഓഫീസ്, ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ഓഫീസ് എന്നിവ ഈ സമുച്ചയത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മീഷൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജില്ലാ ഓഫീസ്, പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറേറ്റ് എന്നിവയും പ്രവർത്തിക്കുന്നതാണ് അയ്യൻങ്കാളി ഭവനിലാണ്.

നിയമധിഷ്ഠിത സേവനങ്ങൾ

1. 1995 ലെ പൗരാവാശ സംരക്ഷണ നിയമം

പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമപ്രകാരം തുക ചെലവഴിക്കുന്നു. പട്ടികജാതിക്കാരെ സംബന്ധിച്ച് മാധ്യമ റിപ്പോർട്ടുകളിൽ മികച്ചവയ്ക്ക് അവാർഡ്, മികച്ച ദളിത് സാമൂഹ്യ പ്രവർത്തകനുള്ള അവാർഡ് എന്നിവ ഈ നിയമത്തിന്റെ ഭാഗമായി നൽകുന്നു. മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതി ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.

2. 1898ലെ അതിക്രമം തടയൽ നിയമം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17ൽ പറയുന്ന " Abolition of untouchability" (തൊട്ടു കൂട്ടായ്മ നിർത്തലാക്കൽ) എന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യൻ പാർലമെന്റ് 11.09.1989ൽ പാസ്സാക്കി 10.01.1990 മുതൽ നിലവിൽവന്ന നിയമമാണ് പട്ടികജാതി/പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമം 199.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17ൽ പറയുന്ന ' Untouchability is abolished and its practice in any form of forbidden. The enforcement pf any disability arising out of "Untouchability " shall be an offence punishable in accordance with law. അതായത് തൊട്ടു കൂടായ്മ നിർത്തലാക്കുകയും അതിന്റെ ഏതു രൂപത്തിലും ഉള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു. തൊട്ടുകൂടായ്മയിൽ നിന്നും ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ച് ഏൽപിക്കുന്നത് നിയമപ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റമായിരിക്കുകയാണ്.

ഇന്ത്യയിൽ ജമ്മുകാശ്മീർ ഒഴികെയുള്ള സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും ഈ നിയമം ബാധകമാണ്. നിയമത്തിന്റെ ഭരണഘടന 11 ആർട്ടിക്കിൾ 3ൽ കുറ്റകരമായ അതിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തിമാക്കിയിട്ടുണ്ട്. ഈ നിയമത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകതകളാണ്.

1. ഇന്ത്യൻ പീനൽ കോഡ്, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്ട് എന്നിവയിൽ പറയാത്തതും എന്നാൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു.
2. അതിക്രമങ്ങൾ ഓരോന്നും തരംതിരിച്ച് വ്യക്തമായി പറഞ്ഞിരിക്കുന്നു.
3. ഓരോ അതിക്രമത്തിനും നൽകേണ്ട കർശന ശിക്ഷകൾ എന്തോക്കെയാണെന്ന് വ്യക്കമായിക്കിയിരിക്കുന്നു.
4. നിയമം പരിരക്ഷിക്കേണ്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായാൽ അവരും ശിക്ഷാർഹരായിരിക്കും.
5. വിചാരണ വേഗത്തിൽ പൂർത്തിയാക്കി കാലവിളംബം കൂടാതെ നിയമനടപടികൾ സ്വീകരിക്കുന്നതിലേക്ക് പ്രത്യേക കോടതികൾ രൂപീകരിക്കും.
6. എല്ലാ പ്രത്യേക കോടതികളിലും പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുവാൻ നിയമം അനുശാസിക്കുന്നു.

7. പ്രതികളുടെ മുൻകൂർ ജാമ്യം തടയുന്നു.

8. അതിക്രമത്തിനിരയാകുന്നവർക്ക് ആശ്വാസവും പുനരധിവാസവും ഉറപ്പാക്കുന്നു.

9. ഗുരുതരമായ അതിക്രമത്തിന് ഇരയാകുന്നവർക്കോ, അവരുടെ ആശ്രിതർക്കോ സർക്കാരിലോ, സർക്കാരിന്റെ കീഴിലുള്ള സ്ഥാപനത്തിലോ ജോലി ഉറപ്പാക്കുന്നു.

10. നിയമത്തിന്റെ പരിരക്ഷയ്ക്കും നടത്തിപ്പിനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്റ റിംഗ് സംവിധാനം.

മുഖമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 6 മാസത്തിലൊരിക്കൽ കൂടി ഈ നിയമനടത്തിപ്പിനെ വിശദമായി പരിശോധിക്കുന്നു. ഈ പരിശോധനയിൽ അതിക്രമത്തിന് ഇരയാകുന്നവർക്ക് നൽകുന്ന സഹായവും അവരുടെ പുനരധിവാസവും ചർച്ച ചെയ്യുന്നതോടൊപ്പം തന്നെ കേസ് നടത്തിപ്പിന്റെ പുരോഗതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും സ്വീകരിച്ച നടപടികളും വിശദമായി വിലയിരുത്തുന്നു. അതോടൊപ്പം തന്നെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളും അവയിൽ കൈക്കൊണ്ടിട്ടുള്ള നടപടികളും പരിശോധിച്ച് ആവശ്യമായ തുടർനടപടികൾക്കുവേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുന്നു.

ഈ കമ്മിറ്റിയിൽ പട്ടികജാതി/പട്ടികവർഗ്ഗം, ആഭ്യന്തരം, ധനകാര്യം, എന്നീ വകുപ്പു മന്ത്രിമാർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എം.പിമാർ, എം.എൽഎമാർ, സംസ്ഥാന ചീഫ് സെക്രട്ടറി, ആഭ്യന്തരവകുപ്പ് സെക്രട്ടറി, ഡി.ജി.പി, ദേശീയ പട്ടികജാതി/പട്ടികവർഗ കമ്മീഷന്റെ ഡയറക്ടറോ അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടറോ എന്നിവർ അംഗങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സെക്രട്ടറി കൺവീനറുമാണ്.

ജില്ലാ മജിസ്ട്രേട്ടുമാർ (ജില്ലാ കളക്ടർമാർ) അദ്ധ്യക്ഷനായുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി മാസത്തിൽ ഒരിക്കൽ യോഗം ചേരണം. അതാതു ജില്ലകളിലെ ഈ നിയമവുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പാണ് അവിടെ പരിശോധിക്കപ്പെടുന്നത്. ജില്ലാ മജിസ്ട്രേട്ടുമാർ രൂപീകരിക്കുന്ന ഈ കമ്മിറ്റിയിൽ അതാതു ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എം.പിമാരും എം.എൽ.എമാരും കൂടാതെ പോലീസ് സൂപ്രണ്ട്, പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളിൽ നിന്നും 8 കൂടാത്ത അംഗങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളിൽ നിന്ന് 3-8 കൂടാത്ത അംഗങ്ങൾ എന്നിവർ അംഗങ്ങളായിരിക്കും. ജില്ലാ പട്ടികജാതി വികസന ഓഫീസറായിരിക്കും ഈ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി.

ഈ നിയമത്തിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് ഓരോ സംസ്ഥാനവും വാർഷിക റിപ്പോർട്ട് ജൂലൈ ഒന്നിനു മുൻപായിതന്നെ കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിലെ ഈ Ministry of Social Justice & Empowerment ഈ റിപ്പോർട്ടുകൾ സമാഹരിച്ച് പാർലമെന്റിന്റെ ഇരു സഭകളുടെയും മേശപ്പുറത്ത് വയ്ക്കുകയും ചെയ്യുന്നുണ്ട്.

അതിക്രമത്തിന് ഇരയാകുന്നവർക്ക് അല്ലെങ്കിൽ ആശ്രിതർക്ക് ഓരോന്നിനും ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യം എത്രയാണെന്നും അത് ഏത് ഘട്ടത്തിലാണ് നൽകേണ്ടതെന്നും വ്യക്തമായി ഈ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. നേരത്തെ 90,000/- രൂപാ ലഭിച്ചുകൊണ്ടിരുന്നത് 1,00,000/- രൂപയായും 75,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 85,000/- രൂപയായും 1,80,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 2,00,000/- രൂപയായും 3,75,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 4,25,000/- രൂപയായും 7,50,000/-

രൂപ ലഭിച്ചുകൊണ്ടിരുന്നത് 8,25,000/- രൂപയായും വർദ്ധിപ്പിച്ചുകൊണ്ട് 14.04.2016 മുതൽ പ്രാബല്യത്തിൽ വരുത്തി കേന്ദ്രസർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

അന്വേഷണത്തിനോ, ഹിയറിംഗിനോ, വിചാരണയ്ക്കോ ആയി താമസ്ഥലത്തിൽ നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് യാത്ര ചെയ്യേണ്ടിവരുമ്പോൾ അതിക്രമത്തിന് ഇരയാകുന്നവർക്കും ആശ്രിതർക്കും സാക്ഷികൾക്കും അനുവദനീയമായ യാത്രാബത്ത, ദിനബത്ത എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇത് എങ്ങനെയൊക്കെയാണ് ലഭിക്കുന്നത് എന്നതിനെ സംബന്ധിച്ച് ചട്ടം 11ൽ വ്യക്തമായി പറയുന്നു.

ഈ നിയമപ്രകാരം എടുക്കുന്ന കേസുകളിൽ അന്വേഷണം നടത്തേണ്ടത് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിൽ കുറയാത്ത റാങ്കുള്ള ഒരു ഉദ്യോഗസ്ഥനായിരിക്കണം. ടി ഉദ്യോഗസ്ഥൻ ഇത്തരം കേസുകൾക്ക് മുന്തിയ പരിഗണന നൽകി 30 ദിവസങ്ങൾക്കുള്ളിൽ തന്നെ അന്വേഷനം പൂർത്തിയാക്കി റിപ്പോർട്ട് പോലീസ് സൂപ്രണ്ടിന് സമർപ്പിച്ചിരിക്കണം. സൂപ്രണ്ട് ടി റിപ്പോർട്ട് താമസംവിനാ സംസ്ഥാന പോലീസ് മേധാവിക്ക് (ഡി.ജി.പി) അയച്ചുകൊടുക്കേണ്ടതുണ്ട്.

കേരളത്തിൽ എല്ലാ ജില്ലാ സെഷൻസ് കോടതികളും ഈ കേസുകൾക്കുള്ള പ്രത്യേക കോടതികളായി പരിഗമിക്കപ്പെടുന്നതിനു പുറമെ കൽപ്പറ്റിയിലും മഞ്ചേരിയിലും കൊട്ടാരക്കരയിലും പ്രത്യേക കോടതികൾ തുടങ്ങാൻ സർക്കാർ അനുമതി നൽകുകയുണ്ടായി. ഇതുകൂടാതെ മറ്റുചില ജില്ലകളിലും പുതുതായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 3 എസ്.എം.എസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്നു. പോലീസ് ആസ്ഥാനത്ത് ഐ.ജിമാർ, എസ്.പി മാർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് ഇത്തരം കേസുകളുടെ നടത്തിപ്പിലെ പുരോഗതി ഡി.ജി.പിയും അവലോകനം നടത്തുന്നു.

ഇതിനെല്ലാം പുറമെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പു സെക്രട്ടറിയെ നോഡൽ ഓഫീസറായി നോമിനേറ്റ് ചെയ്തുകൊണ്ട് ജില്ലാ മജിസ്ട്രേട്ടമാരുടെയും പോലീസ് സൂപ്രണ്ടുമാരുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഈ നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. ഓരോ ത്രൈമാസ അവസാനത്തിലും നോഡൽ ഓഫീസർമാർ നടത്തുന്ന റിവ്യൂമീറ്റിംഗിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച റിപ്പോർട്ടുകളും ഈ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളും പ്രത്യേകമായി ആശ്രിതർക്കും നൽകിയിട്ടുള്ള ആശ്വാസ നടപടികളും അടിയന്തിരമായി നൽകേണ്ട അടിസ്ഥാന ആവശ്യങ്ങളും മറ്റും പരിശോധിക്കുന്നതോടൊപ്പം തന്നെ പട്ടികജാതി/പട്ടികവർഗ്ഗ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുടെയും പ്രൊട്ടക്ഷൻ സെല്ലിന്റേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ നിർദ്ദേശിക്കുന്നു.

നിയമം അനുസരിച്ച് കുറ്റകരമാകുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു

I. പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെകൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുന്നതിനോ കുടിപ്പിക്കുന്നതിനോ ബവപ്രയോഗം നടത്തുന്നത്.

II. പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലേയോ ഏതെങ്കിലും അംഗത്തിന് ക്ഷതിയോ അപമാനമോ അല്ലെങ്കിൽ അലട്ടലോ ഉണ്ടാകണമെന്ന ഉദ്ദേശത്തോടുകൂടി മറ്റ് ഏതെങ്കിലും വസ്തുക്കളോ പാഴ്വസ്തുക്കളോ, ജന്തുക്കളുടെ ശവശരീരങ്ങളോ അയൽപക്കത്തോ കുട്ടിയിടുക വഴി പ്രവർത്തിക്കുന്നത്.

III പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന്റെ ശരീരത്തിൽ നിന്ന് ബലാൽക്കാരമായി വസ്ത്രങ്ങൾ മാറ്റുകയോ അല്ലെങ്കിൽ മുഖത്തോ ശരീരത്തിലോ ചായംതേച്ചു നടത്തുന്നതോ, അല്ലെങ്കിൽ മനുഷ്യന്റെ അന്തസ്സിന് ന്യൂനതയുണ്ടാക്കുന്ന അതേപോലെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നത്.

IV പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന് ഉടമസ്ഥാവകാശം ഉള്ളതോ അലോട്ടുമെന്റ് ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥാനാൽ അലോട്ടു ചെയ്യുന്നതിനുവേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ളതോ ആയ ഭൂമി അന്യായമായി കൈവശപ്പെടുത്തുകയോ കൃഷി ചെയ്യുകയോ അല്ലെങ്കിൽ അയാൾക്ക് അലോട്ട് ചെയ്ത ഭൂമി കൈമാറ്റം ചെയ്ത് എടുക്കുകയോ ചെയ്യുന്നത്.

V പട്ടിജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിർബന്ധിത സേവനം ഒഴികെ ബിഗാർ അല്ലെങ്കിൽ അതേ രൂപത്തിലുള്ള മറ്റു നിർബന്ധിത തൊഴിലോ, അല്ലെങ്കിൽ അടിമപ്പണിയോ ചെയ്യാൻ നിർബന്ധിക്കുകയോ ചെയ്യുന്നത്.

VI പട്ടിജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ വോട്ട് ചെയ്യാതിരിക്കുന്നതിനോ ഒരു പ്രത്യേക സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുന്നതിനോ അല്ലെങ്കിൽ നിയമം മൂലം വ്യവസ്ഥ ചെയ്തിട്ടുള്ളതല്ലാത്ത വിധത്തിൽ വോട്ട് ചെയ്യുന്നതിനോ നിർബന്ധിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.

VII പട്ടിജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിനെതിരായി വ്യാജമായതോ, ദുരുദ്ദേശപരമായതോ, ശല്യപ്പെടുത്തുന്നതോ ആയ വ്യവഹാരമോ ക്രിമിനൽ നടപടികളോ മറ്റു നിയമനടപടികളും ആരംഭിത്തിക്കുന്നത്.

VIII ഏതെങ്കിലും വ്യാജമായതോ നിസ്സാരമായതോ ആയ വിവരം ഏതെങ്കിലും പബ്ലിക് സർവന്റിന് നൽകുകയും അതുവഴി പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന് ക്ഷതിയോ അലേട്ടോ ഉണ്ടാക്കത്തവിധം ഉപയോഗിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നത്.

IX പട്ടിജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ പൊതുജനദൃഷ്ടിയിൽപ്പെടുന്ന ഏതെങ്കിലും സ്ഥലത്ത് വച്ച് അവഹേളിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഉദ്ദേശപൂർവ്വം അപമാനിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.

X പട്ടിജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ പെടുന്ന ഏതെങ്കിലും സ്ത്രീയെ നാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി അവളുടെ നേരെ കയ്യേറ്റം നടത്തുകയോ ബലം പ്രയോഗിക്കുകയോ ചെയ്യുന്നത്.

XI പട്ടിജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ പെട്ട ഒരു സ്ത്രീയുടെ ഇച്ഛയെ സ്വാധീനപ്പെടുത്താവുന്ന ഒരു സ്ഥാനത്തായിരിക്കുകയും അങ്ങനെ അല്ലായിരുന്നെങ്കിൽ അവൾ സമ്മതിക്കില്ലായിരുന്ന ലൈംഗിക ചൂഷണത്തിന് ആ സ്ഥാനം ഉപയോഗിക്കുകയും ചെയ്യുന്നത്.

XII പട്ടിജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ അംഗങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഏതെങ്കിലും നീരുവറയിലേയോ ജനസംഭരണിയിലേയോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്രോതസ്സിലേയോ ജലം അത് സാധാരണയായി ഉപയോഗിക്കുന്ന ആവശ്യത്തിനുള്ള അനുയോജ്യത കുറയത്തക്കവിധം ദുഷിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യുന്നത്.

XIV പട്ടിജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ തന്റെ വീടോ ഗ്രാമമോ അല്ലെങ്കിൽ മറ്റു വാസസ്ഥലമോ വിട്ടുപോകുന്നതിന് നിർബന്ധിക്കുകയോ ഇടയാക്കുകയോ ചെയ്യുന്നത്. അതിക്രമങ്ങൾക്ക് വിധേയരാകുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ധനസഹായം അനുവദിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നഷ്ട്ടം തിട്ടപ്പെടുത്തികൊണ്ടുള്ള തഹസീൽദാരുടെ സർട്ടിഫിക്കറ്റും പോലീസിന്റെ ക്രൈം റിപ്പോർട്ടും ഹാജരാക്കണം.

5. എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ ഓഫീസ്

പന്തളം ബ്ലോക്ക് പഞ്ചായത്ത്

ഓഫീസ് പ്രവർത്തനപരിധി

കുളനട, പന്തളം തെക്കേക്കര, തുമ്പമൺ, ആറന്മുള, മെഴുവേലി പഞ്ചായത്തുകൾ

സ്റ്റാഫ് പാറ്റേൺ

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - ശ്രീമതി ശ്രീകല കെ.എസ്
2. അസിസ്റ്റന്റ് എഞ്ചിനീയർ - ശ്രീമതി ശ്രീജ കുഞ്ഞമ്മ സി.ഒ
3. ഒന്നാംതരം ഓവർസീയർ - ശ്രീ. അനൂപ് എം
4. രണ്ടാംതരം ഓവർസീയർ - ശ്രീ. വേണുഗോപാൽ.കെ
5. സീനിയർ ക്ലാർക്ക് - ശ്രീമതി മിനി.എസ്
6. ഓഫീസ് അറ്റൻഡന്റ് - ശ്രീമതി സമിത എസ്
7. സ്വീപ്പർ (താല്ക്കാലികം) - ശ്രീമതി ജയ സി.പി

പദ്ധതിയുടെ നിർവ്വഹണം

1. പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം.
2. പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എം.പി, എം.എൽ.എ - എസ്.ഡി.എഫ് വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, റീ-ബിൽസ്, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ, ജില്ലാ പഞ്ചായത്ത് പ്രവൃത്തികൾ എന്നിവയുടെ മേൽനോട്ടം/നിർവ്വഹണം എന്നിവ.
3. പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അഞ്ച് പഞ്ചായത്തുകൾ പന്തളം മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ്.
4. പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകൽ, ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാലുവേഷൻ

6. ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ

പന്തളം & കുളനട

കുളനട

പേര്		തസ്തിക
1.	സുമയ്യ എസ്.	സി.ഡി.പി.ഒ
2.	സ്റ്റെഫി എക്സ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ
3.	ചിത്ര എസ്.ബി	
4.	ഷെറിൻ കെ.	സീനിയർ ക്ലാർക്ക്
5.	മഞ്ചു.എസ്	ടൈപ്പിസ്റ്റ്
6.	സജുകുമാർ എൻ.	ഡ്രൈവർ
7.	പാർവ്വതി കെ.	ആഫീസ് അറ്റൻഡന്റ്
8.	ബിജു.എസ്	പാർട്ട് ടൈം സ്വീപ്പർ

പന്തളം

1.	ശ്രീമതി അജിത. ജി	ശിശുവികസന പദ്ധതി ഓഫീസർ
2.	ശ്രീമതി ശ്രീദേവി. റ്റി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
3.	ശ്രീമതി പ്രജി പ്രദീപ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
4.	ശ്രീമതി ശരണ്യ എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
5.	ശ്രീ. രതീഷ് കുമാർ എം	സീനിയർ ക്ലാർക്ക്
6.	ശ്രീമതി ആഷ എ.ജി	സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്
7.	ശ്രീമതി പ്രിയ ആർ.നായർ	ഓഫീസ് അറ്റൻഡന്റ്

അംഗണവാടികളിലൂടെ നൽകുന്ന സേവനങ്ങൾ

അനുപൂരക പോഷകാഹാര വിതരണം
അനൗപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം
ആരോഗ്യ പോഷക വിദ്യാഭ്യാസം
രോഗ പ്രതിരോധ പ്രവർത്തനങ്ങൾ
ആരോഗ്യ പരിശോധനകൾ
റഫറൽ സർവീസുകൾ

ഗുണഭോക്താക്കൾ

ആറു വയസ്സിനു താഴെയുള്ള കുട്ടികൾ
ഗർഭിണികൾ
മുലയൂട്ടുന്ന അമ്മമാർ
കൗമാരക്കാരായ പെൺ കുട്ടികൾ
18 വയസ്സുമുതൽ 45വയസ്സുവരെ പ്രായമുള്ള സ്ത്രീകൾ

പദ്ധതികൾ

പടവുകൾ - വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധനസഹായം

മംഗല്യ - വിധവ പുനർ വിവാഹ ധനസഹായം

സഹായഹസ്തം - വിധവയായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്തു വരുമാനം കണ്ടെത്തുന്നതിനു ഒറ്റത്തവണ സഹായമായി 30000/രൂപ നൽകുന്ന പദ്ധതി

വനിത ഗ്രഹനാഥരായ മക്കൾക്കുള്ള

സ്കോളർഷിപ് - വനിതകൾ ഗ്രഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി

അഭയ കിരണം - സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിനു പ്രതിമാസം 1000/രൂപ നൽകുന്ന പദ്ധതി

പ്രധാന മന്ത്രി മാതൃ

വന്ദന യോജന - BPL/8ലക്ഷത്തിനു താഴെ വരുമാനമുള്ള സ്ത്രീകൾക്ക് ആദ്യ പ്രസവത്തിൽ 5000രൂപയും രണ്ടാമത്തെ പ്രസവത്തിൽ പെൺകുട്ടിയാണെങ്കിൽ 6000/രൂപയും കൊടുക്കുന്ന പദ്ധതി

ലഭ്യമാക്കുന്ന സേവനങ്ങൾ

1. അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം
2. അനുരൂപക പോഷകാഹാരം, വളർച്ചാനിരീക്ഷണം, ആരോഗ്യപ്രതിരോധ കുത്തിവയ്പ്പും ചികിത്സയും
3. ആരോഗ്യപോഷണ വിദ്യാഭ്യാസം
4. ആരോഗ്യ പരിശോധന
5. റഫറൽ സർവ്വീസ്

വുമൺ

1. സ്ത്രീശാക്തീകരണം
2. വിധവാ പുനർവിവാഹ ധനസഹായം
3. സ്ത്രീധന നിരോധന നിയമം നടപ്പാക്കൽ
4. പ്രധാനമന്ത്രി മാതൃവന്ദന യോജന

ചിൽഡ്രൻ

1. പ്രീസ്കൂൾ
2. ചൈൽഡ്ലൈൻ
3. കാൻസർ സുരക്ഷ
4. ശൈശവവിവാഹനിരോധനം
5. സൈക്കോസോഷ്യൽ സർവ്വീസസ്

Mother & Child

1. SNP
2. പ്രീസ്കൂൾ - പ്രീപ്രൈമറി വിദ്യാഭ്യാസം
3. Marriage Assistance of Women Welfare
4. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്

5. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനുള്ള ധനസഹായം.
6. ഗാർഹികാതിക്രമങ്ങൾ ഉൾപ്പെടെ പീഢനത്തിനിരയായ വനിതകളുടെ പുനരധിവാസപദ്ധതി

വനിതകളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും നിലവിലുള്ള സംവിധാനങ്ങൾ

സ്ത്രീധന പീഡനം, ശാരീരിക പീഡനം, തൊഴിലിടങ്ങളിലെ പീഡനം തുടങ്ങിയ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ താഴെപറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക

ജില്ലാ വനിത ശിശു വികസന ഓഫീസർ	0468 2966649, 9188 969 203
ജില്ലാ വനിത സംരക്ഷണ ഓഫീസർ	0468 2329053, 8281 999 053
ജില്ലാ ശിശു സംരക്ഷണ ഓഫീസർ	0468 2319998, 8281 899 462
ശിശു വികസന പദ്ധതി ഓഫീസർ പന്തളം (ശൈശവ വിവാഹ നിരോധന ഓഫീസർ)	9188 959 674, 04734 256765
ശിശു വികസന പദ്ധതി ഓഫീസർ പന്തളം (കുളനട) (ശൈശവ വിവാഹ നിരോധന ഓഫീസർ)	9188 959 675, 04734 292620
മിത്ര ഹെൽപ്പ് ലൈൻ (സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്)	181
ചൈൽഡ് ലൈൻ	112
പിങ്ക് പോലീസ്	1515
വുമൺ ഹെൽപ്പ് ലൈൻ	1091
വനിത പോലീസ് സ്റ്റേഷൻ	9497 908 530
നിർഭയ ടോൾ ഫ്രീ (സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതി	1800 425 1400
സൈബർ സെൽ	9497 908 169
അപരാജിത (സ്ത്രീധന ഗാർഹിക പീഡന പ്രശ്നങ്ങൾ പരിഹരിക്കാൻ കേരളാ പോലിസിൻ പദ്ധതി	9497 996 992

സൗജന്യ നിയമ സഹായം, മെഡിക്കൽ എയ്ഡ്, കൗൺസിലിംഗ് എന്നീ സഹായങ്ങൾ ലഭ്യമാക്കുന്നു.

ജാഗ്രതാ സമിതികൾ (വാർഡ്/ഗ്രാമ പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്)

ഇന്റേണൽ കമ്മിറ്റി & ലോക്കൽ കമ്മിറ്റി (തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷ

രക്ഷാദൂത് സ്ത്രീ സുരക്ഷ തപാൽ കോഡിലൂടെ

(ഗാർഹിക പീഡനം നേരിടുന്ന സ്ത്രീകൾക്ക് തപാൽ ഓഫീസ് മുഖേന സൗജന്യ സേവനം)

കാതോർത്ത് (ഓൺലൈൻ കൗൺസിലിംഗ്, നിയമ സഹായം)

8330883545, www.kathorthu.wcd.kerala.gov.in

സഖി വൺ സ്റ്റോപ്പ് സെന്റർ: 04682998950, 9495161699

(അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ് പോലീസ് സേവനങ്ങൾ, വൈദ്യസഹായം, നിയമ സഹായം, താൽക്കാലിക താമസം)

7. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

വല്ലന & തുമ്പമൺ

വല്ലന

1.	ഡോ. ഷീജ പി.എൻ.	മെഡിക്കൽ ഓഫീസർ
2.	ഡോ. ശ്രീജ എൻ.കെ	മെഡിക്കൽ ഓഫീസർ
3.	സജി.എസ്	ഹെഡ് ക്ലാർക്ക്
4.	സുദീപ് ബി.	സീനിയർ ക്ലാർക്ക്
5.	സജിദ എം.	സീനിയർ ക്ലാർക്ക്
6.	ദേവി എസ്. നായർ	ക്ലർക്ക്
7.	പത്മകുമാർ ആർ.	ആഫീസ് അറ്റൻഡന്റ്
8.	സുലജ പി.പി	നേഴ്സിംഗ് ഓഫീസർ
9.	റിജി ആന്റണി	ഒപ്ടോമെട്രിക്സ്
10.	അനീഷ റ്റി.വി	ഫാർമസിസ്റ്റ്
11.	കല.കെ	ലാബ് അസിസ്റ്റന്റ്
12.	സുദീഷ് കെ.എസ്	ഹെൽത്ത് ഇൻസ്പെക്ടർ
13	സരിത റ്റി.	ജൂനിയർ ജെ.എച്ച്.കെ
14.	സ്മിതറാണി എസ്.	ജൂനിയർ ജെ.എച്ച്.കെ
15.	സജിത എസ്.	ജൂനിയർ ജെ.എച്ച്.കെ
16.	അനുരൂപി ഐ.പി	ജൂനിയർ ജെ.എച്ച്.കെ
17.	കനിഷ്കുമാർ. ബി	ജെ.എച്ച് ഐ
18.	ഐഡറ്റി.എസ്	പി.എച്ച്.എൻ.എസ്
19.	സുമയ്യബീഗം എ.ആർ	PHNGr. I
20.	അനിതാകുമാരി കെ.	PHNGr. I
21.	നിർമ്മ കെ.എം.	PHNGr. I
22.	ബിന്ദു കെ.കെ	PHNGr. I
23.	രശ്മി ആർ.	PHNGr. I
24.	സജി കെ.കെ	Driver Gr. I
25.	കൈരളി റ്റി.പി	നഴ്സിംഗ് അസിസ്റ്റന്റ്
26.	മിനി.വി	അറ്റൻഡർ
27.	ഷീജ എസ്.	പി.റ്റി.എസ്

ലഭ്യമാകുന്ന സേവനങ്ങൾ

1. ഒ.പി. സേവനങ്ങൾ എല്ലാ ദിവസവും 9 മുതൽ 4 മണിവരെ ലഭ്യമാക്കുന്നുണ്ട്.
2. തിങ്കളാഴ്ച ജനറൽ ഓ.പി
3. ചൊവ്വാഴ്ച - ഗർഭിണികൾക്കുള്ള ക്ലിനിക്ക്, ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്
4. ബുധനാഴ്ച - പ്രതിരോധ കുത്തിവയ്പ്, ശ്വാസ് ക്ലിനിക്
5. വ്യാഴാഴ്ച - ആശ്വാസ് ക്ലിനിക്കുകൾ, ജീവിത ശൈലീ രോഗ നിർണ്ണയ ക്ലിനിക്
6. വെള്ളിയാഴ്ച - ജീവിത ശൈലീ രോഗ നിർണ്ണയ ക്ലിനിക്

7. ശനിയാഴ്ച - വയോജന ക്ലിനിക്
8. തിങ്കൾ, ബുധൻ,വെള്ളി ദിവസങ്ങളിൽ ഓഫ്താൽമിക് ഒ.പി, പാലിയേറ്റീവ് കെയർ, ഫിസിയോ തെറാപ്പി ഓ.പി തുടങ്ങിയവ പ്രവർത്തിക്കുന്നു.
9. കൂടാതെ എല്ലാ ദിവസവും ലാബിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്.
10. എല്ലാ രണ്ടാമത്തെ വ്യാഴാഴ്ചയും മെന്റൽ ഹെൽത്ത് സേവനങ്ങൾ ലഭ്യമാണ്.

തുമ്പമൺ

1.	ഡോ. ശ്രീകല കെ.എസ്	സിവിൽ സർജൻ
2.	ഡോ. ആൻസിമേരി അലക്സ്	അസി. സർജൻ
3.	ഡോ. സരിൽ പി. സുരേന്ദ്രൻ	അസി. സർജൻ
4.	ഡോ. ആരതി ആർ.	അസി. സർജൻ
5.	ഡോ. ലക്ഷ്മി എസ്.പി	അസി. ഡെന്റൽ സർജൻ
6.	സീന എസ്.	സീനിയർ ക്ലാർക്ക്
7.	സോമേഷ് പച്ചവനാൽ	സീനിയർ ക്ലർക്ക്
8.	സജി.എൻ	ഓഫീസ് അറ്റഡന്റ്
9.	ബിമൽ ഭൂഷൺ. ആർ	ഹെൽത്ത് സൂപ്പർവൈസർ
10.	അനിജ കെ.	പബ്ലിക് ഹെൽത്ത് നേഴ്സ് സൂപ്പർവൈസർ
11.	ആശ.വി	ഹെൽത്ത് ഇൻസ്പെക്ടർ
12.	ഷീജ.എസ്	ഫാർമസിസ്റ്റ്
13.	രതീഷ് ജെ.	ഒപ്ടോമെട്രിസ്റ്റ്
14.	രാജേശ്വരി എസ്.	സീനിയർ ലാബ് ടെക്നീഷ്യൻ
15.	ശുഭ പി. നായർ	നേഴ്സിംഗ് ഓഫീസർ
16.	ശ്രീല വി.വി	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
17.	വേക്കന്റ്	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
18.	ശുഭാകുമാരി ജി.റ്റി	ജെ.പി.എച്ച്.എൻ
19.	ഷെമിന കെ.	ജെ.പി.എച്ച്.എൻ
20.	സാമുവേൽ പി. തോമസ്	നേഴ്സിംഗ് അസിസ്റ്റന്റ്
21.	ശ്രീകുമാരി റ്റി.	നേഴ്സിംഗ് അസിസ്റ്റന്റ്
22.	മായ റ്റി	ഹോസ്പിറ്റൽ അറ്റൻഡന്റ്
23.	സജിതാമ്മാൾ ബി	ഹോസ്പിറ്റൽ അറ്റൻഡന്റ്
24.	ശാരദ കെ.എസ്	പി.റ്റി.എസ്
25.	വേക്കന്റ്	ഡ്രൈവർ

ആകെ - 25

വേക്കന്റ് - 2

ലഭ്യമാക്കുന്ന സേവനങ്ങൾ

1. ദിവസേനയുള്ള ഒ.പി. പരിശോധന (രാവിലെ 9 മുതൽ 1 വരെ ഉച്ചയ്ക്ക് 2 മുതൽ 6 വരെ)
2. മരുന്ന് വിതരണം
3. ഗർഭിണികൾക്കുള്ള പരിശോധന എല്ലാ തിങ്കളാഴ്ചയും (ഗർഭനിർണ്ണയ പരിശോധന, വിളർച്ചയ്ക്കുള്ള ചികിത്സ, വിറ്റാമിൻ ഗുളിക വിതരണം, കുത്തിവയ്പ്പ്, ആനുകൂല്യ വിതരണം (ജെ.എസ്.വൈ) etc
4. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് എല്ലാ ബുധനാഴ്ചയും
5. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ
6. സ്വാന്തന പരിചരണം, ഒ.പി. പ്രൈമറി എല്ലാ തിങ്കളാഴ്ചയും, ഭവനസന്ദർശനം ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി. സെക്കണ്ടറി ഒ.പി. തിങ്കൾ, ബുധൻ. ഭവന സൻർശനം ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി.
7. ആധുനിക ലാബ്
8. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ
9. ഒ.ആർ.എസ് കോർണറും ഡിപ്പോയും
10. ജീവിത ശൈലിരോഗ ക്ലിന്ക്ക് എല്ലാ വ്യാഴാഴ്ചയും
11. നേത്രപരിശോധന ക്ലിനിക്ക് എല്ലാ ബുധൻ വെള്ളി ദിവസങ്ങളിൽ
12. ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി
13. ദേശീയ കുഷ്ടരോഗ നിയന്ത്രണ പരിപാടി
14. ദേശീയ മന്ത് രോഗ നിയന്ത്രണ പരിപാടി
15. ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടി
16. മലമ്പനി രോഗ നിയന്ത്രണ പരിപാടി
17. അതിഥി സംസ്ഥാന തൊഴിലാളികളുടെ പരിശോധനയും ബോധവത്ക്കരണവും
18. വിദ്യാലയ ആരോഗ്യ പരിപാടികൾ
19. ആരോഗ്യ ബോധവത്ക്കരണവും വാർഡുകളിലും സ്കൂളുകളിലും അംഗനവാടികളിലും നടത്തുന്നു.
20. സ്ഥാപനങ്ങളുടെ പരിശോധനയും സർട്ടിഫിക്കറ്റ് വിതരണവും
21. പൊതുജന ആരോഗ്യ പരാതികൾ പരിഹരിക്കുക
22. വയോജന ഒ.പി. ക്ലിനിക്ക് എല്ലാ വ്യാഴാഴ്ചയും
23. പുകയില വിരുദ്ധ പരിപാടികൾ
24. വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷ പ്രകാരം കൊടുക്കുക
25. കൊതുകുജന്യ രോഗ പ്രതിരോധ പരിപാടികൾ
26. ആശാ പ്രവർത്തകരുടെ സേവനം എല്ലാ വാർഡുകളിലും
27. ആംബുലൻസിന്റെ സേവനം
28. സേഫ് കേരള പ്രവർത്തനങ്ങൾ
29. ദന്ത ചികിത്സ വിഭാഗം.

8. അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് (കൃഷി– പന്തളം) ലഭ്യമാകുന്ന സേവനങ്ങൾ/പദ്ധതികൾ

1. നെൽകൃഷി വികസന പദ്ധതി
2. തരിശു നിലനെൽകൃഷി ആനുകൂല്യം (B 25000/hr)
3. സുസ്ഥി നെൽകൃഷി വികസനം (55000/hr)
4. പരമ്പരാഗത നെല്ലിനങ്ങളുടെ കൃഷി (B 10000/hr)
5. തെങ്ങുകൃഷി വികസനം (B 17500/hr)
6. ജൈവകൃഷി (B 3000/hr)
7. സുഗന്ധവിള കൃഷി വികസനം (B 20000/hr)
8. വിള ആരോഗ്യപരിപാലനപദ്ധതി
9. വിള ഇൻഷ്വറൻസ്
10. കിഴങ്ങുവിള കൃഷി (B 15000/hr)
11. പച്ചക്കറി കൃഷി വികസനം (B 15000/hr)
12. ബയോഗ്യാസ് വികസനപദ്ധതി (B 12000/plant)
13. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ (പഴവർഗ്ഗകൃഷി, പച്ചക്കറി കൃഷി എന്നിവയ്ക്ക്)
14. ട്രയിനിംഗുകൾ പ്രദർശനതോട്ടങ്ങൾ (ആത്മപദ്ധതി) (മേൽ സേവനങ്ങൾ അതാതു പഞ്ചായത്ത് പരിധിയിലുള്ള കൃഷിഭവനുകളിൽ നിന്നു ലഭ്യമാക്കുന്നതാണ്. സമർപ്പിക്കേണ്ട രേഖകൾ - കരം രസീതിന്റെ കോപ്പി, ബാങ്ക് പാസ്സ്ബുക്ക് കോപ്പി, നിർദ്ദിഷ്ട അപേക്ഷയോടൊപ്പം)

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് പന്തളം

ജീവനക്കാരുടെ വിവരങ്ങൾ

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

1. കൃഷി അസിസ്റ്റന്റ് ഡയറക്ടർ	-	കവിത എസ്.
2. സീനിയർ ക്ലാർക്ക്	-	രേഖ. റ്റി
3. ജൂനിയർ ക്ലർക്ക്	-	ശ്രീകാന്ത് പി.ആർ
4. പി.റ്റി.എസ്	-	ഗീതാലക്ഷ്മി എസ്.

കോൺട്രാക്ട് സ്റ്റാഫ്

ഡേറ്റാ എൻട്രി ഓപ്പറേറ്റർ

ആത്മ സ്റ്റാഫ്

പദ്ധതികളും മാർഗ്ഗ നിർദ്ദേശങ്ങളും
കാർഷികവികസന കർഷകക്ഷേമ വകുപ്പ്

1. നെൽകൃഷിവികസനം

വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ സുസ്ഥിരം നെൽകൃഷിവികസനം ലക്ഷ്യമിട്ട് ഉൽപാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി എന്നിവയിലൂടെ സംസ്ഥാനത്ത് നെൽകൃഷി വികസനം ലക്ഷ്യമിടുന്നു. നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനായി നെല്ല് ഉല്പാദിപ്പിക്കുന്ന ഏഴ് കാർഷിക ആവാസയൂണിറ്റുകൾക്ക് ഊന്നൽ നൽകുന്നതാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 33 ശതമാനം സ്ത്രീകൾ ആയിരിക്കുമെന്ന് വകുപ്പ് ഉറപ്പാക്കും.

2. കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പ്പാദനപരിപാടികൾ ഉല്പ്പാദനപൂർവ പിന്തുണ ഉൾപ്പെടെ

കുറഞ്ഞത് പത്തുസെന്റും, പരമാവധി ഇരുന്നൂറ് സെന്റും വിസ്തൃതിയുള്ള (വീടും മറ്റു കെട്ടിടങ്ങളും നിലനില്ക്കുന്ന സ്ഥലം ഇല്ലാതെ) കൃഷിയിടം യൂണിറ്റുകളായിരിക്കും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക. സംയോജിത കൃഷിസമ്പ്രദായ മാതൃകകളും, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയുള്ള വിള സമ്പ്രദായങ്ങളിലുമായിരിക്കും ശ്രദ്ധകേന്ദ്രീകരിക്കുക. കൃഷിവകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചായിരിക്കും ഗുണഭോക്താക്കളെ/ കൃഷിയിടങ്ങളെ തിരഞ്ഞെടുക്കുക. ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 50 ശതമാനം വനിതകളായിരിക്കുമെന്ന് വിഭാവനം ചെയ്യുന്നു.

3. പച്ചക്കറിവികസനം

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിതപച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസനപരിപാടി നടപ്പിലാക്കുന്നത്. കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, പ്രാഥമിക കാർഷികസഹകരണസംഘങ്ങൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, കേരള കാർഷിക സർവകലാശാല, കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ) തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തി മിഷൻ അടിസ്ഥാനത്തിലായിരിക്കും പച്ചക്കറി വികസനപദ്ധതി നടപ്പിലാക്കുക.

4. വിള വൈവിധ്യവല്ക്കരണം, വിള തീവ്രത

ഐക്യരാഷ്ട്രസഭ 2023 വർഷം അന്താരാഷ്ട്ര ചെറുധാന്യങ്ങളുടെ വർഷമായി ആചരിക്കുന്നു. ഈ സാഹചര്യത്തിൽ 2023-24 ൽ ചെറുധാന്യങ്ങളുടെ വിസ്തൃതി വികസനത്തിന് പദ്ധതി ഊന്നൽ നൽകും. പയറുവർഗ്ഗങ്ങളായ ചെറുപയർ, ഉഴുന്ന്, എണ്ണക്കുരുക്കളായ എള്ള്, നിലക്കടല എന്നിവയും, ചെറുധാന്യകൃഷിയ്ക്ക് യോഗ്യമല്ലാത്തസ്ഥലങ്ങളിൽ പ്രോത്സാഹിപ്പിക്കും.

5. നാളികേരവികസനം

ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെയും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിലൂടെയും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് നാളികേരവികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

6. സുഗന്ധവ്യഞ്ജന വികസനം

കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതിക്ക, ഗ്രാമ്പു മുതലായ സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം

ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കാർഷിക ആവാസവ്യവസ്ഥാ യൂണിറ്റടിസ്ഥാനത്തിലായിരിക്കും സുഗന്ധവ്യഞ്ജനങ്ങളുടെ വിസ്തൃതി വ്യാപനപ്രോത്സാഹന പരിപാടികൾ നടപ്പിലാക്കുക. ഇടുക്കി, വയനാട് ജില്ലകൾക്ക് ഊന്നൽ നല്കും.

7. ഉല്പാദകസംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി

കർഷകർക്ക് പ്രദർശനങ്ങളിലൂടെ സാങ്കേതികവിദ്യ കൈമാറ്റം ചെയ്യുന്നതിനും കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനത്തിന്റെ ഭാഗമായി രൂപീകരിച്ച കർഷക ഉല്പാദക സംഘടനകൾക്ക് (കൃഷിയിടങ്ങളുടെ കൂട്ടായ്മ) പിന്തുണ നല്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ജൈവകൃഷി മേഖലയുൾപ്പെടെ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതും കേരളകാർഷിക സർകലാശാല അംഗീകരിച്ചതുമായ ഉല്പ്പാദനപ്രോട്ടോക്കോൾ മാത്രമായിരിക്കും പ്രചരിപ്പിക്കുക. കേരള കാർഷിക സർവകലാശാലയിലെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റ് വിശദമായ സാങ്കേതിക മൊഡ്യൂളുകൾ വികസിപ്പിക്കുകയും സാങ്കേതികവിജ്ഞാനം കൃത്യമായി പ്രചരിപ്പിക്കുകയും ചെയ്യും.

8. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന വിളനാശത്തിനു നൽകി വരുന്ന സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി കർഷകരെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഇതിൽ അംഗങ്ങളായ കർഷകരിൽ നിന്നും പ്രീമിയം, രജിസ്ട്രേഷൻ ഫീസ് എന്നിവ സ്വരൂപിച്ചും സർക്കാരിൽ നിന്നും സംഭാവനയും ചേർത്താണ് വിള ഇൻഷുറൻസ് ഫണ്ട് രൂപീകരിച്ചിരിക്കുന്നത്.

9. കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംജോയിപ്പിച്ച് വിതരണ/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി

ചെറുതും ഏകീകൃതമല്ലാത്തതുമായ ഉല്പാദനവും തല്ഫലമായി വലിയ തോതിൽ വിഘടിതമായ വിതരണശൃംഖലയും ഉയർന്ന ലാഭം ഉണ്ടാക്കുന്ന ഇടനിലക്കാരായ വിതരണക്കാരുടെയും റീസെല്ലർ മാരുടെയും സാന്നിധ്യം എന്നിവ കേരളത്തിലെ കാർഷികോല്പ്പാദനം അഭിമുഖീകരിക്കുന്ന നിർണ്ണായക പ്രശ്നങ്ങളിലൊന്നാണ്. അതിനാൽ സമാഹരണത്തിലൂടെയുള്ള ഫലപ്രദമായ സംയോജനത്തിന്റെ ആവശ്യകത നിലനില്ക്കുന്നു ആരക്കാൽ കേന്ദ്രബിന്ദു (ഹബ്ബ്ആന്റ്സ്പോക്) മാതൃകയിൽ ഒരു കേന്ദ്രീകൃത ഹബ്ബിൽ നിന്ന് ഉല്പന്നങ്ങൾ ഉത്ഭവിക്കുകയോ, പ്രാദേശികകേന്ദ്രങ്ങളിൽ നിന്ന് വിതരണത്തിനും വിപണനത്തിനുമായി ഹബ്ബിലേയ്ക്ക് അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

10. കർഷകക്ഷേമ ഫണ്ട് ബോർഡ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നിലവിൽ നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികളും പരിപാടികളും കർഷകക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കും.

11. വിളആരോഗ്യ പരിപാലനം

ആവാസവ്യവസ്ഥ സ്ഥിരമായി നിലനിർത്തുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്ന തിനും ഉതകുന്ന രീതിയിലുള്ള പരിപാലനമാർഗ്ഗങ്ങൾ കൊണ്ടുവരിക എന്നതാണ് വിള ആരോഗ്യ പരിപാലനത്തിന്റെ സമീപനം.

12. ജൈവകൃഷിയും ഉത്തമകൃഷിമുറകളും (ജി. എ. പി)

സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉല്പാദനം നല്ലരീതികളിലൂടെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള ജി.എ.പി ക്ലസ്റ്ററുകളുടെ ശാക്തീകരണം, പുതിയ ക്ലസ്റ്ററുകൾക്ക് പ്രോത്സാഹനസഹായം, പച്ചിലവളപ്രയോഗം, ജൈവവളങ്ങൾ തയ്യാറാക്കുന്ന മാതൃകാ യൂണീറ്റുകൾ, വി.എഫ്.പി.സി.കെ, കൃഷിഭവൻ, മറ്റു പങ്കാളികളായ എഫ്.പി.ഒകൾ, കാര്യക്ഷമതയുള്ള

എൻ.ജി.ഒകൾ എന്നിവയെ പ്രോജക്ട് അടിസ്ഥാനത്തിലും പങ്കാളിത്ത ഗ്യാരന്റിസർട്ടിഫിക്കേഷന് (പി.ജി.എസ്) ഉൾപ്പെടെ, സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനത്തിനായി പിന്തുണ നല്കും. യോഗ്യതയുള്ളവരിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകൾ വിദഗ്ദ്ധ ടീം പരിശോധിക്കും.

13. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമുള്ള അളവിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഡിപ്പാർട്ട്മെന്റ് ഫാമുകളുടെ നവീകരണവും ഹൈടെക് ഫാമിംഗ്, കൃത്യതാകൃഷി, അക്വാപോണിക്സ്, സംയോജിത കൃഷി സമ്പ്രദായ മാതൃകകൾ തുടങ്ങിയ നൂതനമായ കാർഷിക സാങ്കേതിക വിദ്യകളുടെ പ്രദർശനകേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനും വിഭാവനം ചെയ്യുന്നു.

14. ലബോറട്ടറികളുടെ ആധുനീകരണം

മണ്ണിന്റെ ഫലഭൂഷ്ഠത വിലയിരുത്തുന്നതിനുള്ള മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന (ജൈവ - അജൈവജീവാണുവളങ്ങൾ ഉൾപ്പെടെ), കീടനാശിനി പരിശോധന, വിത്തുപരിശോധന എന്നിങ്ങനെ ഉല്പാദനോപാദികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ വകുപ്പിനു കീഴിലുള്ള ലബോറട്ടറികളിൽ നടപ്പിലാക്കുന്നു.

15. സമുദ്രനിരപ്പിന് താഴെയുള്ള കൃഷിയ്ക്കുള്ള അന്താരാഷ്ട്ര ഗവേഷണ പരിശീലനകേന്ദ്രം, കുട്ടനാട്

നൂതന പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനും കുട്ടനാട് മേഖലയിലെ പ്രവർത്തനതലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തന ചെലവുകൾക്കുമായി

16. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ

കാർഷിക വികസനപരിപാടികളുടെ വിജയത്തിനായി ഫീൽഡ് തലത്തിൽ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

18. മാനവശേഷി വികസനം

കാർഷിക സാങ്കേതികവിദ്യ കർഷകസമൂഹത്തിന് കാര്യക്ഷമമായി കൈമാറുന്നതിനും അത് സ്വീകരിച്ച് നടപ്പിലാക്കുന്നതിനുമായി കാർഷികമേഖലയിലെ ആനുകാലിക വിവരങ്ങളിൽ ഉദ്യോഗസ്ഥരുടെ ശേഷി വർദ്ധിപ്പിക്കുന്നത് അത്യന്താപേക്ഷിതമാണ്. ഇതിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സാങ്കേതികവും ഭരണനിർവഹണപരവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന ദേശീയ തലങ്ങളിലെ പ്രമുഖ സ്ഥാപനങ്ങളിൽ പ്രത്യേക പരിശീലനം, പി.ജി.ജി.എച്ച്.എം കോഴ്സിനുള്ള കോഴ്സ് ഫീ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു.

19. ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം

വിളകളുടേയും ഉല്പന്നങ്ങളുടേയും ശാസ്ത്രീയ പരിപാലനത്തിൽ ഫാം യന്ത്രവല്ക്കരണത്തിന് പ്രാധാന്യമേറുന്നു. യന്ത്രവല്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായ കാർഷികസേവനകേന്ദ്രങ്ങൾ, കാർഷിക കർമ്മസേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തി സേവന പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് ഒറ്റകേന്ദ്രത്തിലൂടെ നൽകുന്നതിനും തൊഴിലാളിക്ഷാമം കുറയ്ക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

കൂടാതെ ഇവയെ സംയോജിപ്പിച്ച് കാർഷിക മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകളായി (കൃഷിശ്രീ സെന്ററുകൾ) വികസിപ്പിക്കുന്നതിനും എല്ലാസേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ നല്കുന്നതിനും വിഭാവനം ചെയ്യുന്നു. കേരള സംസ്ഥാന കാർഷികയന്ത്രവല്ക്കരണമിഷന്റെ (കെ. എസ്.എ.എം.എം) ഏകോപനത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കും.

20. ഓഫീസ് ആട്ടോമേഷനും ഐ. റ്റി സാങ്കേതിക വിദ്യയും

കാർഷികമേഖലയിലെ വിവരവിനിമയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിലൂടെ മെച്ചപ്പെട്ട കാർഷിക സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിനും ഫലപ്രദമായ ഉൽപാദന തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും ആനുകൂല്യങ്ങളും സേവനങ്ങളും സമയബന്ധിതമായി കാർഷകർക്ക് നേരിട്ട് വിതരണം ചെയ്യുന്നതിനും വഴിയൊരുക്കും. കാർഷിക വിപണനത്തിലെ വെല്ലുവിളികളെ നേരിടാനും ഇത് സഹായിക്കും.

21. കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

സംസ്ഥാനത്തുടനീളമുള്ള ഹോർട്ടികൾച്ചറൽ ഉല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം, കൂടുതൽ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് തദ്ദേശീയരായ കർഷകരെ പ്രോത്സാഹിപ്പിക്കുക, അനാവശ്യമായ വിലക്കയറ്റം തടയുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഹോർട്ടികോർപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

22. കുട്ടനാട് മേഖയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പരമ്പരാഗതപെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽഫ്ളോപമ്പ്/ സബ് മേഴ്സിബിൾ പമ്പുസെറ്റുകൾ (1050 എച്ച്.പി) എന്നിവ സ്ഥാപിക്കുന്നതിനും, അതിനായി ഉയർന്നതിട്ടകൾ നിർമ്മിക്കുന്നതിനുമായി ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, തദ്ദേശഭരണ വകുപ്പ് എന്നിവയുടെ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനപദ്ധതികളും കെ.എൽ.ഡി.സി നടത്തുന്ന അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളും ഇതിലേയ്ക്ക് സംയോജിപ്പിക്കും.

കുട്ടനാട് മേഖലയിൽ അംഗീകൃതവിളകളിൽ സ്വീകരിക്കുന്നതിന് ആവശ്യമായ ഹ്രസ്വകാല നെല്ലിനങ്ങളുടെ ലഭ്യതയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും സുഗമമാക്കുന്നത് ഉറപ്പാക്കാൻ വകുപ്പ് ശ്രദ്ധചെലുത്തും.

23. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിയുടെ വികസനം.

സംസ്ഥാനത്ത് തദ്ദേശീയ പഴങ്ങൾക്കു പുറമേ വിദേശീയ പഴങ്ങളുടേയും ഉയർന്ന വിലയുള്ള പഴങ്ങളുടെയും വിസ്തൃതി വിപുലീകരിക്കുക കൂടാതെ പഴവർഗ്ഗങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയുടെ ഗുണഭോക്താക്കളിൽ 25 ശതമാനം സ്ത്രീകളാണെന്ന് വകുപ്പ് ഉറപ്പാക്കും.

24. മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത ഉയർത്തലും

മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും തദ്വാരാ കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കർഷകർക്കും കൃഷിയിടത്തിനും പിന്തുണനൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗവും സംയോജിത പോഷകപരിപാലനവും നെല്ല് ഒഴികെയുള്ള വിളകളിൽ ഈ പദ്ധതി പ്രോത്സാഹിപ്പിക്കും. കേരളകാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസ് ശുപാർശ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്കായിരിക്കും സഹായം നല്കുക.

25. കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിനുള്ള സഹായം

വിലയിലെ ഏറ്റകുറച്ചിലുകൾ, കാര്യക്ഷമമായ വിപണന സംവിധാനത്തിന്റെ അഭാവം, വിളവെടുപ്പിനു ശേഷമുള്ള നഷ്ടം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ്

പദ്ധതിയുടെ ലക്ഷ്യം. വിപണികളുടെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ശാക്തീകരണം, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം എന്നീ വിവിധ തലങ്ങളിൽ മാർക്കറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, മാർക്കറ്റ് ഇന്റലിജൻസ് ശക്തിപ്പെടുത്തുക, കാർഷിക വിപണനത്തിൽ നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുക എന്നിവയാണ് പ്രധാന ശ്രദ്ധാകേന്ദ്രങ്ങൾ.

26. ആർ.ഐ.ഡി.എഫ് പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യ വികസനം

നബാർഡിന്റെ ആർ.ഐ.ഡി.എഫ്-ൽ അംഗീകരിച്ച പദ്ധതികൾക്കായി കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്വികസന പ്രവർത്തനങ്ങൾക്കായി 2023-24 കാലയളവിൽ XX മുതൽ XXIX വരെയുള്ള ട്രാൻഷെയ്ക്കു കീഴിൽ പുതിയതായി അംഗീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏറ്റെടുക്കും.

27. മൂല്യവർദ്ധനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും

ഇടത്തരം, ചെറുകിട, സൂക്ഷ്മ കാർഷിക സംസ്കരണ/മൂല്യവർദ്ധന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാനവർദ്ധനവ് ഉറപ്പുവരുത്തുക, കർഷകഉൽപാദക സംഘടനകളെ നവീകരിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷിക മേഖലയിലെ സംരഭകത്വത്തിലും മൂല്യവർദ്ധനയിലും നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനും സഹായം നല്കുന്നു. അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായി ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (എസ്.എഫ്.എ.സി) നോഡൽ ഏജൻസിയായി ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

28. കേരള ഫാംഫ്രഷ് – പഴം പച്ചക്കറി തറവില

കർഷകർക്ക് 16 ഇനം പഴം പച്ചക്കറികളുടെ വിലയിൽ ഇടിവുണ്ടാകുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായം നൽകാൻ ലക്ഷ്യമിടുന്നു. നിർദ്ദിഷ്ട അടിസ്ഥാന വിലയിൽ നിന്നും ഉല്പന്നങ്ങളുടെ വിലയുടെ വ്യത്യാസം സർക്കാർ ഇൻസെന്റീവായി കർഷകനുനല്കും.

29. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തിരപരിപാടി

പ്രകൃതിക്ഷോഭങ്ങൾ, വിളനാശം എന്നിവ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി നെല്ല്, പയറു വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കരുതൽ ശേഖരം ഉണ്ടാക്കുക, ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനുള്ള സഹായം, കീടങ്ങളും രോഗങ്ങളും വ്യാപകമാകുന്ന സാഹചര്യത്തിലും വിള ആരോഗ്യപരിപാലനത്തിനുള്ള സഹായം മുതലായ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

സംയോജിതപദ്ധതി – കൃഷി ഉന്നതിയേോജന ഉൾപ്പെടെയുള്ള മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ 40% സംസ്ഥാനവിഹിതം

കൃഷി ഉന്നതിയോജന 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമുള്ള ഒരു സംയോജിത പദ്ധതിയാണ്. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ (എൻ.എഫ്.എം.എസ്. എം), ഹോർട്ടിക്കൾച്ചർ സംയോജിത വികസനമിഷൻ (എം.ഐ.ഡി.എച്ച്), സുസ്ഥിര കൃഷിയ്ക്കുള്ള ദേശീയമിഷൻ (എൻ.എം.എസ്.എ), കാർഷിക വിജ്ഞാനവ്യാപനത്തിനും സാങ്കേതികവിദ്യയ്ക്കും ദേശീയപദ്ധതി (എൻ.എം.എ.ഇ.റ്റി) രാഷ്ട്രീയ കൃഷിവികാസയോജന (ആർ.കെ.വി.വൈ), പരമ്പരാഗത കൃഷിവികാസയോജന (പി.കെ.വി.വൈ), പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജന (പി.എം.കെ. എസ്.വൈ),

ദേശീയ കാർഷിക വനവത്ക്കരണപദ്ധതി, സസ്യസംരക്ഷണത്തിനും സസ്യരോഗ കീടകളവ്യാപന നിയന്ത്രണ പരിശോധനയ്ക്കും സബ്മിഷൻ, വിവരസാങ്കേതികവിദ്യ, കാർഷിക വിപണനത്തിനായുള്ള സംയോജിതപദ്ധതി, കേന്ദ്രസഹായത്തോടെയുള്ള വിള ഇൻഷുറൻസ് പദ്ധതി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനവിഹിതം ഇതിലുൾപ്പെടുന്നു.

കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ 60 കേന്ദ്രവിഹിതം

സംയോജിതപദ്ധതി– കൃഷി ഉന്നതിയോജന ഉൾപ്പെടെയുള്ള കേന്ദ്രാവിഷ് കൃത പദ്ധതികൾ (60% കേന്ദ്രവിഹിതം)

കൃഷി ഉന്നതിയോജന എന്ന പദ്ധതിയാണ് കാർഷിക മേഖലയിൽ ഏറ്റെടുത്തിട്ടുള്ള കേന്ദ്രാവിഷ് കൃത പദ്ധതികളുടെ സംയോജിതപദ്ധതി. ഈ പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്രവിഹിതവും 40 ശതമാനം തുക സംസ്ഥാനവിഹിതവുമാണ്. തുടർന്ന് നടപ്പിലാക്കി വരുന്ന കേന്ദ്രപദ്ധതികളായ ദേശീയഭക്ഷ്യസുരക്ഷാമിഷൻ (എൻ.എഫ്.എസ്.എം), ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (എം.ഐ.ഡി.എച്ച്), ദേശീയ കാർഷിക സുസ്ഥിരപദ്ധതി (എൻ.എ.എസ്.എ), കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കും ദേശീയപദ്ധതി (എൻ.എം.എ.ഇ.റ്റി), രാഷ്ട്രീയ കൃഷി വികാസയോജന ആർ.കെ.വി.വൈ), പരമ്പരാഗത കൃഷിവികാസയോജന (പി.കെ.വി.വൈ), പ്രധാനമന്ത്രി കൃഷിസിഞ്ജായ്യോജന (പി.എം.കെ.എസ്.വൈ), ദേശീയകാർഷിക വനവത്കരണ പദ്ധതി, സസ്യസംരക്ഷണത്തിനും സസ്യരോഗ കീടകളവ്യാപന നിയന്ത്രണ പരിശോധനയ്ക്കും സബ്മിഷൻ, വിവരസാങ്കേതികവിദ്, കാർഷിക വിപണനത്തിനായുള്ള സംയോജിതപദ്ധതി, കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷുറൻസ് പദ്ധതി എന്നീ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

ദേശീയ ബയോഗ്യ്യാസ് വികസനപരിപാടി 100% കേന്ദ്രവിഹിതം

ഈ പദ്ധതി പ്രകാരം സാധാരണ ബയോഗ്യാസ് പ്ലാന്റും സാനിറ്ററി ടോയ്ലറ്റ് പ്ലാന്റും സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും, ഗുണഭോക്താവിനും മറ്റ് ടേൺകീ ഏജന്റുമാർക്കും സാമ്പത്തിക സഹായവും ലക്ഷ്യമിട്ടിരിക്കുന്നു. ഒരു പ്ലാന്റിന്റെ സബ് സിഡിനിരക്ക് ജനറൽ വിഭാഗത്തിന് 14350.00 രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 22000.00 രൂപയുമാണ്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ചെലവ്, പരിശീലന ചെലവ്, മറ്റ് പ്രവർത്തന ചെലവുകളും നടത്തിപ്പിനുമായി വിഹിതം വകകൊള്ളിച്ചിരിക്കുന്നു.

പ്രത്യേക പദ്ധതികൾ

കൃഷിദർശൻ

ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയും കൃഷി വ കുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിൽ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി 'കൃഷിദർശൻ 'എന്ന പരിപാടി നടത്തി വരുന്നു.

സംസ്ഥാനത്തെ മുഴുവൻ കൃഷി ബ്ലോക്കുകളിലും ഘട്ടം ഘട്ടമായാണ് കൃഷിദർശൻ പരിപാടി നടത്തുന്നത്.

മൂന്ന് മുതൽ അഞ്ചു ദിവസം വരെ നീണ്ടുനിൽക്കുന്ന പരിപാടിയായാണ് കൃഷിദർശൻ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. കൃഷിദർശൻ പരിപാടി നടക്കുന്ന ജില്ലയിലെ എല്ലാ കൃഷി ഉദ്യോഗസ്ഥ രെയും കൃഷി വകുപ്പ് മന്ത്രി നേരിട്ട് കണ്ടു പദ്ധതി പുരോഗതി വിലയിരുത്തുകയും ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ, ഞങ്ങളും കൃഷിയിലേക്ക്, കൃഷി കൂട്ടങ്ങളുടെ സ്ഥിതി, കാർഷിക പ്രശ്നങ്ങൾ, നടത്തിപ്പു പ്രശ്നങ്ങൾ എന്നിവ അവലോകനം ചെയ്യുകയും ചെയ്യും. ജില്ലയിലെ കർഷകരെ മന്ത്രി

നേരിട്ട് കേട്ട് പ്രശ്നങ്ങൾ മനസ്സിലാക്കുന്ന കാർഷിക അദാലത്തതും നടത്തതും. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുമായും ഉദ്യോഗസ്ഥരുമായും കാർഷികമേഖലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ മന്ത്രി വിലയിരുത്തും.

പരിപാടിയുടെ ഭാഗമായി ബ്ലോക്കിലെ ഒരു പഞ്ചായത്ത് കേന്ദ്രമാക്കി മന്ത്രിയുടെ 'ഞങ്ങളും കൃഷിയിലേക്ക്- ഗൃഹസന്ദർശനം, 'ഒരു കർഷക ഭവനം കേന്ദ്രീകരിച്ച് 'ഭവന കൂട്ടായ്മ', കാർഷിക സാംസ്കാരിക പരിപാടികൾ എന്നിവയുമുണ്ടാകും.

16 ഇനം പഴം– പച്ചക്കറികൾക്ക് അടിസ്ഥാന വില

2020 നവംബർ 1 ന് 16 ഇനം പഴം പച്ചക്കറികൾക്ക് സംസ്ഥാന സർക്കാർ അടിസ്ഥാന വില പ്രഖ്യാപിച്ചിരിക്കുകയാണ്. നിർണ്ണയിക്കപ്പെട്ടിട്ടുള്ള 16 ഇനം ഉത്പന്നങ്ങളുടെ വില അടിസ്ഥാന വിലയേക്കാൾ താഴുന്ന സാഹചര്യത്തിൽ കൃഷിവകുപ്പിന്റെയും സഹകരണവകുപ്പിന്റെയും തെരഞ്ഞെടുത്ത സംഭരണകേന്ദ്രങ്ങളിൽ ഇവ സംഭരിച്ച് അടിസ്ഥാന വില കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതാണ് പദ്ധതി. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ ഇനങ്ങൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളത്. റഫറൻസ് വിപണി വിലയിലെ മാറ്റങ്ങൾക്കനുസരിച്ച് കാലാകാലങ്ങളിൽ അടിസ്ഥാനവില മാറുന്നതാണ്. 5 ഇന പച്ചക്കറികൾക്കുകൂടി അടിസ്ഥാന വില നിശ്ചയിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

നാളികേര വികസന കൗൺസിൽ

സംസ്ഥാനത്തെ നാളികേരവികസന മേഖലയിൽ 2018-മുതൽ 2028 വരെയുള്ള പത്തുവർഷ കാലയളവിലെ സമഗ്രവികസനം മുൻനിർത്തി, വിളവിസ്തൃതി, സ്ഥാപനം, ഉത്പാദനം-ഉത്പാദനാക്ഷമതാ വർദ്ധനവ്, സംയോജിത വിളപരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കുക, തുടങ്ങിയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന്, സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചു. G.O (MS) നം: 138/2018/അഗ്രി തീയതി 21-11-2018, അഗ്രി (WTO cell) പ്രകാരം, കൃഷിവകുപ്പ് മന്ത്രി സംസ്ഥാനതല ജനറൽ കൗൺസിൽ ചെയർമാനായും, പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാതല കൗൺസിൽ ചെയർമാനായും ചുമതല വഹിക്കുന്നു. നാളികേരവികസന കൗൺസിലിനു കീഴിൽ, തെങ്ങിൻതോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പല പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. രോഗം ബാധിച്ച തെങ്ങുകൾ നീക്കം ചെയ്ത് തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുക, തെങ്ങിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക, കാർഷിക വ്യവസായമായ തെങ്ങുകൃഷിയെ സംരക്ഷിക്കുക എന്നിവ ഇതിൽ ഉൾപ്പെടും.

നാളികേര വികസന കൗൺസിലിന് കീഴിൽ, കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ് കേന്ദ്രതോട്ടവിള ഗവേഷണകേന്ദ്രം, കാർഷികോല്പാദക സംഘങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടി, പ്രതിവർഷം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം വിതരണം ചെയ്ത് തെങ്ങിൻതോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു.

"വൈഗ" അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും

കാർഷികോത്പന്ന സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ആസ്പദമാക്കി 2016-ൽ ആരംഭിച്ച അന്താരാഷ്ട്ര ശില്പശാലയും പ്രദർശന ശാലയും പ്രദർശനവും 5 എഡിഷനുകൾ വിജയകരമായി നടത്തപ്പെട്ടിരിക്കുകയാണ്. വിവിധ കാർഷികോത്പന്നങ്ങളെ കേന്ദ്രീകരിച്ച് അവയുടെ സംസ്കരണവും മൂല്യവർദ്ധനവും പ്രധാന വിഷയങ്ങളാക്കി സംഘടിപ്പിക്കുന്ന ശില്പശാല കാർഷിക സംരംഭകരെ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഉത്പാദനത്തോടൊപ്പം മൂല്യവർദ്ധനവും, വിപണനവും

ശ്രദ്ധ നൽകികൊണ്ട് കർഷകരെയും യുവാക്കളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നവസംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും വൈഗ ലക്ഷ്യമിടുന്നു.

അതിരപ്പിള്ളി ട്രൈബൽ വാലി പദ്ധതി

അതിരപ്പിള്ളിയിലെ ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനും ജീവനോപാധികളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി സംസ്ഥാന കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അതിരപ്പിള്ളി ട്രൈബൽ വാലി അഗ്രിക്കൾച്ചറൽ പ്രോജക്ട്. വനാന്തരങ്ങളിൽ അധിവസിക്കുന്ന ആദിവാസി ജനതയുടെ കാർഷിക ഉത്പന്നങ്ങൾക്ക് 'PGS Organic Standards' ഉം 'Rainforest alliance standards' സർട്ടിഫിക്കേഷനും മെച്ചപ്പെട്ട വരുമാനവും ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. സർട്ടിഫിക്കേഷനോടു കൂടിയ ഉത്പന്നങ്ങൾ 'ATHIRAPPILLY' എന്ന ബ്രാൻഡിൽ അന്താരാഷ്ട്ര വിപണിയിലെത്തിക്കുവാനുള്ള പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു. പ്രാദേശിക വിപണിയിൽ ബ്രാൻഡഡ് ഉത്പന്നങ്ങൾ ഇതിനോടകം തന്നെ ഇറങ്ങിക്കഴിഞ്ഞു. കുരുമുളക്, ജാതി, ഏലം, മഞ്ഞൾ, കാപ്പി, മഞ്ഞക്കൂവ, കാട്ടുതേൻ തുടങ്ങിയ ഉത്പന്നങ്ങളാണ് പ്രധാനമായും ആദ്യഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഉത്പന്നങ്ങളുടെ വിപണനത്തിനായി അതിരപ്പള്ളി ട്രൈബൽ വാലി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കേരളാ പുനർ നിർമ്മാണ പദ്ധതി (Rebuild Kerala Initiative)

പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് കേരളസർക്കാർ ആസൂത്രണ - സാമ്പത്തിക കാര്യവകുപ്പിന് കീഴിൽ രൂപീകരിച്ചതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ്. ഇതിലൂടെ ഇനിയൊരു പ്രകൃതിക്ഷോഭത്തെ നേരിടാൻ വേണ്ട കരുത്ത് കാർഷിക കേരളത്തിന് നൽകുകയാണ് ഉദ്ദേശ്യം. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് 18 പദ്ധതികളാണ് രൂപീകരിച്ചത്. ഇതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെ 18 പദ്ധതികൾക്ക് 2020 - 21ൽ ആകെ 521.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 6 പദ്ധതികൾ പൂർത്തീകരിക്കുകയും 12 പദ്ധതികൾ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. നിലവിൽ തുടർന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. സംയോജിത കൃഷി ഫാം പരിപാലനം - സമഗ്രവികസനം - DAF നേരിയമംഗലം, എറണാകുളം.
2. ചെങ്ങന്നൂർ സമൃദ്ധി - തരിശു രഹിത ചെങ്ങന്നൂർ
3. കുട്ടനാട് നെൽകൃഷി ആവാസ വ്യവസ്ഥ - സുസ്ഥിരവികസനം
4. പാമ്പൂരിച്ചാൽ പാടശേഖരം, രാമമംഗലം പഞ്ചായത്ത് - അടിസ്ഥാന സൗകര്യ വികസനം
5. തൃശ്ശൂർ - പൊന്നാനി കോൾ പ്രദേശം - പ്രളയം - വരൾച്ച എന്നിവയെ തരണം ചെയ്യുവാനുള്ള അടിസ്ഥാന സൗകര്യ വികസനം
6. മണ്ണുത്തിയിലെ സംസ്ഥാന ബയോ കൺട്രോൾ ലബോറട്ടറി വിപുലീകരണം
7. പ്രളയം/ഉരുൾ പൊട്ടൽ ബാധിച്ച പ്രദേശങ്ങളുടെ പാരിസ്ഥിതിക പുനുരുദ്ധാരണം
8. യന്ത്രവല്ക്കരണം, നെല്വിത്തു സംരക്ഷണം, ജൈവവൈവിധ്യാധിഷ്ഠിത കൃഷി എന്നിവയിലൂടെ വടക്കൻ കേരളത്തിലെ ജൈവ നെല്ലറയായ കയ്പാട് കൃഷിയുടെ സമഗ്ര വികസനം
9. സുസ്ഥിര കൃഷി, മൂല്യവർധനം, വിപണനം വഴി, അതിരപ്പിള്ളി പഞ്ചായത്തിലെ, ആദിവാസി വിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതി
10. അട്ടപ്പാടി ആദിവാസി - സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി
11. കേരളത്തിലെ വിപണന ശൃംഖലയുടെ ശാക്തീകരണം

12. പച്ചക്കറികൾക്കും പുഷ്പവിളകൾക്കും വേണ്ടിയുള്ള മികവിന്റെ കേന്ദ്രം - അമ്പലവയൽ, വയനാട്.

ഒരു കോടി ഫലവൃക്ഷ തൈകളുടെ വിതരണം

സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്തുനിന്ന് കൊണ്ടുവന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്ന ഫലവർഗങ്ങളായ പ്ലാവ്, മാവ്, മാതളം, പാഷൻഫ്രൂട്ട്, ചാമ്പ ഇനങ്ങൾ, സപ്പോട്ട, ഓറഞ്ച്, പേരക്ക, മുരിങ്ങ, കറിവേപ്പ്, കുടംപുളി, എഗ്ഗ്ഫ്രൂട്ട്, റമ്പൂട്ടാൻ, മാംഗോസ്റ്റിൻ, പീനട്ട് ബട്ടർ, ജാമുൻ, അവക്കാഡോ, നാരക ഇനങ്ങൾ, ചതുരപ്പുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻപുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും പൊതുസ്ഥലങ്ങളിൽ വച്ച് പിടിപ്പിക്കുന്നതിനുമായുമായാണ് ഒരുകോടി ഫല വൃക്ഷതൈകളുടെ വിതരണം' എന്ന പദ്ധതിയിലൂടെ കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു കൊണ്ട് ജൈവവൈവിധ്യം സംരക്ഷിക്കുകയും അതിലൂടെ പാരിസ്ഥിതിക പുനസ്ഥാപനം സാധ്യമാക്കുകയും, സംസ്ഥാനത്ത് ഫലവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് ഫലവൃക്ഷത്തൈ വിതരണം പദ്ധതി കൊണ്ട് കാർഷികവികസന കർഷകക്ഷേമ വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്നത്.

മെച്ചപ്പെട്ട ഇനം ഗ്രാഫ്റ്റുകൾ, ലെയറുകൾ ബഡ് തൈകൾ, ടിഷ്യുകൾച്ചർ തൈകൾ, വാഴക്കന്നുകൾ എന്നിവയാണ് പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്.

കേരഗ്രാമം പദ്ധതി

കേരകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കേരഗ്രാമം. 100 ഹെക്ടർ പ്രദേശത്തെ തെങ്ങുകൃഷിയെ ഒരു യൂണിറ്റ് (കേരഗ്രാമം) ആയി തെരഞ്ഞെടുത്ത് തെങ്ങ് കൃഷി വികസനത്തിനായി ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉത്പാദനം, നിലവിലുള്ള തോട്ടങ്ങളിൽ തടംതുറക്കൽ വളപ്രയോഗം, ജലസേചനം, കീടരോഗനിയന്ത്രണം, തെങ്ങുകയറ്റ യന്ത്രം, പമ്പ്സെറ്റ്, സ്പ്രേയർ എന്നിവ സബ്സിഡിയോടുകൂടി വിതരണം തുടങ്ങി കേരോത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് വരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുതു തലമുറയ്ക്ക് വേണ്ടിയുള്ള കാർഷിക പദ്ധതികൾ

കാർഷിക രംഗത്തേക്ക് കടന്നു വരുന്ന പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ ആവശ്യമുള്ള ഘടകങ്ങളാണ്. ഇവയെ അടിസ്ഥാനമാക്കിയിട്ടുള്ള നിരവധി പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്.

- കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാൻ യുവ സംരംഭകർ അർഹരാണ്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയുമായും ബന്ധപ്പെട്ടും യുവ സംരംഭകർക്ക് പങ്കാളികളാകാവുന്നതാണ്.
- മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴിയും യുവ സംരംഭകർക്ക് കാർഷിക മേഖലയിൽ പങ്കാളികളാകാവുന്നതാണ്.

- വ്യക്തിഗത ഉപഭോക്താക്കൾക്ക് കാർഷികയന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ഇതനുസരിച്ചു ചെറുകിട നാമമാത്ര കർഷകർക്കും, പട്ടിക ജാതി പട്ടിക വർഗ്ഗ കർഷകർക്കും വനിതകൾക്കകും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനു 50 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം വരെയും, വിള സംസ്ക്കരണവുമായി ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർക്കും, പട്ടിക ജാതി, പട്ടിക വർഗ്ഗ കർഷകർക്കകും വനിതകൾക്കും 50 ശതമാനം മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 ശതമാനം മുതൽ 50 ശതമാനം വരെയും സബ്സിഡി ലഭ്യമാക്കുന്നു.
- തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, തുടങ്ങിയവക്ക് 10 ലക്ഷം വരെയുള്ള പ്രൊജക്ടുകൾക്കു പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു.
- വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ്പ് പരിപാടി നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്നതുമായ കൃഷി ഭവനുകളിൽ നിന്നും കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ നേരിട്ടിടപെടാനും, പഠിക്കുവാനും, പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്ക് വേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.
- വകുപ്പും കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള കണ്ണിയായി പ്രവർത്തിക്കാൻ 20 മുതൽ 50 വയസ്സു വരെയുള്ള യുവാക്കളെ കർഷകമിത്രങ്ങളായി നിയമിക്കുന്നത് സംസ്ഥാനത്ത് ഉൽപ്പാദന, വിപണന സംവിധാനം ശക്തിപ്പെടുത്താൻ സഹായിക്കും.
- 2020 - 21 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീല നങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷി ക്കാരുടെ കൃഷിയിടങ്ങളിൽ വെച്ചു തന്നെ നല്ല കൃഷി രീതികൾ പരിചയപ്പെടുതുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഓൺലൈൻ മുഖേന നടത്തുന്ന പരിശീലന പരിപാടികൾ എല്ലാ കർഷകർക്കും പ്രത്യേകിച്ച് യുവാക്കൾക്ക് കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളെക്കുറിച്ചും ഉള്ള അവബോധം സൃഷ്ടിക്കുവാൻ സഹായകരമാണ്.
- കൃഷി വക ുപ്പിന്റെ കീഴിലുള്ള 5 പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ വഴിയും (കഴക്കൂട്ടം, കോഴ, വൈറ്റില, പാലക്കാട്, കണ്ണൂർ) 2 കർഷക പരിശീലന കേന്ദ്രങ്ങൾ വഴിയും (പന്തളം, വേങ്ങേരി) കർഷ കർക്കകും യുവജനങ്ങൾക്കകും നൂതന കൃഷിരീതികളിൽ പരിശീലനം നല് കിവരുന്നു.

- കർഷകർക്ക് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ട സമയത്തും അളവിലും ഏകജാലകത്തിലൂടെ ലളിതമായ നടപടികളിലൂടെയും ബാങ്ക് വായ്പ പ്രദാനം ചെയ്യുന്ന പദ്ധതിയായ കിസാൻ ക്രഡിറ്റ് കാർഡ്പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി. എം. കിസാൻ)

ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം.കിസാൻ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2018, 19 സാമ്പത്തിക വർഷത്തിൽ 2018 ഡിസംബർ മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 100% പദ്ധതിവിഹിതവും കേന്ദ്ര വിഹിതമായി നല്കുന്നു. പി.എം.കിസാൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകരുടെ വാങ്ങൽ ശേഷി ഉയർത്തുന്നതിനും മെച്ചപ്പെട്ട കാർഷിക ഉത്പാദന ഉപാധികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനും വായ്പാ കെണികളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ലക്ഷ്യമിടുന്നു.

സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡിൽ 01-02-2019 തീയതിയിൽ കൃഷിഭൂമി കൈവശമുള്ള കുടുംബങ്ങൾക്ക് മറ്റ് നിബന്ധനകൾക്ക് വിധേയമായി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6000/- രൂപ നാലു മാസത്തിലൊരിക്കൽ മൂന്നു തുല്യ ഗഡുക്കളായി നൽകുന്നു. എന്നാൽ വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയുള്ള പട്ടിക വർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്.

കർഷകൻ അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടു ന്നതാണ് കുടുംബം. പി.എം.കിസാൻ പദ്ധതി തുടങ്ങിയ അവസരത്തിൽ ചെറുകിട നാമമാത്രകർഷ കുടും ബങ്ങൾക്ക് മാത്രമായി ഈ പദ്ധതി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ പദ്ധതിയുടെ ആനുകൂല്യം എല്ലാ കർഷകരിലേക്കും എത്തിക്കുന്നതിനായി കൃഷി ഭൂമിയുടെ ഉയർന്ന പരിധി ഒഴിവാക്കിയതായി പുതിയ ഉത്തരവ് ഇപ്പോൾ നിലവിലുണ്ട്.

കൃഷി ഭവനിലെ പ്രാഥമിക പരിശോധനയിൽ അർഹരാണെന്ന് കണ്ടെത്തുന്ന അപേക്ഷകൾ pmkisan. gov.in എന്ന ദേശീയ പോർട്ടലിലേക്ക് നേരിട്ട് എൻട്രി ചെയ്യുന്നു. അർഹരായ കൂടുതൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി നവംബർ 2019 മുതൽ കർഷകർക്ക് സ്വന്തമായോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ കോമൺ സർവീസ് സെന്റർ മുഖേനയോ ഓൺലൈൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം പോർട്ടലിൽ ലഭ്യമാണ്. ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ കൃഷി ഓഫീസർ പരിശോധിച്ച് അർഹമെങ്കിൽ അംഗീകാരം നൽകി ആനുകൂല്യത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിക്കാവുന്നതാണ്. പദ്ധതിയുടെ അവസാന തീയതി പ്രഖ്യാപിച്ചിട്ടില്ല. എപ്പോൾ വേണമെങ്കിലും അപേക്ഷ നൽകാവുന്നതാണ്. അപേക്ഷകൾ NIC, PFMS, ബാങ്ക് എന്നീ തലങ്ങളിൽ പലവിധ പരിശോധനകൾക്ക് വിധേയമാക്കപ്പെടും പരിശോധനകൾ വിജയകരമായി പൂർത്തിയാവുന്ന മുറക്ക്

അപേക്ഷകന് ഓരോ ഗഡു ആനുകൂല്യവും അനുവദിക്കപ്പെടും.

നിലവിൽ ദേശീയ തലത്തിൽ തന്നെ പി.എം.കിസാൻ പദ്ധതി ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കു ന്ന സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിൽ തന്നെയാണ് എന്നത് ഏറെ അഭിമാനകരമായ വസ്തുതയാണ്.

കേരള കർഷക ക്ഷേമനിധി ബോർഡ്

2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് പ്രകാരം സംസ്ഥാനത്തെ കാർഷിക-കാർഷിക അനുബന്ധ മേഖലയിൽ പ്രവർത്തിച്ച് ഉപജീവനം നടത്തുന്ന സർവരുടെയും ക്ഷേമ ഐശ്വര്യത്തിനായും യുവജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് സ്ഥാപിച്ചിട്ടുള്ളതാണ് കർഷക ക്ഷേമ നിധി ബോർഡ്. അംഗത്വമെടുത്ത് മുടക്കമില്ലാതെ അംശദായം ഒടുക്കുന്ന കർഷകന് പ്രതിമാസ പെൻഷൻ നൽകുന്നതിനും, കുടുംബ പെൻഷൻ, അനാരോഗ്യ അവശതാ പെൻഷൻ, കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ, ചികിത്സാ ധനസഹായം, അംഗങ്ങൾക്കും അവരുടെ പെൺമക്കൾക്കുമുള്ള വിവാഹ, പ്രസവ ആനുകൂല്യങ്ങൾ എന്നിവയും നൽകുന്ന ഒരു സമഗ്ര ക്ഷേമ പദ്ധതിയാണിത്. ബോർഡിലേക്കുള്ള അംഗത്വ അപേക്ഷകൾ ഓൺലൈനിലാണ് സ്വീകരിക്കുന്നത്. www.kfwfb.kerala.gov.in എന്ന വെബ്സൈറ്റ് ലിങ്ക് വഴി അംഗമായി ചേരാവുന്നതാണ്.

കർഷക പെൻഷൻ

60 വയസ്സ് പൂർത്തിയായ ചെറുകിട-നാമമാത്ര കർഷകർക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമ പെൻഷൻ പദ്ധതിയാണ് ഇത്. 60 വയസ്സ് പൂർത്തീകരിച്ച നെൽ കർഷകർക്കായി കിസാൻ അഭിമാൻ എന്ന പേരിൽ ആരംഭിച്ച പദ്ധതിയാണ് പിന്നീട് 60 വയസ് തികഞ്ഞ എല്ലാ കർഷകരെയും ഉൾപ്പെടുത്തി കർഷക പെൻഷൻ പദ്ധതിയായി പുനരാവിഷ്കരിച്ചത്. നിലവിൽ 1600/- രൂപയാണ് പ്രതിമാസ പെൻഷനായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി മുഖേന ലഭ്യമാക്കുന്നത്.

കൃഷി ഭവൻ വഴി ലഭിക്കുന്ന സേവനങ്ങൾ

സംസ്ഥാന സർക്കാർ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളിലൂടെ ഓരോ വിഭാഗം ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം കൃഷിവകുപ്പ് സംസ്ഥാനത്തെ കർഷകരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നു - തദ്വാരാ കാർഷിക ഉത്പാദനം, അതിനുള്ള ധനസഹായ പദ്ധതികൾ, വിപണി ഉറപ്പാക്കൽ/ഇടപെടൽ, ഉത്പന്നങ്ങളുടെയും ഉത്പാദനോപാധികളുടെയും ഗുണ നിലവാരനിയന്ത്രണം എന്നിവ ഉറപ്പാക്കുന്നു.

കൃഷിവകുപ്പ് കർഷകർക്കു നൽകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ശാസ്ത്രസാങ്കേതിക വിളപരിപാലന മുറകൾ കർഷകർക്ക് പകർന്നു നൽകുക.

2. വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികൾ അനുശാസിക്കുന്ന ധനസഹായം കർഷകർക്കു നൽകുക.
3. ഗുണമേന്മയുള്ള വിത്തുകൾ, തൈകൾ മറ്റു നടീൽ വസ്തുക്കൾ എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക.
4. പരിശീലനപരിപാടികൾ, സെമിനാറുകൾ, മേളകൾ എന്നിവയിലൂടെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
5. ദൃശ്യ/ശ്രവ്യ/അച്ചടി/സാമൂഹ്യമാദ്ധ്യമങ്ങളിലൂടെ സാങ്കേതിക വിജ്ഞാനം പകർന്നുനൽകുക.
6. സൗജന്യ മണ്ണുപരിശോധന നടത്തുക.
7. കർഷകരുടെ വിള ഇൻഷുറൻസ് ഉറപ്പാക്കുക.
8. വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉത്പാദനോപാധികളുടെ ഗുണനിലവാരനിയന്ത്രണം ഉറപ്പാക്കുക.
9. കെ.എസ്.ഇ.ബി, റവന്യൂ, ഗ്രൗണ്ട് വാട്ടർ വകുപ്പുകളുടെ സേവനം ലഭിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകുന്നു.
10. പ്രകൃതിക്ഷോഭ ദുരിതാശ്വവാസ ധനസഹായം നൽകുന്നു.
11. കീടരോഗ നിലവാര പരിശോധനയും പരിപാലനവും, വിള പരിപാലനവും.
12. വിപണി ഇടപെടൽ, മൂല്യവർദ്ധനവ് എന്നിവയിലൂടെ മെച്ചപ്പെട്ട വിപണനസൗകര്യം ഉറപ്പാക്കുക.
13. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കാർഷിക വായ്പ ലഭിക്കുന്നതിനുള്ള ഇടപെടൽ.
14. കർഷക അവാർഡ്, ആദരിക്കൽ എന്നിവയിലൂടെ കർഷകർക്ക് പ്രോത്സാഹനം നൽകൽ.
15. കർഷകരുടെ പരാതി/പ്രശ്ന പരിഹാരം
16. കാർഷിക യന്ത്രങ്ങൾ സ്ന്തമാക്കുന്നതിനും/ലഭ്യമാക്കുന്നതിനും യന്ത്രവൽകൃത കൃഷി നടപ്പാക്കുന്നതിനും സഹായിക്കുക.

എയിംസ് (AIMS) പോർട്ടൽ

അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്നതാണ് എയിംസിന്റെ പൂർണ്ണ രൂപം. കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതിപ്രകാരമുള്ള സേവനങ്ങൾക്ക് അപേക്ഷ നൽകുന്നതിനും ആനുകൂല്യം കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും, വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിയിപ്പുകൾ ലഭിക്കുവാൻ തുടങ്ങിയ കാര്യങ്ങൾക്ക് ഈ പോർട്ടൽ നിലവിൽ ഉപയോഗിക്കുന്നു. ഭാവിയിൽ കൃഷിവകുപ്പിന്റെ മുഴുവൻ സേവനങ്ങളും ഈ പോർട്ടൽ വഴി കർഷകരിലേക്ക് എത്തിക്കുവാനും കർഷകർക്കും പൊതുജനങ്ങൾക്കും സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും സുതാര്യമായും സമയബന്ധിതമായും വിതരണം ചെയ്യുവാനും ഈ പോർട്ടൽ സഹായകരമാണ്.

എയിംസ് (AIMS) എന്ന മൊബൈൽ ആപ്ലിക്കേഷനും കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ട്.

മൊബൈൽ ആപ്ലിക്കേഷൻ നിലവിൽ ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നനും മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. AIMSൽ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് വെബ് ബ്രൗസറിലെ അഡ്രസ് ബാറിൽ www.aims.kerala.gov.in എന്ന് ടൈപ്പ് ചെയ്യണം. ഇത് ഹോം പേജ് തുറക്കാൻ സഹായിക്കും. ഇതിനു ശേഷം, പോർട്ടലിന്റെ ഹോം പേജിൽ Farmers Login എന്ന മെനുവിൽ ക്ലിക് ചെയ്യണം. തുടർന്ന് രജിസ്ട്രേഷൻ പേജിലെ പുതിയ രജിസ്ട്രേഷൻ എന്ന ബട്ടൺ അമർത്തണം. നേരത്തെ തന്നെ രജിസ്ട്രേഷൻ ഐഡി, പാസ് വേർഡ് എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ അത് ഉപയോഗിച്ച് ലോഗിൻ ചെയ്യാം.

കർഷകർക്ക് തങ്ങളുടെ സ്ഥല വിവരങ്ങൾ, കൃഷി വിവരങ്ങൾ, വ്യക്തിഗത വിവരങ്ങൾ എന്നിവയിൽ, നിബന്ധനകൾക്ക് വിധേയമായി ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തുവാനുള്ള സൗകര്യവും ഈ പോർട്ടലിൽ ലഭ്യമാണ്.

രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞാൽ, AIMS പോർട്ടലിലെ സേവനങ്ങൾ (services) എന്ന ഭാഗത്തിൽ ലഭ്യമായിട്ടുള്ള പദ്ധതികൾ തെരഞ്ഞെടുത്ത് കർഷകർക്ക് കൃഷിഭവൻ സന്ദർശിക്കാത്ത തന്നെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷകളുടെ തൽസ്ഥിതി വിവരം അറിയുവാനുള്ള സൗകര്യവും ഉണ്ട്.

നിലവിൽ AIMS വെബ് പോർട്ടൽ വഴി കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ

- കർഷകർക്ക് വെബ് പോർട്ടലിൽ നേരിട്ട് രജിസ്റ്റർ ചെയ്യാം.
- പ്രകൃതിക്ഷോഭം മൂലം കൃഷി നാശം ഉണ്ടായാൽ നഷ്ടപരിഹാരത്തിനായി അപേക്ഷിക്കാം.
- വിള ഇൻഷുറൻസ് പദ്ധതിയിൽ പങ്കാളിയാകാൻ നേരിട്ട് അപേക്ഷ സമർപ്പിക്കാം.
- ഇൻഷർ ചെയ്ത വിളകൾക്ക് പ്രകൃതിക്ഷോഭം / വന്യജീവി ആക്രമണം നെൽ വയലുകളിലെ രോഗകീട ബാധ എന്നിവ മൂലം കൃഷി നാശം സംഭവിച്ചാൽ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാം

  (എയിംസ് പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ വഴി വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായവർക്ക് മാത്രമേ ഓൺലൈൻ സംവിധാനം വഴി നഷ്ടപരിഹാരത്തിനായി അപേക്ഷിക്കാൻ കഴിയൂ.)
- നെൽകൃഷിക്കുള്ള റോയൽറ്റി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാം.
- പച്ചക്കറികൾക്കും പഴങ്ങൾക്കുമുള്ള തറ വില (അടിസ്ഥാന വില) പദ്ധതിയിൽ അംഗമാകുവാൻ അപേക്ഷ സമർപ്പിക്കാം.
- പ്രകൃതിക്ഷോഭം നടന്ന വിവരം ഉടൻ കൃഷിഭവനെ അറിയിക്കാം.

  വിള ഇൻഷുറൻസ് പ്രീമിയം ഇ-പേയ്മെന്റ് ആയി അടയ്ക്കാം.

AIMS പോർട്ടലിന്റെ പുതിയ പതിപ്പായ AIMS 2.0 (www.aimnsew.kerala.gov.in) യിൽ കർഷകർക്കുള്ള കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

പോർട്ടൽ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് aimsagrikerala@gmail.com എന്ന ഇമെയിൽ വഴിയോ സമീപത്തെ കൃഷി ഭവനിലോ ബന്ധപ്പെടാം.

9. വ്യവസായ വകുപ്പിന്റെ പദ്ധതികളും സേവനങ്ങളും

മുഖ്യ ഓഫീസിന്റെ മേൽവിലാസം

വ്യവസായ വികസന ഓഫീസർ, പന്തളം ബ്ലോക്ക് പഞ്ചായത്ത്

ജയപ്രസാദ്.കെ

ഫോൺ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

വികാസ് ഭവൻ, തിരുവനന്തപുരം - 33

ഫോൺ : 0471 2302934

വെബ്സൈറ്റ് : www.dick.kerala.gov.in

ചെറുകിട വ്യവസായം

ചെറുകിട വ്യവസായം നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലാണ്. നമ്മുടെ രാജ്യത്തിന്റെ ദേശീയ വരുമാനത്തിന്റെ ഗണ്യമായ ഭാഗവും ലഭ്യമാക്കുന്നതിൽ ചെറുകിട വ്യവസായ മേഖലയ്ക്കുള്ള പങ്ക് മികവുറ്റതാണ്. സംരംഭകത്വ പ്രവർത്തനങ്ങളിലൂടെ സംരംഭകർ രാജ്യത്ത് തൊഴിലില്ലായ്മക്ക് പരിഹാരം കണ്ടെത്തുകയും രാജ്യത്തെ പൗരന്മാർക്ക് വരുമാനവർദ്ധനവും സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്തുന്നു. സംസ്ഥാനത്തെ സംരംഭക പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കുന്നത് വ്യവസായ വാണിജ്യ ഡയറക്റ്റോണ്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് കയർ ഡയറക്ടറേറ്റും, കൈത്തറി ഡയറക്ടറേറ്റും, പ്ലാന്റേഷൻ ഡിപ്പാർട്ട്മെന്റും,കോമൺ ഫെസിലിറ്റി സെന്റകളും പ്രവർത്തിച്ചുവരുന്നത്. സംരംഭകത്വ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സംരംഭകരുടെ അടിസ്ഥാന പ്രശ്നങ്ങളെ മനസ്സിലാക്കി പരിഹരിക്കുന്നതിനും സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ, ലോണുകൾ, സബ്സിഡികൾ, ക്ലിയറൻസുകൾ, സാങ്കേതിക പരിശീലനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ്. പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം കോഴഞ്ചേരിയിലാണ് സ്ഥിതി ചെയ്യുന്നത്. സംരംഭകരെ സഹായിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിൽ അടൂർ, പത്തനംതിട്ട,തിരുവല്ല എന്നിങ്ങനെ 3 താലൂക്ക് വ്യവസായ ഓഫീസുകളും ബ്ലോക്ക്തലത്തിലും മുൻസിപ്പാലിറ്റികളിലും സംരംഭകരെ സഹായിക്കുന്നതിനായി വ്യവസായവികസന ഓഫീസർമാരും ഉണ്ട്.

സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കഴിഞ്ഞ രണ്ടുവർഷം എന്റർപ്രണേഴ്സ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ താത്കാലികമായി നിയമിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിൽ കൂടി നടപ്പാക്കുന്ന ലോൺ പദ്ധതികൾ, പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയിമെന്റ് പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി.

1. PMEGP കേന്ദ്രാവിഷ്കൃത പദ്ധതി

ഉൽപ്പാദനമേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപവരെയും പരമാവധി പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾക്ക് ആവശ്യമായ ബാങ്ക് ലോൺ ലഭ്യമാക്കുകയും

അതുവഴി സംരംഭകർക്ക് 15% മുതൽ 35% വരെയും സബ്സിഡി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതി.

PMEGP പദ്ധതി പ്രകാരം നിലവിലുള്ള സംരംഭങ്ങൾക്ക് വിപുലീകരണത്തിന് ഉൽപ്പാദന മേഖലയിൽ 15 കോടി ബാങ്ക് വായ്പയും പരമാവധി 15% സബ്സിഡിയും ലഭ്യമാകുന്നു. സേവനമേഖലയിലെ നിലവിലുള്ള യൂണിറ്റുകൾക്ക് 3 കോടി രൂപ വരെ ബാങ്ക് വായ്പയായും 15% സബ്സിഡിയായും ലഭ്യമാക്കുന്നു.

2. നാനോ സംരംഭങ്ങൾക്ക് മാർജിൻ മണി ഗ്രാന്റ് പദ്ധതി

10 ലക്ഷം രൂപവരെ പദ്ധതിതുക വരുന്ന ഉൽപ്പാദന മേഖലയിലും സേവനമേഖലയിലും ആരംഭിക്കുന്ന പുതിയ നാനോ സംരംഭങ്ങൾക്ക് 3 ലക്ഷം രൂപ മുതൽ 4 ലക്ഷം രൂപവരെ മാർജിൻ മണിഗ്രാന്റ് ലഭ്യമാക്കുന്നു. ബാങ്ക് വായ്പാ പദ്ധതികൾക്ക് മാത്രമാണ് ഇത്തരം ധനസഹായം.

പ്രധാനമന്ത്രിയുടെ ചെറുകിട ഭക്ഷ്യസംസ്ക്കരണ സംരംഭങ്ങളുടെ രൂപവത്ക്കരണ പദ്ധതി

(PMFME) Prime Ministers Formalisation of Micro food processing enterprises.

പുതിയ ഭക്ഷ്യ ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾക്കും നിലവിൽ വിജയകരമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കാരണ സംരംഭങ്ങൾക്കും ബാങ്ക് സ്ഥിര ആസ്തികളുടെ രൂപീകരണത്തിനും പ്രവർത്തന മൂലധനത്തിനുമായി വായ്പ ലഭ്യമാക്കുന്നു. ബാങ്ക് വായ്പയായി ലഭ്യമാക്കുന്ന സംരംഭങ്ങൾക്ക് അവയുടെ മൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപവരെ സബ്സിഡിയായി അനുവദിക്കുന്നു. ബാങ്ക് ലഭ്യമാക്കുന്ന പ്രവർത്തന മൂലധന വായ്പയുടെ പലിശാ തിരിച്ചടവിന്റെ 6% സംരംഭകന്റെ വായ്പാ അക്കൗണ്ടിലേക്ക് OFOE സ്കീം വഴി തിരികെ നൽകുന്നു.

ഒരു കുടുംബം ഒരു പദ്ധതി

2022 ഏപ്രിൽ 1-ാം തീയതിക്ക് ശേഷം ആരംഭിച്ചിട്ടുള്ള ഉൽപ്പാദന, സേവന കച്ചവട സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ (പരമാവധി 10 ലക്ഷം) പലിശാ തിരിച്ചടവിന്റെ 6% പലിശ ഇളവായി സംരംഭകന് വായ്പാ അക്കൗണ്ടിൽ തിരികെ ലഭിക്കുന്നു. ഓരോ വീട്ടിലും മിനിമം 1 സംരംഭം വീതം തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി.

സംരംഭകത്വ സഹായ പദ്ധതി (Enterprenurs Supporting Scheme (ESS)

ഉൽപ്പാദന മേഖലയിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 25% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ സബ്സിഡി പുതുതായി ഉൽപ്പാദനം ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾക്കും, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നിവ നടത്തിയിട്ടുള്ള സംരംഭങ്ങൾക്കും ഈ സ്കീം പ്രകാരമുള്ള സബ്സിഡിക്ക് അർഹത. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 50 ശതമാനം പരമാവധി 3 ലക്ഷം രൂപ മുൻകൂർ സഹായം.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലാസ്സുകൾ

Enterprenurs Development Clubs

വിദ്യാർത്ഥികളുടെ ഇടയിൽ സംരംഭകത്വം വളർത്തുന്നതിനും വ്യവസായ മേഖലയുടെ വളർച്ചയെപ്പറ്റി തലമുറയെ ബോദ്ധ്യമുള്ളവരാകുന്നതിനുള്ള പദ്ധതി. മിനിമം 25 വിദ്യാർത്ഥികൾ മതി ഒരു വിദ്യാലയത്തിൽ ED ക്ലബ്ബ് രൂപീകരണത്തിന്. ഒരുവർഷം സംരംഭകത്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി പരമാവധി 20000/- രൂപ ധനസഹായം.

1. സംരംഭകത്വ പരിശീലനം
2. പ്രോജക്ട് റിപ്പോർട്ട്
3. വ്യവസായ പ്ലോട്ട്, ഷെഡ്ഡ്
4. സംരംഭം സഹായ പദ്ധതി എന്റർപ്രണർ (സപ്പോർട്ട് സ്കീം - ഇ.എസ്.എസ്.)
5. വിപണന സഹായങ്ങൾ
6. സൂക്ഷ്മ - ചെറുകിട വ്യവസായ ക്ലസ്റ്റർ വികസനപദ്ധതി
7. സംരംഭകർക്കുള്ള ഗൈഡൻസ് സെൽ
8. സംരംഭക വികസന ക്ലബ്ബുകൾ
9. വെബ്സൈറ്റ്
10. ഫെസിലിറ്റേഷൻ കൗൺസിൽ
11. വ്യവസായ കേരളം
12. കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ
13. മിനി ബിസിനസ് ഇൻകുബേഷൻ സെന്റർ
14. ഉദ്യോഗ് ആധാർ
15. വ്യവസായ മിത്ര : വ്യവസായ പുനരുദ്ധാരണ പദ്ധതി
16. എം.എസ്.എം.ഇ ഇൻഷ്വറൻസ് പദ്ധതി
17. ആഷ (എ.എസ്.എച്ച്.എ)
18. വിപണി കണ്ടെത്താൻ എസ്.എം.ഇ പോർട്ട്
19. നാനോ ഹൗസ് ഹോൾഡ് എന്റർപ്രൈസസ്
20. കൈത്തറി ചിത്രരചന മത്സരം
21. ഫാഷൻഷോ കൈത്തറി പ്രദർശനം
22. യുവവീവ്
23. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി
24. വീട്ടിൽ ഒരു കറി
25. പി.എം.ഇ.ജി.ബി പ്രൈമിനിസ്റ്റർ എംപ്ലോയിമെന്റ് ഗ്യാരണ്ടി പ്രോഗ്രാം
26. പതിനാല് വകുപ്പുകളിലെ ലൈസൻസുകൾക്ക് ഒരു റ്റ ഫ്ളാറ്റ് ഫോം.